പുസ്തകം ൪. ലക്കം ൧, ൨.

9837
N. 949

# സഹൃദയ

## ശ്രീചൈതന്യദേവനും "വഞ്ചിരാജ്യവും"

(പി. ശേഷാദ്രിഅയ്യർ ബി. ഏ. എം. എൽ.)

ലോകത്തിലെ ഭക്തിപ്രവത്ത്കന്മാരിൽ ശ്രീകൃഷ്ണചൈതന്യൻെറ സ്ഥാനം ഒട്ടും അപ്രധാനമല്ല. ശുഷ്കതക്കത്തിലും വാമാചാരതന്ത്രോപാസനയിലും മാത്രം കാലം കഴിച്ചിരുന്ന ബംഗാളിലെ ഭൂരിപക്ഷം ജനങ്ങളെ ശുദ്ധഭക്തിമാഗ്ഗത്തിലേക്കു നയിച്ചതു ശ്രീചൈതന്യദേവനത്രേ. ഏ. ഡി. ൧൪൮൬–ൽ അവതരിച്ച ഈ മഹാപ്രഭുവിൻെറ (ഇദ്ദേഹത്തെ വംഗീയർ ഇപ്രകാരമാണു വിളിക്കുന്നതു്.) പ്രഭാവം ഭാരതഭൂമിയിൽ സവ്വത്ര കാണുന്നുണ്ടു്. ഇതിനു് ഒരു പ്രധാനകാരണം ആറുവഷക്കാലം ഇദ്ദേഹം ഭാരതവഷത്തിൽ സഞ്ചരിച്ചു ഭക്തിപ്രചാരം നടത്തിയതുതന്നെ. ഈ പരിവ്രാജകാവസ്ഥയിൽ ശ്രീചൈതന്യൻ വഞ്ചിരാജ്യത്തെയും സന്ദശിച്ചിരുന്നുവെന്നതു നമുക്കു ചാരിതാത്ഥ്യജനകമാണല്ലോ. ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശ്രീചൈതന്യദേവന്റെ സമകാലീനനും മഹാഭക്തനും ആയ കൃഷ്ണദാസകവിരാജ് ഗോസ്വാമി "ചൈതന്യചരിതാമൃതം" എന്ന പേരിൽ ബംഗാളിഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. "ചൈതന്യചരിതാമൃതം" വൈഷ്ണവരുടെ ഏററവും പ്രധാനപ്പെട്ട പ്രമാണഗ്രന്ഥമായി ഗണിക്കപ്പെട്ടിരിക്കുന്നു. ശ്രീചൈതന്യദേവന്റെ വഞ്ചിരാജ്യസന്ദശനത്തെപ്പററി പ്രസ്തുത ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതിൻെറ ഒരു സാമാന്യരൂപം റാവുസാഹിബ്ബ് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ അവർകൾ * 'സഹൃദയ' മാസികയിൽ മുമ്പൊരുലക്കത്തിൽ

* See vol III issue

ഉപന്യസിച്ചിട്ടുണ്ട്. എന്നാൽ ചൈതന്യചരിതാമൃതത്തിൽ നിന്നുതന്നെ ഈ ഭാഗം ഉദ്ധരിച്ചു തർജ്ജമചെയ്തു പ്രസിദ്ധംചെയ്യുന്നതു സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ചൈതന്യദേവന്റെ സഞ്ചാരത്തെപ്പറ്റി ബംഗാളിയിലുള്ള വർണ്ണന ഇപ്രകാരമാണ്.

മലയപർവ്വതേകൈല അഗസ്ത്യവന്ദന
കന്യാകുമാരീതാംഹാകൈലദരശന
ആമലീതലാതേ രാമദേഖിഗൗരഹരി
മല്ലാരദേശേതേ ആ ഇലായാംഹാഭട്ടമാരി
തമാല കാർത്തികദേഖി ആ ഇലാവാ–
താപാണി
രഘുനാഥദേഖിതാം ഹാവഞ്ചിലാരജനീ
ഗോസാഞ്ജിരസംഗേരഹേ കൃഷ്ണദാസ–
ബ്രാഹ്മണ
ഭട്ടമാരിസഹതാംര ഹൈലദർശന
സ്ത്രീധനദേഖാ ഇയാ താംരലോഭജന്മാ
ഇല
ആര്യ്യസരളവിപ്രേര ബുധിനാശഹൈല
പ്രാതേ ഉഠി ആ ഇലാവിപ്രഭട്ടമാരിഘരേ
താഹാർ ഉദ്ദേശേപ്രഭു ആ ഇലാസത്വരേ
ആസിയാകഹേന സബഭട്ടമാരിഗണേ
ആമാർ ബ്രാഹ്മണതുമിരാഖകികാരണേ
തുമിഹസന്യാസിദേഖ ആമിഹസന്യാസി
ആമായദുഃഖദേഹതുമി ന്യായ ആമിവാസി
ശുനിസബഭട്ടമാരി ഉഠേ അസ്ത്രലഞ്ജാ
മാരിവാരേ ആ ഇസേസബചാരിദിഗേ–
ധാഞ്ജാ
താര അസ്ത്രതാര അംഗേപഡേഹാത–
ഹൈതേ
ഖണ്ഡഖണ്ഡഹൈലഭട്ടമാരിപലായചാ–
രിഭിതേ
ഭട്ടമാരി ഘരേമഹാ ഉഠിലക്രന്ദന
കേശേധരിവിപ്രലഞ്ജാകരിലാഗമന
സേ ഇദിനേചലി ആ ഇലാപയസ്വി–
നീതീരേ
സ്നാനകരിഗേലാ ആദികേശവമന്ദിരേ
കേശവ ദേഖിയാപ്രേമേ ആവിഷ്ടഹഇലാ
നതിസ്തുതി നൃത്യഗീത ബഹുതകരില
പ്രേമദേഖിലോകേരഹ ഇലമഹാചമ–
ൽകാര
സർവ്വലോകകൈലപ്രഭുരപരമസൽക്കാര
മഹാഭക്തഗണസഹതാം ഹാഗോഷ്ഠി–
ഹൈല
ബ്രഹ്മസംഹിതാധ്യായതാംഹാ ഇപാ
ഇല
പുംഥിപാഞ്ജാ പ്രഭുര ആനന്ദ അപാര
കമ്പ അശ്രുസ്വേദസ്തംഭപുളകവികാര
സിദ്ധാന്തശാസ്ത്രേനാഹി ബ്രഹ്മസം–
ഹിതാര സമ
ഗോവിന്ദമഹിമാജ്ഞാനേര പരമകാരണ
അല്പ അക്ഷരേകഹേസിദ്ധാന്ത അപാര
സകലവൈഷ്ണവശാസ്ത്രമദ്ധ്യേ അതിസാര
ബഹുയത്നേസേ ഇപുംഥിനിലലേഖാ
ഇഞ്ജാ
അനന്തപത്മനാഭ ആ ഇലാഹരിഷിത–
ഹഞ്ജാ
ദിനദൂ ഇപത്മനാഭേരകരിദരശന
ആനന്ദേദേഖിതേ ആ ഇലാശ്രീജനാർദ്ദന
ദിനദൂ ഇതാംഹാകരികീർത്തനനർത്തന."

[മദ്ധ്യലീല, നവമപരിച്ഛേദം.]

ശ്രീചൈതന്യൻ മലയപർവ്വതത്തിൽ ചെന്നു് അഗസ്ത്യനെ വന്ദിച്ചു. (രാമേശ്വരദർശനം കഴിഞ്ഞു് താമ്രവർണ്ണീതീരത്തിൽ കൂടിയാണ് അദ്ദേഹം ഇവിടെ വന്നതെന്നു് ഇതിനുമുമ്പിൽ പറഞ്ഞിരിക്കുന്നു.) അനന്തരം അദ്ദേഹം കന്യാകുമാരീദർശനംചെയ്തു. അതിനുശേഷം ആ

വലിതത്തിലുള്ള ശ്രീരാമദേവനെ ദശിച്ചു. ഭട്ടമാരികൾ എന്ന വഗ്ഗക്കാർ അധിവസിച്ചിരുന്ന മല്ലാരദേശത്തു് അദ്ദേഹം ചെന്നെത്തി. തമാലകാത്തികേയ ദശ്നാനന്തരം അദ്ദേഹം വാതാപാണി എന്ന സ്ഥലത്തു ചെന്നുചേൎന്നു. അവിടുത്തെ ശ്രീരഘുനാഥ മൂത്തിയെ ദശിച്ചു് ആ രാത്രി അവിടെ താമസിച്ചു.

ശ്രീചതന്യദേവനോടുകൂടി കൃഷ്ണദാസൻ എന്നു പേരുള്ള ഒരു ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹം ഭട്ടമാരികളുമായി കണ്ടുമുട്ടി. സ്ത്രീധനമോഹവലയിൽ അദ്ദേഹത്തെ അകപ്പെടുത്താൻ അവർ ശ്രമിക്കുകയും തന്മൂലം ആൎജ്ജവസരളനായ ആ വിപ്രന്റെ ബുദ്ധിനാശം ഭവിക്കുകയും ചെയ്തു. പിറേറ ദിവസം രാവിലെ കൃഷ്ണദാസൻ ഭട്ടമാരികളുടെ ഗൃഹത്തിൽ ചെന്നു. അദ്ദേഹത്തെ അന്വേഷിച്ചു ശ്രീചൈതന്യനും പുറകെ എത്തി. ഭട്ടമാരികളോടായി ശ്രീചൈതന്യദേവൻ ഇപ്രകാരം അരുളിച്ചെയ്തു. "എന്റെ ബ്രാഹ്മണനെ നിങ്ങൾ എന്തിനു കൈവശപ്പെടുത്തി വച്ചിരിക്കുന്നു. നിങ്ങളും സന്യാസിമാർ ഞാനും സന്യാസി: എന്നെ ദുഃഖിപ്പിക്കുന്നതു് ഉചിതമാണോ? ഞാൻ ന്യായത്തിനുവേണ്ടി നിലകൊള്ളുന്നു." ഇതു കേട്ടു് ഭട്ടമാരികൾ അസ്ത്രങ്ങൾ ഉപയോഗിച്ചു നാലുവശത്തു നിന്നും അദ്ദേഹത്തെ ഉപദ്രവിക്കാൻ മുതിൎന്നു. എന്നാൽ അവരുടെ അസ്ത്രങ്ങൾ നിലംപതിക്കയാണുണ്ടായതു്. ഇതു കണ്ടു് അവർ അവിടെ നിന്നും പലായനം ചെയ്തു. ഭട്ടമാരികളുടെ ഗൃഹത്തിൽ വലിയ മുറവിളി ഉണ്ടായി. അദ്ദേഹം വിപ്രനെ തലമുടിയിൽ പിടിച്ചു കൂട്ടിക്കൊണ്ടു പോന്നു.

അന്നേദിവസം തന്നെ ശ്രീചൈതന്യദേവൻ പയസ്വിനീതീരത്തിൽ (തിരുവട്ടാർ) എത്തി. സ്നാനാനന്തരം ആദികേശവക്ഷേത്രത്തിൽ ചെന്നു ശ്രീകേശവവിഗ്രഹം ദർശിച്ചു. അദ്ദേഹം പ്രേമാവിഷ്ടനായി. നമസ്കാരം, സ്തുതി, നൃത്തം, ഗാനം, എന്നിവ കൊണ്ടു് ദേവനെ ആരാധിച്ചു. ശ്രീചൈതന്യന്റെ ഈശ്വരപ്രേമം കണ്ടു തദ്ദേശവാസികൾ അത്യന്തം അത്ഭുതപ്പെട്ടു. എല്ലാവരും അദ്ദേഹത്തെ സമീപിച്ചു സാദരം വന്ദിച്ചു. ആ മഹാപ്രഭു അനവധി ഭക്തശിരോമണികളുമായി കഴിഞ്ഞു കൂടി. ഇവിടെ വച്ചാണു് അദ്ദേഹത്തിനു ബ്രഹ്മസംഹിതാദ്ധ്യായം ലഭിച്ചതു്. ഈ ഗ്രന്ഥം ലഭിച്ചതിൽ അദ്ദേഹത്തിനുണ്ടായ സന്തോഷം അപരിമിതമായിരുന്നു. കമ്പം, അശ്രു, സ്വേദം, സ്തംഭം, പുളകം, തുടങ്ങിയ സാത്വികവികാരങ്ങൾ അദ്ദേഹത്തിൽ പ്രത്യക്ഷപ്പെട്ടു. ബ്രഹ്മസംഹിതയ്ക്കു തുല്യമായ ഒരു ശാസ്ത്രഗ്രന്ഥം വേറെയില്ല. ശ്രീഗോവിന്ദന്റെ മഹിമ മനസ്സിലാക്കുന്നതിന് ഈ ഗ്രന്ഥം അത്യന്തം ഉപകരിക്കുന്നു. അല്പാക്ഷരത്തിൽ മഹത്ത് സിദ്ധാന്തത്തെ ഇതു വൎണ്ണിക്കുന്നു. വൈഷ്ണവശാസ്ത്രങ്ങളിൽവച്ചു് ഇതു സാരതമമായിട്ടുള്ളതാണു്. അതി ശ്രദ്ധയോടുകൂടി മഹാപ്രഭു ഈ ഗ്രന്ഥത്തിന്റെ ഒരു പ്രതി പകത്തിച്ചു വാങ്ങിക്കുകയും ചെയ്തു. അദ്ദേഹം ആനന്ദതുന്ദിലനായി അനന്തപത്മനാഭക്ഷേത്രത്തിൽ എത്തി രണ്ടു ദിവസം സ്വാമി ദർശനം നടത്തി. അവിടെനിന്നും സാനന്ദം ശ്രീജനാർദ്ദനത്തിൽ ചെന്നു. അവിടേയും രണ്ടുദിവസം കീത്തനനൃത്തനാദികൾ ചെയ്തു.

മേൽ ഉദ്ധരിച്ചഭാഗത്തിൽ പ്രേമശബ്ദം ഏതൎത്ഥത്തിലാണു് ഉപയോഗിച്ചിരിക്കുന്നതെന്നു് ചൈതന്യചരിതാമൃതത്തിൽ തന്നെ വിവരിച്ചിട്ടുള്ളതുകൊണ്ടു് അതു കൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

കാമവും പ്രേമവും ഭിന്നലക്ഷണങ്ങളോടു കൂടിയവയാണു്. ഇരുമ്പും സ്വൎണ്ണവും പോലെ അവ സ്വരൂപത്തിൽ തന്നെ വ്യത്യസ്തങ്ങളാണു്. തന്റെ ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താനുള്ള ആഗ്രഹമത്രേ കാമം. കൃഷ്ണനെ സൎവ്വപ്രകാരേണയും തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതു തന്നെയാണു് പ്രേമം. തനിക്കു സുഖം കിട്ടണം എന്നാണു് കാമി ആഗ്രഹിക്കുന്നതു്. കൃഷ്ണൻ സുഖമായിരിക്കണമെന്നുള്ള ആഗ്രഹമാണു് പ്രേമം. ലൗകികങ്ങളും വൈദികങ്ങളുമായ സകല ധൎമ്മങ്ങളേയും ത്യജിച്ചു് പ്രേമസമ്പൂൎണ്ണനായ ഭക്തൻ കൃഷ്ണനെ ഭജിക്കുന്നു. കൃഷ്ണസുഖത്തിനു തന്നെയാണു് പ്രേമം പ്രവൎത്തിപ്പിക്കുന്നതു്. ഇതാണു് പ്രേമത്തിന്റെ യഥാൎത്ഥ സ്വരൂപം. ശുദ്ധമായ വസ്ത്രത്തിൽ യാതൊരു മാലിന്യവുമില്ല. അതുപോലെയാണു് പ്രേമത്തിന്റെ അവസ്ഥ. അതിനാൽ കാമ പ്രേമങ്ങൾ തമ്മിൽ വളരെ വ്യത്യാസമുണ്ടു്. കാമം അന്ധതമസ്സും പ്രേമം നിൎമ്മലഭാസ്കരനും ആകുന്നു.

ബ്രഹ്മസംഹിത എന്ന ഒരുത്തമഗ്രന്ഥം വഞ്ചിരാജ്യത്തു നിന്നും ശ്രീചൈതന്യദേവൻ പകൎത്തി എടുത്തുകൊണ്ടുപോയി എന്നു് കൃഷ്ണദാസൻ സ്പഷ്ടമായിപ്പറഞ്ഞിരിക്കുന്നു. നേരേ മറിച്ചു് ചിലർ അഭിപ്രായപ്പെട്ടു കാണുന്നതുപോലെ ശ്രീകൃഷ്ണകൎണ്ണാമൃതം ചൈതന്യദേവനു കിട്ടിയതു കേരളത്തിൽ നിന്നല്ല. വില്വമംഗല വിരചിതമായ ശ്രീകൃഷ്ണകൎണ്ണാമൃതഗ്രന്ഥത്തെ മഹാരാഷ്ട്രഭക്തകേന്ദ്രമായ പാണ്ഡാരപുരത്തിനു സമീപമുള്ള കൃഷ്ണവേൺപം തീരത്തിലെ ഒരു ക്ഷേത്രത്തിൽ വച്ചു് ബ്രാഹ്മണർ പാരായണം ചെയ്യുന്നതു കേട്ടു് പകൎത്തി എടുത്തു എന്നു് ചൈതന്യചരിതാമൃതത്തിൽ പറഞ്ഞിരിക്കുന്നു.

തവേ മഹാപ്രഭു ആ ഇലാ കൃഷ്ണവേൺവാ-
തീരേ
നാനാതീൎത്ഥദേഖിതാഹാദേവതാമന്ദിരേ
ബ്രാഹ്മണസമാജസബ വൈഷ്ണവചരിത
വൈഷ്ണവസകലേ പഢെകൃഷ്ണകൎണ്ണാമൃത
കൎണ്ണാമൃതശുനിപ്രഭുര ആനന്ദഹ ഇല
ആഗ്രഹകരിയാ പുസ്ഥിലേഖാഇയാനില
കൎണ്ണാമൃതസമവസ്തുനാഹി ത്രിഭുവനേ
ജാഹാഹൈതേ ഹയശുദ്ധകൃഷ്ണപ്രേമ-
ജ്ഞാനേ
സൌന്ദൎയ്യമാധുൎയ്യേകൃഷ്ണ ലീലാര അവധി
സേജാനേജേ കൎണ്ണാമൃതപഢേനിരവധി
ബ്രഹ്മസംഹിതാ കൎണ്ണാമൃതദുഇപുസ്ഥി-
പാഞ്ജാ
മഹാരത്നപ്രായപാ ഇ ആ ഇലാസങ്ഗേ-
ലഞ്ജാ

എന്നാണു് ഈ ഭാഗം. ശ്രീകൃഷ്ണകൎണ്ണാമൃതശ്രവണത്തിൽ അദ്ദേഹം ആനന്ദഭരിതനായി. കൎണ്ണാമൃതത്തിനു തുല്യമായ മറ്റൊരു വസ്തു ഭുവനത്രയത്തിലും ഇല്ല. ശുദ്ധകൃഷ്ണപ്രേമത്തെ അറിയുന്നതിനു് ഈ ഗ്രന്ഥത്തിനു തുല്യമായി മറ്റൊന്നില്ല. ശ്രീകൃഷ്ണലീലയുടെ സൗന്ദൎയ്യവും മാധുൎയ്യവും മനസ്സിലാക്കണമെങ്കിൽ ശ്രീകൃഷ്ണകൎണ്ണാമൃതം പഠിക്കേണ്ടതാകുന്നു. ബ്രഹ്മ

PRESENTED BY: SRI M. K. VASUDEVAN NAIR.

# കവിയുടെ പുനർജ്ജന്മം

(എം. പി. അപ്പൻ, എം. എ; എൽ. ടി.)

പട്ടിണിയാൽ തളർന്നു, പതിവുപോൽ
പൊട്ടക്കുടിലിൽക്കിടക്കും കവീശ്വരൻ
ആകുലചിന്താഭരമകററാൻ തനി-
ക്കേകാവലംബമാംനിദ്രയെപ്പുൽകിനാൻ.
സംഭ്രമം പൂണ്ടവൻ ഞെട്ടുമാറന്നാളൊ-
രത്ഭുതമായ കിനാവു കണ്ടീടിനാൻ.
പൊന്നിൻ ചിറകുകളാർന്നൊരു താരകം
വിണ്ണിൽ നിന്നെത്തുന്നപോലതി-
ഭംഗിയിൽ
ദേവദൂതനൊരാൾ വന്നിറങ്ങി, നറും-
തൂവെള്ളിനൂലൊത്തതിങ്കൾക്കതിർ വഴി.
സ്വർഗ്ഗീയസന്ദേശവാഹകനീവിധം
സ്വപ്നസ്ഥനാകും കവീന്ദ്രനോടോതി-
നാൻ:—
"ഹേ, കവേ! നിന്നന്ത്യവേളയായ്,-
നാളെ നീ
ലോകത്തു വേറൊരാളായിജ്ജനിച്ചിട്ടും
കാണുന്നതുണ്ടിരുമാർഗ്ഗം പുനർജനി
പൂണുവാനുള്ള നിൻ മുമ്പിൽ സ്ഫുടാഭമായ്
ഒന്നു, പൂമ്പട്ടു വിരിച്ചു സകലരും
വന്നെതിരേൽക്കുന്ന കാമ്യസരണിയാം;
മാനസഹാരിയാമാവഴി പോവുകിൽ
മാളികയിങ്കൽ ജനിക്കാം നിനക്കയേ!
കാഞ്ചനക്കുന്നിനാൽ കൺകുളിപ്പിച്ചിടാം
കാമിനീവൃന്ദതാരുണ്യം പുണർന്നിടാം.
ധാടിപൂണ്ടേവനമാജ്ഞകൾ നൽകിടാം
മോടിയിലങ്ങനെ വാണിടാം ഭൂമിയിൽ.
കണ്ടകാകീർണ്ണമായ് ദുർഘടദുർഗ്ഗമായ്
രണ്ടാമതുള്ള പന്ഥാവു ധരിക്കനീ.
യാതൊരാളും തെല്ലുമിഷ്ടപ്പെടാത്തൊരാ-
പ്പാതയിലൂടെ നടന്നുചെന്നീടുകിൽ,
ചെററക്കുടിലിനകത്തു ജനിച്ചിടാം
പട്ടിണിയാർന്നഘോരാത്രമുഴന്നിടാം.
ഇച്ഛയേതാണിവയിൽ, പറഞ്ഞീടു നീ,
സ്വച്ഛന്ദമൊന്നുതിരഞ്ഞെടുക്കാം കവേ!
ദേവദൂതൻെറ സന്ദേശം ശ്രവിച്ചുട-
നാ വശ്യവാക്കാം കവീശ്വരനോതിനാൻ:-
"വന്ദനം! ദേവ! നിരാശയിൽ വീണുതാ-
ണെന്നുമെനിക്കിണ്ടു ദുഃഖമാണെങ്കിലും
അന്തരംഗം മേ പിടയുന്നു ഹന്ത!യീ
സുന്ദരലോകം പിരിഞ്ഞുപോകുന്നതിൽ.
സ്വാതന്ത്ര്യമെന്നും ശ്വസിച്ചു വിശ്വ-
ത്തിൻെറ
സൗന്ദര്യ സാരാമൃതം നുകർന്നെപ്പൊഴും
ഗാനങ്ങൾ പാടി രസിക്കുവാനല്ലാതെ

---

സംഹിതയും ശ്രീകൃഷ്ണകർണ്ണാമൃതവും ഉത്തര ഇൻഡ്യയിൽ വിശേഷിച്ചു വംഗദേശത്തിൽ പ്രചരിപ്പിച്ചതു് ശ്രീചൈതന്യദേവൻതന്നെ ആയിരുന്നു.

ഇപ്പോഴും ഈ രണ്ടുഗ്രന്ഥങ്ങളും അവയുടെ തർജ്ജമ, വ്യാഖ്യാനം മുതലായവയും ബംഗാളിൽ വളരെ പ്രചാരത്തിലിരിക്കുന്നു എന്നുള്ള സംഗതിയും പ്രത്യേകം പ്രസ്താവ്യമാണു്.

# രാജാറാംമോഹൻറായ്.

(S. B. K. Wariar B. A.)

റാംമോഹൻറായി കിഴക്കെ ബംഗാളിൽ രാധാനഗരം എന്നു പേരുള്ള ഗ്രാമത്തിൽ ഏ. ഡി. ൧൭൭൨-ാമാണ്ടു ജനിച്ചു. അദ്ദേഹത്തിൻെറ പിതാവായ രമാകാന്തൻ ആദ്യം മൂർഷദാബാദ് നവാബിൻെറ കീഴിൽ ഒരു ജമീന്ദാരായും, പിന്നീട് ബർദ്വാൻ (വർദ്ധമാന) മഹാരാജാവിൻെറ കീഴിലും, ഉദ്യോഗം വഹിച്ചിരുന്നു. രമാകാന്തൻ സനാതനിയും യാഥാസ്ഥിതികനുമായ ഒരുത്തമ ബ്രാഹ്മണനായിരുന്നതിനാൽ അദ്ദേഹത്തെ സ്വദേശത്തുള്ളവരും സമീപപ്രദേശത്തുള്ളവരും ഒരുപോലെ ബഹുമാനിച്ചിരുന്നു. സ്വഭാവവൈശിഷ്ട്യവും ഈശ്വരവിശ്വാസവും നിറഞ്ഞ ഒരു വനിതയായിരുന്നു റാംമോഹൻറായിയുടെ മാതാവ്. അവർ ധാരണീദേവി എന്നും ഫൂൽതാക്കൂറാണി എന്നും ഉള്ള നാമങ്ങളാൽ അറിയപ്പെട്ടിരുന്നു.

## വിദ്യാഭ്യാസം

ചെറുപ്പത്തിൽ തന്നെ റാംമോഹൻ 'പാട്ഷാല' എന്ന ഗ്രാമത്തിൽ വച്ച് ബംഗാളിഭാഷ അഭ്യസിച്ചു. അന്നത്തെ കാലത്തെ രാജഭാഷ പേർസ്യനായിരുന്നതിനാൽ പിതാവു പുത്രനെ പേർസ്യൻ ഭാഷ പഠിപ്പിച്ചു. രമാകാന്തനെപ്പോലെ തന്നെ പുത്രനും ഒരു ഗവണ്മെൻറ് ഉദ്യോഗസ്ഥനായിത്തീരണമെന്നായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. ഒൻപതു വയസ്സായപ്പോൾ റാംമോഹൻ പേർസ്യൻ ഭാഷയിൽ സാമാന്യമായ പാണ്ഡിത്യം സമ്പാദിച്ചു കഴിഞ്ഞതിനാൽ രമാകാന്തൻ മകനെ പട്നായിൽ അയച്ച് അറബിഭാഷകൂടി അഭ്യസിപ്പിച്ചു. ഗ്രീസിലെ തത്വചിന്തകരായ അരിസ്റ്റോട്ടിൽ യൂക്ലിഡ്, എന്നീ മഹാന്മാരുടെ ഗ്രന്ഥങ്ങൾ അറബിഭാഷയിൽ തർജ്ജമചെയ്തി

---

ഞാനൊന്നു മാശിപ്പതില്ലൊരു കാലവും.
ചെങ്കോലെടുക്കേണ്ട, രക്തമൊഴുക്കേണ്ട
തങ്കനാണ്യം കണ്ടു കൺകുളിക്കേണ്ട മേ.
ചെററക്കുടിലിനാൽ തൃപ്തനാം ഞാ,നെൻെറ
മുററത്തു സാഹിത്യനൃത്തം തുടരുകിൽ."
മിന്നലെന്നോണം മറഞ്ഞു കവിയുടെ
മുന്നിൽ നിന്നീടിന ദേവദൂതനുടൻ.

പിറേറന്നു കണ്ണു തുറന്നു കവിയൊരു
വിശേഷോത്തര കവനം വിരചിക്കയായ്.
നാലഞ്ചു നാൾകൊണ്ടയാളക്കവിതയാൽ
നാലായിരംപവൻ നേടിയതൊക്കയും
ആനന്ദപൂർണ്ണനാ,യാർദ്രഹൃദന്തനായ്
ദീനരാം നാനാ ജനത്തിനു നൽകിനാൻ-
പട്ടിണിക്കാരനായ് വീണ്ടും വസിച്ചിത-
പ്പൊട്ടക്കുടിലിനകത്തു കവീശ്വരൻ.

ട്ടുള്ളതിനെ അദ്ദേഹം വായിച്ചു പഠിച്ചു. പതിന്നാലാമത്തെ വയസ്സിൽ അദ്ദേഹം സംസ്കൃതപണ്ഡിതന്മാരുടെ ആവാസകേന്ദ്രമായ കാശിയിൽ ചെന്നു് സംസ്കൃതം പഠിച്ചു തുടങ്ങി. പുസ്തകങ്ങൾ വായിക്കുന്നതിലും പഠിക്കുന്നതിലും അതീവ തല്പരനായിരുന്നതിനാൽ രണ്ടുവർഷക്കാലത്തിനിടയ്ക്കു് റാംമോഹൻ വേദവും ഉപനിഷത്തുകളും പഠിക്കുകയും അവയിൽ അന്തർഭവിച്ചിരുന്ന അദ്വൈതസിദ്ധാന്തം നല്ലവണ്ണം ഗ്രഹിക്കുകയും ചെയ്തു. ഇപ്രകാരം പതിനേഴാമത്തെ വയസ്സു തികയുന്നതിനു മുമ്പു് റാംമോഹൻ ഈ നാലു ഭാഷകളിലും നൈപുണ്യം സമ്പാദിച്ചു.

വിദ്യാർത്ഥിയായിരുന്ന കാലത്തു റാംമോഹൻ ഒരു നല്ല വിമർശകനും കൂടിയായിരുന്നതിനാൽ ദുർഗ്രഹമായിരുന്ന പല വാദമുഖങ്ങളും അദ്ദേഹത്തിന്നു് അഭിമുഖീകരിക്കുവാൻ കഴിഞ്ഞു. അതതു ഭാഷകളിൽ പ്രസിദ്ധീകൃതമായിരുന്ന വിവിധമതഗ്രന്ഥങ്ങൾ നല്ലപോലെ ചർച്ച ചെയ്തു പഠിക്കുകയും അവയിലെ അദ്ധ്യാത്മതത്ത്വങ്ങളുമായി അദ്ദേഹം പരിചയപ്പെടുകയും ചെയ്തു. അന്നു പ്രചാരത്തിലിരുന്ന വിവിധമതങ്ങളുടെ തത്ത്വങ്ങൾക്കും അവയെ അനുഷ്ഠിച്ചു വന്ന രീതിയ്ക്കും തമ്മിൽ മൗലികമായ വ്യത്യാസങ്ങൾ ഉണ്ടെന്നു് അദ്ദേഹം കണ്ടു. സ്വഗൃഹത്തിൽ വന്നതോടുകൂടി വേദങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരുന്ന തത്ത്വങ്ങൾക്കു വിരുദ്ധമായി ഹിന്ദുമതാനുയായികൾ വിഗ്രഹാരാധനയും മററും ചെയ്തുവന്നിരുന്നതിനെപ്പററി കഠിനമായി പ്രതിഷേധിച്ചു പെർസ്യൻ ഭാഷയിൽ 'തുഹ്ഫാറവുൾ മുവ്വാഹിദ്ദിൻ (tuhfatul Muwahhiddin) എന്ന ഒരു ചെറിയ പുസ്തകം എഴുതി പ്രസിദ്ധം ചെയ്തു. ഈ പ്രവൃത്തിമൂലം പിതാവായ രമാകാന്തനു് അസുഖവും വേദനയും ഉണ്ടായി. അച്ഛനും മകനും തമ്മിൽ സ്വൈരമില്ലാതാകുകയും അച്ഛന്റെ അഭിപ്രായങ്ങൾക്കനുകൂലമായി പുത്രൻ പ്രവർത്തിക്കുകയില്ലെന്നു കണ്ടപ്പോൾ റാംമോഹൻ സ്വഗൃഹത്തിൽ നിന്നും ബഹിഷ്കരിക്കപ്പെടുകയും ചെയ്തു.

### ടിബററു് സന്ദർശനം

പിതാവിന്റെ കോപാഗ്നിക്കിരയായതിൽ റാംമോഹൻറായിക്കു കുണ്ഠിതം അശേഷമില്ലായിരുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ യാഥാർത്ഥ്യത്തെപ്പററി അദ്ദേഹത്തിനു ദൃഢബോധമുണ്ടായിരുന്നു. ഈ അവസരം ദുരുപയോഗപ്പെടുത്തരുതെന്നു കരുതി അദ്ദേഹം ദേശസഞ്ചാരം ചെയ്യുവാൻ തീർച്ചയാക്കി. നാലുകൊല്ലത്തോളം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സഞ്ചാരത്തിനിടയിൽ അദ്ദേഹം അനവധി ദേശങ്ങൾ സന്ദർശിക്കുകയും ഹിമാലയൻപർവ്വതനിരകൾ കടന്നു ടിബററുരാജ്യത്തിൽ ചെന്നു് ബുദ്ധമതാരാധകന്മാരായ ലാമാക്കളുടെ അടുക്കൽ നിന്നും ബുദ്ധമതതത്ത്വങ്ങൾ പഠിച്ചുകൊണ്ടു രണ്ടുകൊല്ലം താമസിക്കയും ചെയ്തു. റാംമോഹൽ സ്വാഭിപ്രായം തുറന്നുപറയുന്നതിൽ തീരെമടിക്കാത്തവനായിരുന്നതിനാൽ അദ്ദേഹത്തിനു് അവരുമായി പിണങ്ങേണ്ടിവന്നു. അവർ റാംമോഹനനെ കഠിനമായി ഉപദ്രവിക്കുന്നതിനു ഗൂഢമായി ആലോചിച്ചുറച്ചു. ഒടുവിൽ അദ്ദേഹത്തെ അവിടെ വച്ചു വധിച്ചുകളയുമെന്ന നിലവരെയായി. ദൈവാനുഗ്രഹത്താൽ, ഈ ഗൂഢശ്രമങ്ങ

ളെപ്പററി ചില ദയാശീലരായ യുവതികളിൽ നിന്നു് അദ്ദേഹത്തിനറിവുകിട്ടി. തൻെറ അദ്വൈതവാദത്തിനും ലാമാക്കൾ അനുഷ്ഠിച്ചു വന്നിരുന്ന ബുദ്ധമതത്തിനും തമ്മിൽ യാതൊരു പൊരുത്തവുമില്ലെന്നു കണ്ടു് അദ്ദേഹം അത്യാപത്തിൽ നിന്നും രക്ഷപ്പെട്ടു് ഇൻഡ്യയിലേക്കു മടങ്ങിവന്നു.

## വിവാഹം

പുത്രൻ എത്ര തന്നെ അവിവേകിയായാലും പിതാവിനു ക്ഷമിക്കാതെ നിവൃത്തിയില്ലല്ലോ. റാംമോഹനനോടു താൻ പ്രവൎത്തിച്ചതു സാഹസമായിപ്പോയി എന്നുള്ള വിചാരം രമാകാന്തനുണ്ടായി. മകനെ നിർദ്ദാക്ഷിണ്യം ബഹിഷ്കരിച്ചതിൽ ആ സാധു പശ്ചാത്തപിച്ചു. അദ്ദേഹത്തെ അന്വേഷിച്ചു രമാകാന്തൻ നാലു വഴിക്കും ആളുകളെ അയച്ചു. ഒരു ദിവസം പുത്രവിയോഗത്തെപ്പററി ചിന്തിച്ചു ദുഃഖിച്ചുകൊണ്ടിരുന്നപ്പോൾ റാംമോഹനനെ അന്വേഷിച്ചു പുറപ്പെട്ടിരുന്നവരിൽ ചിലർ മടങ്ങിവന്നു പുത്രനെ കണ്ടുപിടിച്ചുവെന്നും അവരോടൊന്നിച്ചു വന്നിട്ടുണ്ടെന്നും ഉള്ള സന്തോഷ വൎത്തമാനം രമാകാന്തനെ അറിയിച്ചു. റാംമോഹനനെ കണ്ട മാത്രയിൽ മതിമറന്നു രമാകാന്തൻ ഓടി അടുത്തുചെന്നു ഗാഢമായി ആശ്ലേഷിച്ചു. മകനെ സന്തോഷസമന്വിതം അദ്ദേഹം സ്വീകരിച്ചു. ഇതുപോലെയുള്ള സന്ദർഭങ്ങൾ മേലാലെങ്കിലും ഉണ്ടാകാതിരിക്കുവാൻ വേണ്ടി പുത്രനെ വിവാഹം ചെയ്യിപ്പിക്കുവാൻ രമാകാന്തൻ തീൎച്ചയാക്കി. അധികം താമസിയാതെ ജാത്യാചാരമനുസരിച്ചു റാംമോഹനൻെറ വിവാഹം സമംഗളം നടത്തി. ഗൃഹസ്ഥാശ്രമിയായി കഴിഞ്ഞകാലവും അദ്ദേഹം വ്യൎത്ഥമാക്കിയില്ല. അതിനിടയിൽ അദ്ദേഹം ഹീബ്രു, ഗ്രീക്കു്, ലത്തീൻ എന്നീഭാഷകളും കൂടി അഭ്യസിച്ചു.

## സതി.

ഹിന്ദുമതശാസ്ത്രോക്തമായ തത്ത്വങ്ങൾ ആചരിക്കുന്നതിൽ റാംമോഹൻ വലിയ വൈകല്യം കണ്ടതു വിഗ്രഹാരാധനയിലും സതി അനുഷ്ഠിക്കുന്നതിലുമായിരുന്നു. വൈദികപണ്ഡിതന്മാരുമായി ഈ രണ്ടു വിഷയങ്ങളെപ്പററിയും അദ്ദേഹം വളരെ വാദങ്ങൾ നടത്തീട്ടുണ്ടു്. ഇതിനിടയിൽ അദ്ദേഹത്തിൻെറ അനുഭവത്തിൽപ്പെട്ട ഒരു സംഭവംമൂലം അദ്ദേഹത്തിനു യാഥാസ്ഥികലോകവുമായി എന്നെന്നേക്കുമായി അകലേണ്ടിവന്നു; മാത്രമല്ല, അവരോടു് അദ്ദേഹത്തിനുള്ള അവജ്ഞ ശതഗുണീഭവിക്കയും ചെയ്തു. റാംമോഹനനു് ജഗൻമോഹൻ എന്നുപേരുള്ള ഒരു ജ്യേഷ്ഠസഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അകാലവിയോഗത്തിൽ റാംമോഹൻ വളരെ ദുഃഖിച്ചു. കൂനിന്മേൽ കുരുവെന്നു പറഞ്ഞകൂട്ടത്തിൽ ഈ ദുഃഖത്തോടുചേൎന്നു മറെറാരു ദാരുണമായ കൃത്യം കൂടി അദ്ദേഹത്തിനു കാണേണ്ടിവന്നു. ജഗൻമോഹനൻെറ ചിതയിൽകൂടി ചാടി മരിക്കുവാൻ അദ്ദേഹത്തിൻെറ ഭാൎയ്യയോടു പുരോഹിതന്മാർ ആവശ്യപ്പെട്ടു. അവൾ സതി ആചരിക്കുവാൻ മടിച്ചു. ആ സാധു സ്ത്രീരത്നത്തെ, അവളുടെ ദയനീയ രോദനങ്ങളെ അശേഷം ഗണ്യമാക്കാതെ, അവർ ബന്ധിച്ചു അവളുടെ ഭൎത്താവിന്റെ ചിതയിൽ വലിച്ചിട്ടു ജീവനോടെ ദഹിപ്പിക്കുന്നതു റാംമോഹൻ കണ്ടു. റാംമോഹനൻെറ ഹൃദയം തകൎന്നുപോയി. രണ്ടു കൈകൊണ്ടും കണ്ണുകൾ പൊത്തി അദ്ദേഹം വാവിട്ടു നിലവിളിച്ചു. തൽകാ

ലം ഇതല്ലാതെ മററൊന്നും തന്നെ ചെയ്യുവാൻ അദ്ദേഹത്തിന്ന നിവൃത്തിയില്ലായിരുന്നു. വീട്ടിൽ മടങ്ങി വന്നപ്പോൾ ഈ പൈശാചിക സംഭവത്തെക്കുറിച്ച് അച്ഛനോടു സംസാരിച്ചു. അവർതമ്മിലുണ്ടായ യോജിപ്പിന് ഈ സംഭാഷണം മൂലം വീണ്ടും ഭംഗംവന്നു. നിഷ്കരുണമായ ഈ മാതിരിപ്രവൃത്തികളിൽ താൻ ഇനിമേലാൽ ഭാഗഭാക്കാകുകയില്ലെന്ന ശഠിച്ചുകൊണ്ടു റാംമോഹൻ പുറത്തിറങ്ങി. സകുടുംബം റാംമോഹൻ രണ്ടാമതും ബഹിഷ്കരിക്കപ്പെട്ടു. രണ്ടാമത്തെ ബഹിഷ്കരണത്തിനുശേഷം റാംമോഹൻ പിതാവിനെ കണ്ടിട്ടില്ല. അധികകാലം കഴിയുന്നതിന്ന മുമ്പു റാംമോഹൻെറ പിതാവു കാലഗതിയെ പ്രാപിച്ചു.

## ഔദ്യോഗിക ജീവിതം

റാംമോഹൻ റായിക്ക് ഈസ്റ്റ്ഇൻഡ്യാ കമ്പനിയിലെ ഒരുദ്യോഗസ്ഥനായിരുന്ന രങ്കപുരം കളക്ടർ മി: ഡിഗ്ബിയുടെ കീഴിൽ സ്വല്പ ശമ്പളത്തിൽ ഒരുദ്യോഗം ലഭിച്ചു. ആ കൊല്ലത്തിൽതന്നെ അദ്ദേഹത്തിനു ഒരു പുത്രൻ ജനിച്ചു. പ്രഥമ സന്താനമായതിനാൽ റാംമോഹൻ ആ കുഞ്ഞിനെ രാധാപ്രസാദ് എന്നു നാമകരണം ചെയ്തു. ഏതുദ്യോഗത്തിലാണ് റാംമോഹൻറായി കമ്പനിയിൽ പ്രവേശിച്ചതെന്ന് അറിവാൻ നിവൃത്തിയില്ല. എന്നാൽ പത്തു കൊല്ലത്തോളം താഴ്ന്ന ശമ്പളത്തിൽ ഒരു ക്ലാർക്കായി അദ്ദേഹം ജോലി നോക്കിയെന്നും അതിനിടയിൽ അദ്ദേഹം രാമഗുഢത്തിലും ഭഗത്പുരിയിലും നിയമിക്കപ്പെട്ടിരുന്നുവെന്നും തെളിവുകളുണ്ടു്. കളക്ടരായിരുന്ന മി: ഡിഗ്ബിയുടെ മുൻഷി ഉദ്യോഗം കൂടി അദ്ദേഹത്തിന്നുണ്ടായിരുന്നു. ഉദ്യോഗത്തിനിടയിൽ ഇംഗ്ലീഷ് ഭാഷയും നല്ലവണ്ണം പഠിക്കുന്നതിനു അദ്ദേഹത്തിനു സാധിച്ചു. ശരിയായ കൃത്യബോധവും കാര്യശേഷിയും അതോടുകൂടി നല്ലബുദ്ധിശക്തിയും സാമാന്യമായ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും ഉണ്ടായിരുന്നതിനാൽ റാംമോഹന റായിക്ക് അടിക്കടി ഉദ്യോഗക്കയററം കിട്ടിക്കൊണ്ടിരുന്നു. ൧൮൦൯-ൽ ഒട്ടവിലത്തെ രണ്ടു മൂന്നു മാസക്കാലം ശിരസ്തദാരായിരുന്നതിനു ശേഷം, റാംമോഹൻ റായി ൧൮൦൯ ഡിസംബർ മാസം ൩൧-ാനു- രംഗപുരം ദിവാനായി നിയമിക്കപ്പെട്ടു. അക്കാലത്തെ സ്ഥിതിക്കു കമ്പനിയുടെ കീഴിൽ ഒരു ഭാരതീയനു ലഭിക്കുമായിരുന്ന ഏററവും വലിയ ഉദ്യോഗം ഇതായിരുന്നു. നിസ്വാർത്ഥമായ സേവനത്തിൻേറയും ജോലിയിൽ അദ്ദേഹം കാണിച്ചുവന്നിരുന്ന ശുഷ്കാന്തിയുടെയും ഫലമായിട്ടാണ് മി: ഡിഗ്ബി അദ്ദേഹത്തെ ദിവാനായി നിയമിച്ചതെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദിവാനായിരുന്നപ്പോൾ റാംമോഹൻ റായിക്കു നൂററിഅമ്പതുരൂപാ ശമ്പളമുണ്ടായിരുന്നു. ൧൮൧൧ മാർച്ചു മാസം അവസാനത്തിൽഅദ്ദേഹത്തിൻെറ ഉദ്യോഗകാലാവധി തീർന്നു. റാംമോഹൻറായിക്ക് ഈ ഉദ്യോഗം പെട്ടെന്നു നൽകപ്പെട്ടുവെന്നുള്ള കാരണത്താൽ മി: ഡിഗ്ബിയാൽ ചെയ്യപ്പെട്ട ഈ നിയമനത്തെ കമ്പനിയുടെ ഭരണസമിതി അനുവദിക്കാതിരുന്നതിനാലാണ് അദ്ദേഹത്തിനു ദിവാൻ ഉദ്യോഗം ഒഴിയേണ്ടിവന്നതെന്നും പറയപ്പെടുന്നുണ്ടു്.

## സത്യാന്വേഷണം.

ദിവാൻജി ഉദ്യോഗം അവസാനിച്ചിട്ടും കമ്പനിയിലെ ഉദ്യോഗത്തിൽനിന്നും റാം മോഹൻറായി വിരമിച്ചില്ല; രണ്ടുകൊല്ലം കൂടി അദ്ദേഹം ഉദ്യോഗത്തിൽ തുടൎന്നിരുതിനുശേഷം ഫ്വഫമ്പ–ൽ ഈസ്റ്റ് ഇൻഡ്യാകമ്പനിയിലെ ഉദ്യോഗം അദ്ദേഹം രാജിവച്ചു. ആവശ്യത്തിലധികം ധനം അദ്ദേഹം ഇതിനിടയിൽ സമ്പാദിച്ചിരുന്നതിനാൽ ശേഷമുള്ള ജീവിതം സ്വന്തം ജനങ്ങളുടെ സമുന്നതിക്കുവേണ്ടി സമൎപ്പിക്കുന്നതാണ് ഏററവും സമുചിതമെന്ന് അദ്ദേഹം തീരുമാനിച്ചു. കൽക്കട്ടായിൽ വന്നു മാതാവിനോടൊന്നിച്ചു താമസിച്ചുകൊണ്ടു മതപരമായ സംസ്കാരത്തിനും സത്യാന്വേഷണത്തിനുമായി പ്രവൎത്തനങ്ങൾ ആരംഭിച്ചു. റാംമോഹൻറായി ഇൻഡ്യൻ ജനതയുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായതു് അദ്ദേഹത്തിൻെറ ഈ പ്രവൎത്തനങ്ങൾകൊണ്ടാകുന്നു.

ഹിന്ദുമതശാസ്ത്രങ്ങളിലും അവയുടെ വിശ്വാസരീതിയിലും കണ്ടുവന്നിരുന്ന ഭിന്നത അദ്ദേഹത്തിന് എത്രത്തോളം ഹൃദയഭേദകമായിരുന്നുവെന്നു മുമ്പുതന്നെ പ്രസ്താവിച്ചുവല്ലൊ. റാംമോഹൻ റായിയുടെ കാലത്തു ഹിന്ദുമതം പല ആക്ഷേപങ്ങൾക്കും വിധേയമായിരുന്നു. ശാസ്ത്രത്തിൻെറ പേരുപറഞ്ഞു പുരോഹിതന്മാർ അവരുടെ ഇഷ്ടാനുസരണം അതിദാരുണമായ അനവധി കൃത്യങ്ങൾ നടത്തി വന്നിരുന്നു. ഹിന്ദുമതാരാധകന്മാർ ഈ ആചാരങ്ങളും കൎമ്മങ്ങളും നിർബ്ബന്ധമായി അനുഷ്ഠിക്കേണ്ടതാണെന്ന് അവർ അഭിപ്രായപ്പെട്ടിരുന്നു. മൗഢ്യത്തിലും അന്ധവിശ്വാസത്തിലും മയങ്ങിയിരുന്ന ഹിന്ദുക്കളുടെ ഇടയിൽ യഥാൎത്ഥമായ ഭക്തിയോ വിശ്വാസമോ റാംമോഹൻറായിക്കു ദർശിക്കുവാൻ കഴിഞ്ഞില്ല. സംസ്കൃത ഭാഷയിൽ— ദേവഭാഷയിൽ രചിക്കപ്പെട്ടിരുന്ന വേദം, ഉപനിഷത്തു മുതലായ ഗ്രന്ഥങ്ങളിലെ തത്വങ്ങൾ എന്തായിരുന്നുവെന്നു സാമാന്യജനങ്ങൾക്ക് അറിവാൻ പാടില്ലായിരുന്നു. അതിനാൽ അന്ധവിശ്വാസത്താൽ പുരോഹിതന്മാരെ അവർ കണ്ണുമടച്ചു അനുസരിച്ചു വന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. ഈ സ്ഥിതിക്കു യഥാൎത്ഥ്യത്തെ വെളിപ്പെടുത്തി ഹിന്ദുമതത്തെ ശരിയായി സംസ്കരിക്കേണ്ടതു് അത്യാവശ്യമാണെന്നു റാംമോഹൻ റായിക്കു ബോദ്ധ്യപ്പെട്ടു. അന്നു നടപ്പിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെയും ചൂണ്ടിക്കാണിക്കുക മാത്രമല്ല, അവയെ നിവാരണം ചെയ്യുവാൻ സുഗമമായമാൎഗ്ഗങ്ങൾ കണ്ടുപിടിക്കുക, ആദ്ധ്യാത്മിക പ്രചോദനം നടത്തുക എന്നീ ജോലികൾ കൂടി അദ്ദേഹത്തിനു നിർവഹിക്കേണ്ടിയിരുന്നു.

## മതപരമായ പ്രവൎത്തനങ്ങൾ

വിവിധഭാഷകളിൽ പരിജ്ഞാനം സിദ്ധിച്ചിട്ടുള്ളതു കൊണ്ടും സമയം ധാരാളം ലഭിച്ചിരുന്നതു കൊണ്ടും മതസംബന്ധമായ അനവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിനു വായിക്കുവാൻ സാധിച്ചിരുന്നു. സകല മതഗ്രന്ഥങ്ങളിലും വച്ചു വേദങ്ങൾക്കും ഉപനിഷത്തുകൾക്കും ഉള്ള മേന്മ അദ്ദേഹത്തിനു എളുപ്പത്തിൽ ഗ്രഹിക്കുവാൻ സാധിച്ചു; കൂടാതെ എല്ലാ മതങ്ങ

ളും ഒരു തത്വത്തെത്തന്നെയാണ് പ്രതിപാദിച്ചിട്ടുള്ളതെന്നും അദ്ദേഹം കണ്ടു. വേദങ്ങൾക്കും ഉപനിഷത്തുകൾക്കും പ്രചാരം നൽകുന്നതിനു വേണ്ടിയും അവയിൽ അന്തർഭവിച്ചിട്ടുള്ള തത്വത്തെ വെളിപ്പെടുത്തുന്നതിനു വേണ്ടിയും അവയെ എല്ലാം ബംഗാളി ഭാഷയിലും ഇംഗ്ലീഷിലും അദ്ദേഹം തർജ്ജമ ചെയ്തു പ്രസിദ്ധപ്പെടുത്തി. റാംമോഹൻറായി കൽക്കട്ടായിൽ വന്ന ആണ്ടിൽ തന്നെ 'ആത്മീയ സഭ' എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ചു. വേദങ്ങളിലും ഉപനിഷത്തുകളിലും വർണ്ണിച്ചിട്ടുള്ള പരബ്രഹ്മസ്വരൂപത്തെ ആരാധിക്കുന്നതിനു വേണ്ടിയാണ് അദ്ദേഹം ആത്മീയ സഭ സംഘടിപ്പിച്ചത്. ൧൮൧൪ മുതൽ ൧൮൧൯-ാമാണ്ടിനകമുള്ള അഞ്ചു കൊല്ലം കൊണ്ട് അദ്ദേഹം അനവധി വേദാന്ത ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകയും അവയിലെല്ലാം ദൈവം പരബ്രഹ്മസ്വരൂപിയാണെന്നും അതിനാൽ വിഗ്രഹാരാധനയും മററും അസംഗതമാണെന്നുമുള്ള പരമാർത്ഥം പ്രതിപാദിക്കയും ചെയ്തു. വേദോക്തമായ കർമ്മങ്ങളിൽ നിന്നും മനുഷ്യർ എത്രത്തോളം വ്യതിചലിച്ചിട്ടുണ്ടെന്നും, അജ്ഞാനത്താൽ അവർ അനുഷ്ഠിച്ചു വന്ന ആചാരങ്ങൾ എത്രത്തോളം അടിസ്ഥാനരഹിതമാണെന്നും സുവ്യക്തമാക്കുകയായിരുന്നു അദ്ദേഹത്തിന്റെ പ്രവൃത്തി. പണ്ഡിതനും സമർത്ഥനുമായിരുന്ന റാംമോഹൻറായിക്കു ഈ ജോലി നിഷ്പ്രയാസം നിർവഹിക്കുവാൻ കഴിഞ്ഞു.

റാംമോഹൻറായി ക്രിസ്തുമതത്തിലും വിശ്വാസമുള്ളവനായിരുന്നു. അദ്ദേഹം ബൈബിൾ പഠിക്കുകയും അതിലെ ചില ഭാഗങ്ങൾ മാതൃഭാഷയായ ബംഗാളിയിൽ പരിഭാഷപ്പെടുത്തുകയും ചെയ്തു. പാശ്ചാത്യരാൽ സ്ഥാപിതമായ ഏകത്വമതസംഘത്തിൽ (Unitarian Society) അദ്ദേഹം ഒരംഗമായിരുന്നു. പലകാര്യത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അഭിപ്രായസ്വാതന്ത്ര്യം ഈ അവസരത്തിലും വിട്ടുകൊടുത്തിരുന്നില്ല. മരിക്കുന്നതുവരെയും അദ്ദേഹം ഹിന്ദുവായിത്തന്നെ കഴിഞ്ഞു. എന്നാൽ ക്രിസ്തുമതക്കാരുമായി സൗഹാർദ്ദമായി അദ്ദേഹം പെരുമാറുന്നതു കണ്ടപ്പോൾ സനാതനികളും യാഥാസ്ഥിതികരുമായ ബ്രാഹ്മണർ അവരുടെ നിശിത ഖഡ്ഗം അദ്ദേഹത്തിന്റെ തലയ്ക്കു നേരേ ഉയർത്തി. വേദം, ഉപനിഷത്ത് മുതലായ ഗ്രന്ഥങ്ങൾ രഹസ്യമായിരുന്നതിതിനാൽ അവയെ പ്രാകൃതഭാഷയിൽ തർജ്ജമചെയ്തതുതന്നെ ഒരു മഹാപാപമായി അവർ വിധിച്ചു. റാംമോഹൻറായിയുടെ പ്രവർത്തനങ്ങൾ ഓരോന്നും അവരുടെ കഠിനമായ വിമർശനത്തിനു പാത്രമായി. പരമ്പരാസിദ്ധമായ ആചാരങ്ങളെ ധ്വംസിക്കുവാൻകൂടി മുതിർന്ന റാംമോഹൻ ശിക്ഷാർഹനാണെന്ന് അവർ തീർച്ചയാക്കി. ജാതിയിൽനിന്നു പുറംതള്ളൽ, സമുദായബഹിഷ്കരണം എന്നീ ശിക്ഷകൾക്കു അദ്ദേഹം അധീനനാകേണ്ടിവരുമെന്ന് അവർഅദ്ദേഹത്തെ ഭയപ്പെടുത്തി, റാംമോഹൻറായി ഇതുകൊണ്ടൊന്നും അശേഷം ഇളകിയില്ലെന്നു തന്നെയല്ല അദ്ദേഹത്തിന്റെ കൃത്യനിർവഹണത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്തു.

### പത്രപ്രവർത്തനം

റാംമോഹൽറായിയുടെ പരിശ്രമങ്ങൾ

പ്രവത്തിരൂപത്തിൽ പ്രത്യക്ഷപ്പെട്ടതു് അദ്ദേഹത്തിൻെറ പത്രപ്രവത്തനം മൂലമായിരുന്നു. പത്രപ്രവത്തനത്തിൽ ആദ്യമായി പരിശ്രമിച്ച ഭാരതീയൻ റാംമോഹൻറായി ആയിരുന്നു. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ അശേഷം മറച്ചുവയ്ക്കാതെ തുറന്നു പ്രസ്താവിക്കുവാൻ അദ്ദേഹം മടിച്ചിരുന്നില്ല. 'സമ്പാദപത്രിക' എന്ന ഒരു പത്രത്തിൻെറ അധിപനായി അദ്ദേഹം കുറേനാൾ പല വിഷയങ്ങളെപ്പററിയും സരസങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

## വിദ്യാഭ്യാസപ്രചരണം

ഇംഗ്ലീഷ് വിദ്യാഭ്യാസ പ്രചരണത്തിലും റാംമോഹൻറായി അതിയായ താല്പര്യം പ്രദശിപ്പിച്ചു. ആംഗലഭാഷാപരിജ്ഞാനംകൊണ്ടു തനിക്കുസിദ്ധിച്ചിട്ടുള്ള ഗുണങ്ങളെ പരിഗണിച്ചു മററുള്ളവരേയും ഈ ഭാഷ അഭ്യസിപ്പിക്കുന്നതിന്നു് അദ്ദേഹം ശ്രമിച്ചു. അനവധി ഇംഗ്ലീഷ് പള്ളിക്കൂടങ്ങളും കാളേജുകളും സ്ഥാപിക്കുന്നതിൽ അദ്ദേഹം സഹായിച്ചിട്ടുണ്ടു്. അവയിൽ വളരെ പ്രസിദ്ധിനേടീട്ടുള്ളതു് ൧൮൧൭-ൽ സ്ഥാപിക്കപ്പെട്ടതും ഇപ്പോഴും പ്രശസ്തമായ നിലയിലെത്തീട്ടുള്ളതുമായ 'ഹിന്ദുകാളേജ്' ആകുന്നു. ൧൮൨൨-ൽ അദ്ദേഹം തന്നെ ഒരു ഇംഗ്ലീഷ്സ്കൂൾ സ്വന്തമായി സ്ഥാപിച്ചു. സംസ്കൃതഭാഷാഭ്യസനം വളരെ വൈഷമ്യമുള്ളതായിരുന്നതിനാൽ കാലസ്ഥിതിക്കനുസരണമായി ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം അത്യന്താപേക്ഷിതമാണെന്നും സംസ്കൃതം സൗകയ്യംപോലെ സാമാന്യമായി അഭ്യസിച്ചാൽ മതിയെന്നുമായിരുന്നു അദ്ദേഹത്തിൻെറ സിദ്ധാന്തം.

## സതി നിറുത്തൽ

ഈ വന്ദ്യമഹാപുരുഷൻ നേടിയിട്ടുള്ളതിൽ വച്ചു് ഒരു മഹത്തായ കാര്യം 'സതി' നിറുത്തൽ ചെയ്യുക എന്നുള്ളതായിരുന്നു. 'സതി' എന്നു വച്ചാൽ ഒരു ഉത്തമപതിവ്രത എന്നാണത്ഥം. പുരോഹിതന്മാരുടെ അഭിപ്രായപ്രകാരം ഒരു പതിവ്രതാരത്നം പതിവ്രതാരത്നമായി കരുതപ്പെടണമെങ്കിൽ ഭത്താവിൻെറ മരണാനന്തരം ഒരു നിമിഷംകൂടി ജീവിച്ചിരിക്കുവാൻ പാടില്ലെന്നായിരുന്നു. അതിനാൽ ഭത്താവിനെ ദഹിപ്പിക്കുന്ന ചിതയിൽ കൂടി ചാടി ദേഹവിയോഗം ചെയ്യുന്ന സ്ത്രീയെ മാത്രമേ പതിവ്രതയായിഗണിച്ചിരുന്നുള്ളു. കാലക്രമേണ ഇതു് ഒരു നിയമമായിത്തീരുകയും എല്ലാ സ്ത്രീകളും ഭത്താവിൻെറ മരണത്തോടുകൂടി ജീവിതം ത്യജിക്കണമെന്നു നിർബ്ബന്ധമാക്കുകയും ചെയ്തു. അനവധി ഹിന്ദുമഹിളകൾ ഇപ്രകാരം അകാലമരണം പ്രാപിച്ചു കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയിട്ടുണ്ടു്. റാംമോഹൻറായിക്കു് ഈ ദുരാചാരത്തെ നശിപ്പിക്കണമെന്നുള്ള വിചാരം ദൃഢമൂലമായിത്തീന്നു. ദുഷ്ടവും ക്രൂരവുമായ ഈ ദുരാചാരം തുടന്നുകൊണ്ടു പോകുന്നതിനെപ്പററി ഇംഗ്ലീഷിലും ബംഗാളിയിലും അനവധി ലേഖനങ്ങളും ലഘുലേഖകളും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ദൈവാനുകൂല്യത്താൽ, ദയാലുവും സദാചാരചിത്തനും പണ്ഡിതനുമായ ഒരു ഗവണ്ണർ ജനറൽ ആയിരുന്നു അന്നു രാജ്യം ഭരിച്ചിരുന്നതു്. അദ്ദേഹം റാംമോഹൻറായിയുടെ പ്രസിദ്ധീകരണങ്ങൾ സശ്രദ്ധം വായിക്കുകയും ശാസ്ത്രങ്ങളാൽ അനുവദിക്കപ്പെട്ടിട്ടില്ലാതിരുന്ന ഈ ദുരാചാരത്തെ

തടയണമെന്ന് ആശിക്കുകയും ചെയ്തു. റാംമോഹൻറായിയെ നേരിട്ടു കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. ഗവർണ്ണർജനറലിനാൽ നിയുക്തനായ ഒരുദ്യോഗസ്ഥൻ റാംമോഹൻറായിയെ സമീപിച്ചു. ഗവർണ്ണർജനറലിന് അദ്ദേഹത്തെ കാണുവാൻ സന്തോഷമുണ്ടെന്നുള്ള വിവരം ധരിപ്പിച്ചു. മതപരമായി മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന തിനിക്കു ഗവർണ്ണർജനറലിനെ കാണുവാൻ തല്ക്കാലം നിവൃത്തിയില്ലെന്നു മറുപടി പറഞ്ഞയയ്ക്കുകയാണ് അദ്ദേഹം ചെയ്തതു്. ഗവർണ്ണർജനറൽ ഇതുകേട്ടു തൻെറ കീഴുദ്യോഗസ്ഥനെ കഠിനമായി ശാസിക്കയും സർവില്യം ബൻറിംഗ് റാംമോഹൻറായിയെ ഒരു പ്രാവശ്യമെങ്കിലും കാണുവാൻ ആഗ്രഹിക്കുന്നുവെന്നും റാംമോഹൻറായിയെ സ്വാഗതം ചെയ്യുന്നതിൽ അദ്ദേഹത്തിന് അതിയായ സന്തോഷമുണ്ടെന്നും വീണ്ടും ധരിപ്പിക്കുവാൻ ആജ്ഞാപിച്ചയയ്ക്കുകയും ചെയ്തു. തൽഫലമായി ഈ രണ്ടുമഹാപുരുഷന്മാരും തമ്മിൽ കാണുകയും അവർ ഒത്തൊരുമിച്ചു സതി നിർത്തുന്നതിനു ശ്രമിക്കയും ചെയ്തു.

൧൮൨൯-ൽ സതി നിർത്തൽ ചെയ്തുകൊണ്ടും ഇതിനെ സഹായിക്കയോ പ്രേരിപ്പിക്കയോ ചെയ്യുന്നവർ ശിക്ഷാർഹരാകുമെന്നു പ്രഖ്യാപിച്ചുകൊണ്ടും സർ വില്യം ബെൻറിംഗ് ഒരു നിയമം നടപ്പിലാക്കി. ഇപ്രകാരം ഒരു നിയമം കൊണ്ടുവരുവാൻ അദ്ദേഹത്തെ സഹായിച്ചതു് റാംമോഹൻറായി ആയിരുന്നുവെന്നുള്ള സംഗതി മുമ്പു തന്നെ പ്രസ്താവിച്ചുവല്ലോ. അങ്ങനെ ഈ ദുരാചാരം ഇൻഡ്യയിൽ നിന്നു മാഞ്ഞുപോകയും ചെയ്തു.

## വനിതാസ്വാതന്ത്ര്യത്തിനുവേണ്ടി

ഹിന്ദുവനിതികളുടെ പൊതുവേയുള്ള അഭ്യുന്നതിക്കു വേണ്ടിയും ഇൻഡ്യൻവനിതകളുടെ വിദ്യാഭ്യാസോന്നമനത്തിന് വേണ്ടിയും റാംമോഹൻറായി തീവ്രയത്നം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയും പ്രസ്താവ്യമാണ്. "നസ്ത്രീസ്വാതന്ത്ര്യമർഹതി" എന്ന പ്രമാണവും പറഞ്ഞു് സ്ത്രീകളെ അടിമകളാക്കി വയ്ക്കുന്നതിൽ അദ്ദേഹത്തിനു സങ്കടം തോന്നി. റാംമോഹൻറായി ഈ അഭിപ്രായത്തിനു എതിരായിട്ടു പ്രചരണം നടത്തി സ്ത്രീകൾ യാതൊരു കാരണവശാലും പുരുഷന്മാരിൽനിന്നു താണവരല്ലെന്നു തെളിയിച്ചു. പുരാണേതിഹാസങ്ങളിൽ നിന്നും അദ്ദേഹം അനവധി ഉദാഹരണങ്ങൾ ഉദ്ധരിച്ചു. സംഭവഗതിയും മനുഷ്യൻെറ സ്വാർത്ഥവുമാണു സ്ത്രീകളുടെ അടിമത്വത്തിനു കാരണമെന്നും, അതിനാൽ പുരാണ വനിതകൾ അനുഭവിച്ചിരുന്നതുപോലെ ഇപ്പോഴത്തെ സ്ത്രീകൾ സമത്വഭാവനയ്ക്ക് അർഹരാണെന്നും അദ്ദേഹം വാദിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ഈ സ്വാതന്ത്ര്യം സ്ഥാപിച്ചുകാണുവാൻ സാധിച്ചില്ലെങ്കിലും അടുത്തു തന്നെ ഈ പ്രശ്നം അധികാരികളുടെ ചിന്തയ്ക്കു വിഷയീഭവിച്ചു. സ്ത്രീകളുടെ അവശതകൾ ഒന്നൊന്നായി ഇപ്പോൾ നീങ്ങിക്കൊണ്ടിരിക്കുകയാണല്ലോ.

## ബ്രഹ്മസമാജസ്ഥാപനം.

റാംമോഹൻറായിയുടെ സ്വഭാവത്തിൽ കൂടുതൽ പ്രത്യക്ഷമായിരുന്നതു് അദ്ദേഹത്തിൻെറ സ്വാതന്ത്ര്യതൃഷ്ണയായിരുന്നു. പ്രവൃത്തിയിലും അഭിപ്രായത്തിലും അദ്ദേഹം സ്വാതന്ത്ര്യം ആഗ്രഹിച്ചി

രുന്നു. പത്രപ്രവത്തനം മൂലം ഈ സ്വാതന്ത്ര്യം അദ്ദേഹത്തിനു സുലഭമായിരുന്നു. പത്രപ്രവത്തനസ്വാതന്ത്ര്യവും കുറെക്കാലത്തേയ്ക്കു് അനുവദിക്കപ്പെട്ടിരുന്നില്ലെങ്കിലും റാംമോഹൻറായി തൻെറ പത്രങ്ങളിൽ ഈ നിയമത്തെപ്പററി വിമർശിച്ചിട്ടുണ്ടു്. മതപരമായി അദ്ദേഹം ആഗ്രഹിച്ചിരുന്ന സ്വാതന്ത്ര്യത്തിൻെറ പരിസ്ഫുരണമായിരുന്നു ആത്മീയസഭാസ്ഥാപനം. വേദം, ഉപനിഷത്തു മുതലായവ പഠിപ്പിച്ചിരുന്നതിനും മതപരമായും സാമുദായികമായും ഉള്ള സംശയങ്ങളെ ദൂരികരിക്കുന്നതിനും സൗകയ്യപ്രദമായ രീതിയിൽ ഒരു വേദമന്ദിരം സ്ഥാപിച്ചു നടത്തിവന്നു. 'ഏകം സത്‌വിപ്രാ ബഹുധാ വദന്തി' എന്ന ഉപനിഷിത്തിലെ വാക്യം മുദ്രാവാക്യമായി അദ്ദേഹം സ്വീകരിച്ചിരുന്നു. ഏകദൈവത്തിൽ വിശ്വസിക്കുന്നതോടുകൂടി ആ പരബ്രഹ്മത്തെ ആരാധിക്കേണ്ടതും ആവശ്യമാണല്ലോ. ഇതിനുവേണ്ടി അദ്ദേഹം ൧൮൨൮-ൽ 'ബ്രഹ്മസമാജം' സ്ഥാപിക്കുകയും ഒരു പ്രത്യേക പ്രാത്ഥനാലയം നിമ്മിക്കുകയും ചെയ്തു. അവ്യയവും അചിന്ത്യവും ശാശ്വതവുമായ പരബ്രഹ്മത്തെ അദ്ദേഹവും ബ്രഹ്മസമാജാംഗങ്ങളും ആരാധിച്ചുവന്നതു് ഈ സ്ഥലത്തുവച്ചായിരുന്നു. പ്രാത്ഥനാലയം സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിൻെറ സ്നേഹിതന്മാർ ഉദാരമായ സംഭാവനകൾ ചെയ്തു. ഇതിൽ അതിയായ താല്പയ്യം പ്രദർശിപ്പിച്ചിരുന്നതു് രാമചന്ദ്രവാഗിശൻ എന്ന മാന്യദേഹമായിരുന്നു. സമാജത്തിൻെറ കായ്യദർശിയായിരുന്ന അദ്ദേഹമാണു് റാംമോഹൻറായിയുടെ കാലശേഷവും ബ്രഹ്മസമാജത്തെ പുലത്തി വന്നതു്. ഡാക്ടർ രവീന്ദ്രനാഥടാഗോറിൻെറ വന്ദ്യപിതാവായ ദേവേന്ദ്രനാഥടാഗോർ, കേശബ്ചന്ദ്രസെൻ എന്നീ മഹാന്മാർ ബ്രഹ്മസമാജത്തിൻെറ വളച്ചയിൽ കതുകികളായിരുന്നു. അവരുടെ അശ്രാന്തപരിശ്രമം മൂലമാണു് ബ്രഹ്മസമാജം ഇന്നും പ്രചാരത്തിലിരിക്കുന്നതു് എന്നുള്ള സംഗതി സ്മരണീയമാണു്. കേശബ്ചന്ദ്രസെൻ ഒടുവിൽ ആദിബ്രഹ്മസമാജത്തിൽ നിന്നും പിന്മാറി സ്വന്തമായി മറെറാരു സഭ സ്ഥാപിച്ചിട്ടുണ്ടു്. അതും ബ്രഹ്മസമാജത്തെപ്പോലെതന്നെ ഇന്നും പ്രചാരത്തിലിരിക്കുന്നു.

## ഇംഗ്ലണ്ടിലേക്കു്.

ബ്രഹ്മസമാജസ്ഥാപനത്തോടുകൂടി റാംമോഹൻറായിയുടെ ജീവിതാദർശം മിക്കവാറും സഫലമായി എന്നു തന്നെ പറയാം. ഇൻഡ്യയിൽ അദ്ദേഹത്തിൻെറ ജോലി അവസാനിച്ചതിനാൽ അടുത്തതായി ഇംഗ്ലണ്ടിൽ പോകണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനുണ്ടായി. അദ്ദേഹത്തിൻെറ ഈ അഭിനിവേശവും സാധിക്കുന്നതിനു അനുകൂലമായ പരിതസ്ഥിതികൾ വന്നുചേന്നു.

സതി നിറുത്തൽചെയ്തതിനെ സംബന്ധിച്ചു ചില ബംഗാളി യാഥാസ്ഥിതിക ബ്രാഹ്മണർ അധികാരകേന്ദ്രങ്ങളിലും ചക്രവത്തി തിരുമനസ്സിലേക്കു തന്നെയും അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. സതി നിറുത്തൽ ചെയ്തതു ശാസ്ത്രവിരുദ്ധമാണെന്നും, മതസ്വാതന്ത്ര്യത്തിൽ ഇൻഡ്യാഗവമ്മെൻറു് ഇടപ്പെട്ടതു് ന്യായരഹിതമായതിനാൽ ആ നിയമത്തെ

പിൻവലിക്കേണ്ടതാണെന്നും അപ്പീലിൽ വിവരിച്ചിട്ടുണ്ടായിരുന്നു. ഇതിനു വിപരീതമായി സതിയെ ശാസ്ത്രം ഒരു പ്രകാരത്തിലും അനുവദിക്കുന്നില്ലെന്നു വാദിക്കുവാൻ റാംമോഹൻറായിയോളം സാമൎത്ഥ്യമുള്ളവർ മററാരും തന്നെ ഇല്ലായിരുന്നു. അതിനാൽ അദ്ദേഹം ഈ ജോലി നിർവഹിക്കുവാൻ നിയുക്തനായി. കൂടാതെ അന്നത്തെ ഡൽഹി ചക്രവത്തിക്കു് ഈസ്റ്റ്ഇൻഡ്യാക്കമ്പനിക്കാർ തൻെറ ഗവമെൻ്റിൽ അനാവശ്യമായി കൈകടത്തുന്നു എന്നുള്ള പരാതി ചക്രവത്തിതിരുമനസ്സിനോടു ബോധിപ്പിക്കേണ്ടി ഉണ്ടായിരുന്നു. എല്ലാംകൊണ്ടും അവശതകൾ നീങ്ങിക്കിട്ടണമെങ്കിൽ റാംമോഹൻറായി വിചാരിച്ചാൽമാത്രമല്ലാതെ സാധിക്കുകയില്ലെന്നും അദ്ദേഹമാണു് തനിക്കുവേണ്ടി വാദിക്കുവാൻ പ്രാപ്തിയും ശേഷിയും തികഞ്ഞിട്ടുള്ളയാളെന്നും ഡൽഹി ചക്രവത്തിക്കു അറിയാമായിരുന്നു.

ഡൽഹിചക്രവത്തി റാംമോഹൻറായിക്കു 'രാജ്'സ്ഥാനം നൽകി ബഹുമാനിച്ചതിനുശേഷം അദ്ദേഹത്തെ സ്വപ്രതിപുരുഷനായി നിയോഗിച്ചു.

ഈ രണ്ടു പ്രാധാന്യമേറിയ ചുമതലകളും ശിരസാവഹിച്ചുകൊണ്ടു് ഇംഗ്ലണ്ടിലേക്കു തിരിക്കുവാൻ അദ്ദേഹം അധികം താമസിച്ചില്ല.

കാമൺസ്സഭയിൽ ഈസ്റ്റ്ഇൻഡ്യാകമ്പനിക്കാൎക്കുള്ള അനുമതിപ്പത്രത്തെ പുതുക്കുന്നതു സംബന്ധിച്ചുള്ള വാദപ്രതിവാദാവസരത്തിൽ സന്നിഹിതനായാൽ കൊള്ളാമെന്നുകൂടി ആശിച്ചതിനാൽ അദ്ദേഹം ൧൮൩൦-ാംമാണ്ടു് ഡിസംബർ മാസം ൧൯-ാംനു രണ്ടു ഭൃത്യന്മാരുമൊന്നിച്ചു് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി. ആഫ്രിക്കാഖണ്ഡത്തെ ചുററി പോകേണ്ടിയിരുന്നതിനാലും വഴിയിൽ വച്ചു കപ്പലിൻെറ ഗതിക്കു വിഘ്നം നേരിട്ടതിനാലും ഉദ്ദേശിച്ചിരുന്ന സമയംകൊണ്ടു് ഇംഗ്ലണ്ടിൽ ചെന്നെത്തുവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

൧൮൩൧ ഏപ്രിൽ മാസത്തിൽ അദ്ദേഹം യാത്രചെയ്തിരുന്ന കപ്പൽ ലിവർപൂളിൽ എത്തി ചേൎന്നു. കപ്പലിൽ കയറി യാത്രചെയ്താൽ ജാതിഭ്രഷ്ടനാകുമെന്നുള്ള നിയമത്തെ അശേഷം ഗണ്യമാക്കാതെ ആദ്യമായി ഇംഗ്ലണ്ടിൽ എത്തിയ ഇൻഡ്യാക്കാരൻ റാംമോഹൻറായി ആയിരുന്നു. മററു പല കാൎയ്യങ്ങൾക്കെന്നപോലെ ഇതിനും അദ്ദേഹം ഒരു മുൻഗാമിതന്നെയായിരുന്നു. ലിവർപൂളിൽ കുറെ ദിവസം താമസിച്ചശേഷം രാജാറാംമോഹൻറായി ലണ്ടനിലേക്കു തിരിച്ചു. അദ്ദേഹത്തെപ്പററി നേരത്തെ തന്നെ കേട്ടിരുന്ന അനവധി ഇംഗ്ലീഷുകാർ അദ്ദേഹത്തെ സന്തോഷസമന്വിതം സ്വാഗതം ചെയ്തു.

## ഇൻഡ്യയുടെ പ്രതിപുരുഷൻ

ഇംഗ്ലണ്ടിൽവച്ചു രാജാറാംമോഹൻറായി ഇൻഡ്യക്കു വേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികൾ അത്യന്തം ശ്ലാഘനീയമാകുന്നു. സതി നിത്തലാക്കിയതിനെ സംബന്ധിച്ചുണ്ടായിരുന്ന അപ്പീൽ തീൎപ്പുചെയ്യുന്നതിനു മുമ്പു രാജാറാംമോഹൻറായിയുടെ അഭിപ്രായങ്ങൾ കേൾക്കുകയും, ൧൮൩൨ ജൂലൈ മാസം ൧൧-ാംനു അപ്പീൽ ഹർജി തള്ളുകയും ചെയ്തു. നയജ്ഞ

നായ രാജാറാംമോഹൻറായി ഡെൽഹി ചക്രവത്തിയുടെ പ്രതിപുരുഷൻ എന്നതിലുള്ള ഭാരമേറിയ ചുമതല ഭംഗിയായി നിർവഹിക്കുകയും, സമാധാനപരവും അഭിമാനകരവുമായ തീച്ച്യിൽ എത്തിച്ചേരുകയും ചെയ്തു. അനുമതിപ്പത്രം പുതുക്കുന്നതു സംബന്ധിച്ചും അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ അംഗീകൃതമാവുകയും ൧൮൩൩-ൽ പുതിയ ചാർട്ടർ ആക്റ്റ് (Charter Act) നടപ്പിൽ വരികയും ചെയ്തു. ഈസ്റ്റ്ഇൻഡ്യാക്കമ്പെനിക്കാർ അവരുടെ ഭരണത്തിൻെറ ആദ്യദശയിൽ അനവധി തെററുകൾ ചെയ്തിട്ടുണ്ടെന്നും പല നല്ല കുടുംബങ്ങളുടെ അധഃപതനത്തിന് അവർ കാരണമായിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. സ്വദേശികളായ ഇൻഡ്യക്കാക്ക് ഭരണക്കൂടത്തിൽ അവരർഹിക്കുന്ന സ്ഥാനം നൾകപ്പെട്ടിരുന്നില്ലെന്നും അതിനാൽ ഈ ദയനീയാവസ്ഥയെ പരിഹരിക്കുന്നതിനുള്ള ഏകമാഗ്ഗം സ്വദേശികൾക്കും സാവധാനമായി ഉദ്യോഗക്കയററങ്ങൾ കൊടുക്കുകയും അവരുടെ താല്പയ്യങ്ങൾക്കും സാമത്ഥ്യത്തിനും യോജിച്ചവിധം അവരെ പ്രോത്സാഹിപ്പിക്കയും വിശ്വാസപൂവ്വം ഭരണകേന്ദ്രത്തിൽ ശരിയായ സ്ഥാനം നൾകുകയുമാണെന്നു അദ്ദേഹം ബലമായി അഭിപ്രായപ്പെട്ടു. ബ്രിട്ടിഷ് ഭരണത്തിൽ ഇൻഡ്യാക്കാക്കുള്ള സ്ഥാനം ഇന്നും നിണ്ണയിക്കപ്പെട്ടിട്ടുള്ളത് ൧൮൩൩-ൽ നടപ്പാക്കിയിട്ടുള്ള നിയമത്തെ ആസ്പദമാക്കിയാകുന്നു. ചക്രവത്തി തിരുമനസ്സുകൊണ്ട് യൂറോപ്പിലെ രാജ്യങ്ങളുടെ പ്രതിപുരുഷന്മാരെ ബഹുമാനിച്ചതുപോലെ തന്നെ രാജാറാംമോഹൻറായിയേയും ബഹുമാനിക്കയും സിംഹാസനാരോഹണവേളയിൽ അദ്ദേഹത്തിനു ഒരു ബഹുമാന്യസ്ഥാനം നൾകുകയും ചെയ്തു.

## ഫ്രാൻസിൽ

രാജാറാംമോഹൻറായിയുടെ പേരും പെരുമയും ഫ്രാൻസ്, ജമ്മനി, അമേരിക്ക,മുതലായ രാജ്യങ്ങളിലും പരന്നിരുന്നു. ഈ രാജ്യങ്ങളും സന്ദശിക്കണമെന്നു അദ്ദേഹത്തിനു മോഹമുണ്ടായിരുന്നുവെങ്കിലും ഫ്രാൻസിൽ മാത്രമെ പോകുവാൻസാധിച്ചിരുന്നുള്ളു. ഫ്രാൻസിലേക്കു പോകുവാൻ അനുവാദം ആവശ്യപ്പെട്ടുകൊണ്ടു അദ്ദേഹം അയച്ചിരുന്ന അപേക്ഷയിൽ സൗഹാദ്ദമായി കഴിഞ്ഞുകൂടുന്ന രാജ്യങ്ങളിലേക്കു കൂടിയും പ്രത്യേകാനുവാദം വേണമെന്നുള്ള നിയമത്തിന്റെ അനാശാസ്യതയെപ്പററി പ്രസ്താവിച്ചിരുന്നു. ഇതു് അദ്ദേഹത്തിൻെറ വിശാലമനസ്കതക്കു ഒരുത്തമദൃഷ്ടാന്തമത്രേ. സർവചരാചരങ്ങളിലും ഐക്യം ദർശിക്കുന്ന മഹാനുഭാവനു് ഇപ്രകാരമുള്ള ഒരഭിപ്രായമുണ്ടായതിലും അതു തുറന്നു പറയുവാൻ മടിയില്ലാതിരുന്നതിലും അത്ഭുതപ്പെടേണ്ടതില്ല. അദ്ദേഹത്തിൻെറ ഹൃദയവികാസം ആകാശത്തേയും അടിപണിയിപ്പിച്ചിരുന്നു.

ഫ്രാൻസിലും അദ്ദേഹത്തിനു രാജോചിതമായസ്വീകരണം ലഭിച്ചു. ഒന്നുരണ്ടു വസരങ്ങളിൽ ലൂയിഫിലിപ്പ് ചക്രവത്തിയുടെ അതിഥിയായും അദ്ദേഹം താമസിച്ചിരുന്നു. ഫ്രാൻസിൽ നിന്നും അദ്ദേഹം ഇംഗ്ലണ്ടിലേക്കു തന്നെ മടങ്ങി.

## നിയ്യാണം

ഇംഗ്ലണ്ടിലെ ജോലി അവസാനിച്ചാലുടൻ മാതൃഭൂമിയിലേക്ക് മടങ്ങിപ്പോരണമെന്നാ

ണ് അദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. എന്നാൽ നിയതി അതിനനുവദിച്ചില്ല. പെട്ടെന്നദ്ദേഹത്തിൻെറ ആരോഗ്യത്തിനു ഹാനിതട്ടുകയും അദ്ദേഹം രോഗബാധിതനാവുകയും ചെയ്തു. ൧൮൩൩ സെപ്റ്റംബർ മാസം ൨൭നു- ബ്രിസ്റ്ററൽനഗരത്തിൽവച്ചു ശാന്തചിത്തനായി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹം ഒരു ഹിന്ദുവായിരുന്നതിനാൽ ശവശരീരം ദഹിപ്പിക്കേണ്ടിയിരുന്നുവെങ്കിലും ആ വിദൂരദേശത്തിലെ ആചാരമനുസരിച്ചു് അദ്ദേഹത്തിന്റെ ശവശരീരത്തെ അടക്കം ചെയ്യുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ സ്മാരകമായി അടക്കിയ സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള കല്ലറയിൽ സംക്ഷിപ്തമായ ഒരു ജീവചരിത്രക്കുറിപ്പു കൊത്തിവച്ചിട്ടുണ്ടു്. ആ സ്ഥലം ഒരു പുണ്യസ്ഥലമായികരുതുകയും, ഇംഗ്ലണ്ടിൽ പോകുന്നവർ അവിടം സന്ദർശിക്കേണ്ടതു് അവരുടെ കർത്തവ്യമായി വിചാരിക്കുകയും ചെയ്യേണ്ടതു് ആവശ്യമാകുന്നു.

മാർഗ്ഗദർശി

“രാജാറാം മോഹൻറായി ഒരുമാതൃകാപുരുഷനാകുന്നു” എന്നാണ് അദ്ദേഹത്തെപ്പററി ഒരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇതു് അക്ഷരംപ്രതി പരമാർത്ഥമാകുന്നു. അദ്ദേഹം മരിച്ചുകഴിഞ്ഞിട്ടു് ഇപ്പോൾ അനവധി വർഷങ്ങൾ കഴിഞ്ഞു. എന്നിട്ടും അദ്ദേഹത്തിൻെറ മാഹാത്മ്യം ഇന്നും ആരും നല്ലവണ്ണം ഗ്രഹിച്ചിട്ടില്ല. അദ്ദേഹം ഇളക്കിവിട്ടിട്ടുള്ള ശക്തി ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതേ ഉള്ളു. രാജാറാം മോഹൻറായിയുടെ മഹിമ ശരിയായി മനസ്സിലാക്കി ഇൻഡ്യാചരിത്രത്തിൽ അദ്ദേഹം അർഹിക്കുന്ന സ്ഥാനം അദ്ദേഹത്തിനു ലഭിക്കുന്ന ഒരു സുപ്രഭാതം വരികതന്നെ ചെയ്യും. സമകാലീനന്മാരെക്കാളും വളരെ വളരെ കൊല്ലങ്ങൾക്കു മുമ്പോട്ടു കടന്നു ജീവിച്ചിരുന്ന ആ വന്ദ്യനേതാവിനെ ശരിയായി മനസ്സിലാക്കുവാൻ അന്നുള്ളവർക്കു കഴിഞ്ഞിരുന്നില്ല. മാനവലോകം സമുദായകമായും രാഷ്ട്രീയമായും ഉള്ള ചിന്തകൾക്കു അതീതമായിഏകമായ നിലകൊള്ളുന്നുവെന്നുള്ള അദ്ദേഹത്തിന്റെ മഹനീയ സിദ്ധാന്തം ലോകത്തിൽ വളരെ ചുരുക്കം പേർ മാത്രമേ യഥാർത്ഥമായി അറിഞ്ഞിട്ടുള്ളു. ഈ അഭിപ്രായത്തിനു യോഗ്യമാംവണ്ണം അദ്ദേഹം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ അമൂല്യങ്ങളത്രെ. മനുഷ്യൻെറ ഉൽക്കർഷത്തിനുവേണ്ടി നിസ്സഹായനായി സ്വാർത്ഥലേശം കൂടാതെ ആദർശശുദ്ധിയോടുകൂടി ജീവിച്ചിരുന്ന റാംമോഹൻറായിയെപ്പോലെയുള്ള പുണ്യശ്ലോകന്മാർ ലോകത്തിൽ അധികം ഉണ്ടായിട്ടില്ല. അജ്ഞാനത്തിൻെറയും അന്തഃഛിദ്രത്തിൻെറയും അഗാധതയിൽ ആണ്ടുപോയ ഭാരതീയരുടെ ഉയർച്ചക്കും നേരായ മാർഗ്ഗത്തിൽ കൂടെയുള്ള പ്രയാണത്തിനും സഹായകമായിത്തീർന്നിട്ടുള്ളതു റാംമോഹൻറായിയാകുന്ന ദീപസ്തംഭം നൾകുന്ന പ്രഭാപൂരം ഒന്നുമാത്രമാകുന്നു. ഭൂതകാലചരിത്രത്തിലേക്കു കടക്കുമ്പോഴും

# സാഹിത്യപഞ്ചാനനൻ

ശ്രീമാൻ കട്ടിയാട്ട് ശിവരാമപ്പണിക്കർ B. A., L. T.

[അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ സാഹിത്യസമ്മേളനത്തിൽ ചെയ്ത ആദ്ധ്യക്ഷ്യപ്രസംഗം.]

ധർമ്മസംസ്ഥാപനാർത്ഥം അവതരിച്ച ശ്രീകൃഷ്ണഭഗവാന്റെ ജന്മനാളായ ഈ പുണ്യദിനത്തിൽ അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ, ചരിത്രപരമായും സാഹിത്യപരമായും പ്രഖ്യാതമായ ഈ ചെമ്പകശ്ശേരിയിൽ, യശശ്ശരീരനായ സാഹിത്യപഞ്ചാനനന്റെ ജന്മഭൂമിയിൽ, അദ്ദേഹത്തിന്റെ സ്മാരകമായി ആരംഭിക്കപ്പെട്ടിട്ടുള്ള വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ വിദ്വൽസമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുവാനുള്ള മഹാഭാഗ്യം സദയം എനിക്കു ലഭ്യമാക്കിത്തന്ന വായനശാലാപ്രവർത്തകന്മാരോട് എനിക്കുള്ള വാചാമഗോചരമായ കൃതജ്ഞതയെ—അനർഹമായ ഉന്നതപദവിയിലേയ്ക്കു കാലെടുത്തുവയ്ക്കുമ്പോളുണ്ടാകുന്ന ഭയസങ്കോചങ്ങളോടുകൂടി—ഞാൻ ആദ്യമായി പ്രദർശിപ്പിച്ചുകൊള്ളുന്നു. 'Fools rush in where angels fear to tread' വിദ്വാന്മാർ കാലെടുത്തുവയ്ക്കാൻ മടിക്കുന്നിടത്തു മടയന്മാർ ചാടിക്കയറും എന്നുള്ള ചൊല്ലാണ് ഇപ്പോൾ എന്റെ സ്മൃതിയിൽ എത്തുന്നത്.

സാഹിത്യസരണിയിൽ ലേശവും പരിചയമില്ലാത്ത എനിക്കു സാഹിത്യപഞ്ചാനന സ്മാരകമായ ഈ മഹായോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കയെന്നുള്ളതു് എത്രത്തോളം ശക്യവും ശ്രമാവഹവുമാണെന്നു ഭയചഞ്ചലിതമായ ആത്മസാക്ഷിതന്നെ എന്നെ ഉൽബോധിപ്പിക്കുന്നുണ്ട്. എങ്കിലും ഏതൊരു പുണ്യാത്മാവിന്റെ മഹനീയ കൃത്യങ്ങളോടുള്ള ഭക്തിപ്രചുരിമയാൽ പ്രചോദിതരായി നാം ഇന്നിവിടെ സന്നിഹിതരായിരിക്കുന്നുവോ ആ പണ്ഡിതസാർവഭൗമനോട്— എന്റെ വന്ദ്യഗുരുനാഥനോട് എനിക്കുള്ള ബഹു

---

രാജാറാംമോഹൻറായിയുടെ ജീവിതദശവരെ എത്തിക്കഴിഞ്ഞാൽ പിന്നെ അദ്ദേഹം കെട്ടിപ്പൊക്കീട്ടുള്ള അനവധി കല്പടികൾ ഇറങ്ങിക്കഴിഞ്ഞതിനു ശേഷം മാത്രമേ നമുക്കു കടന്നുപോകുവാൻ സാധിക്കുകയുള്ളുവെന്നു കാണാവുന്നതാണ്. ആധുനികഭാരതത്തിന്റെ പുരോഗതിക്കു രാജാറാംമേഹൻറായി ഒരുത്തമ മാർഗ്ഗദർശിയായി ഭാരതീയനഭോമണ്ഡലത്തിൽ പ്രശോഭിക്കുക തന്നെ ചെയ്യുന്നുണ്ട്.

മാനവും അദ്ദേഹത്തിൻെറ നാമത്തോട് സംഘടിപ്പിച്ചുള്ള ഏതു പ്രവൎത്തനങ്ങളിലും നാമമാത്രമായെങ്കിലും പങ്കെടുക്കുന്നതു് ഒരു സൗഭാഗ്യമാണെന്നുള്ള എന്റെ വിശ്വാസവുമാണ് പ്രധാനമായി എന്നെ ഈ സ്ഥാനത്തേക്കു തള്ളിവിട്ടതു്. ഭക്തവത്സലനായ ഭഗവാൻ ശ്രീകൃഷ്ണസ്വാമിയുടെ അനുഗ്രഹവും, സൂര്യപുരുഷൻെറ അന്തരാത്മാവിൻെറ ആശിസ്സും, കൃത്യനിർവഹണത്തിൽ പ്രാപ്തിയുണ്ടാക്കി തരുമെന്നുള്ള ധൈര്യവും, വിജ്ഞന്മാരായ ഇന്നത്തെ പ്രാസംഗികന്മാർ എൻെറ കൃത്യത്തെ ലഘൂകരിക്കുമാറ് എന്നെ സഹായിക്കുമെന്നുള്ള പ്രതീക്ഷയും, എന്നെ ഈ സ്ഥാനസ്വീകരണത്തിൽ സമാധാനിപ്പിച്ച മററു കാരണങ്ങളാകുന്നു. കൂടാതെ പ്രശസ്തന്മാരായ ഇന്നത്തെ പ്രാസംഗികന്മാരുടെ സരസസാരഗർഭമായ പ്രസംഗപാൽപ്പായസവും ഇവിടുത്തെ വിശ്രുതമായ പാൽപ്പായസത്തിനും പുറമേ—ആസ്വദിച്ചു് ഹൃദയം കുളർപ്പിക്കാമെന്നുള്ള സ്വാൎത്ഥചിന്തയും ഇക്കാര്യത്തിൽ എന്നെ ബാധിക്കാതിരുന്നിട്ടില്ല.

"ചെമ്പകനാട്ടിന്നലങ്കാരഭൂതനാം തമ്പുരാൻ ദേവനാരായണസ്വാമി"യുടെ അപദാനങ്ങളാലും വിദേശികളുടെ ആക്രമണങ്ങളാലും വാണിജ്യപ്രവൎത്തനങ്ങളാലും പ്രാചീനകാലത്തുതന്നെ വിശ്രുതമായിരുന്ന ചെമ്പകശ്ശേരിരാജ്യം അഥവാ ഇന്നത്തെ അമ്പലപ്പുഴ, സംസ്കൃതസാഹിത്യത്തിന് ഉജ്ജയനിയെന്നപോലെ കേരളഭാഷാഭിവൃദ്ധിക്ക് ഒരു പ്രവൎത്തനകേന്ദ്രമായിരുന്നു. ഇന്നും സഹൃദയഹൃദയങ്ങളിൽ തുള്ളിക്കളിക്കുന്ന തുള്ളൽകൃതികളുടെ ഉത്ഭവസ്ഥാനം ഏതാണ്? ലളിതഭാഷയും സരസവൎണ്ണനയും ഫലിതോക്തിയും നിറഞ്ഞു് ദൃശ്യകലയും ശ്രാവ്യകലയും സമ്മേളിച്ച് മനഃശ്രോത്രഃ ചക്ഷുരിന്ദ്രിയങ്ങളെ ഏകകാലത്തിൽ ആനന്ദസാഗരത്തിൽ ആറാടിക്കുന്ന തുള്ളൽകൃതികളുടെ കൎത്താവായ കുഞ്ചൻനമ്പ്യാരുടെ കവനതേജഃപുഞ്ജങ്ങളാൽ പരിശോഭിച്ചിരുന്ന ദിവ്യഭൂമി ഏതായിരുന്നു? ആ ചെമ്പകശ്ശേരി—അമ്പലപ്പുഴ, എഴുത്തച്ഛൻെറ ജനനത്താൽ പാവനവും പ്രസിദ്ധവുമായ തുഞ്ചൻ പറമ്പുപോലെ സാഹിത്യപഞ്ചാനനൻ പണ്ഡിതവരേണ്യൻ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകളുടെ ജനനം കൊണ്ടു് പരമോൽകൃഷ്ടമായതും അപ്രകാരം എന്നും പരിഗണിക്കപ്പെടേണ്ടതുമാകുന്നു.

സാഹിത്യമെന്തു്? ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾക്കു കേരളസാഹിത്യത്തിലുള്ള സ്ഥാനമേതു? സാഹിത്യപഞ്ചാനനൻ എന്ന അപരാഭിധാനം അദ്ദേഹത്തിനു എത്രത്തോളം യോജിച്ചതാണ്? ഈ സംഗതികൾ സാഹിത്യവീരന്മാരുടെ ചിന്തയ്ക്കു് വിഷയീഭവിക്കേണ്ടതാകുന്നു. (ഇവയെക്കുറിച്ചു് അവഗാഢമായി ചൎച്ചചെയ്യുന്നതിന് വേണ്ട ശേഷിയും ശേമുഷിയും എനിക്കില്ല.)

'വിനോദാത്മകമായ ഭാഷയാണു സാഹിത്യം' എന്നു ചിലർ അഭിപ്രായപ്പെടുന്നു. സാൎത്ഥകങ്ങളായ ശബ്ദങ്ങൾ കൊണ്ടു് വിനിൎമ്മിതമാകുന്ന കോമളകലാവിശേഷമാകുന്നു സാഹിത്യം എന്നത്രേ മററു ചിലരുടെ അഭിപ്രായം. അതായതു് നിൎദ്ദിഷ്ടവസ്തുക്കൾ നമ്മുടെ ഓൎമ്മ

യിലെത്തി ചൈതന്യാത്മകങ്ങളായ അനുഭവങ്ങളുളവാക്കുന്ന വികാരങ്ങൾ വായനക്കാരിൽ ഉണ്ടാക്കുവാൻ പ്രാപ്തങ്ങളായ ശബ്ദങ്ങൾ ചേർന്നുണ്ടാകുന്നതാണത്രെ സാഹിത്യം.

പാശ്ചാത്യരുടെ അഭിപ്രായം "സാഹിത്യകാരൻെറ ഹൃദയത്തിൽ ലോകവ്യവഹാരം രൂപപ്പെടുന്ന വിധം അതിനെ വ്യാഖ്യാനിക്കുന്നതാണ് സാഹിത്യം" എന്നാകുന്നു. "വാക്യംരസാത്മകംകാവ്യം" എന്ന പണ്ഡിതമതം ഇപ്പോൾ പ്രായേണ സമ്മതമായിത്തീൎന്നിട്ടുണ്ടു്. കാവ്യം, സാഹിത്യം, കവിത ഇവയെല്ലാം ഒരേ അൎത്ഥത്തെ കാണിക്കുന്ന പദങ്ങളാണെന്നു പറയുന്നതിൽ വലിയ അബദ്ധമില്ല. ഭാവനയിൽ നിന്നും ഉദ്ഭവിച്ചു് ചമല്ക്കാരം കൊണ്ടു പരിപുഷ്ടമാകുന്ന രസമാണു് ഇവയുടെ ജീവൻ. ഭാവനാശക്തിയുടെ വ്യാപ്തികൊണ്ടു് രൂപാന്തരം പ്രാപിക്കുന്നതാണ് കവിത എന്നഭിപ്രായപ്പെട്ടിരിക്കുന്നതും ഇതുകൊണ്ടു തന്നെയാകുന്നു. പ്രകൃതിയുടെ പ്രതീതിയുണ്ടാക്കുവാൻ ശ്രമിക്കുന്നവനാണ് സാഹിത്യകാരൻ. അല്ലാതെ അതിനെ പകൎത്തുന്നവനല്ല.

മഹത്തും വിസ്തൃതവുമായ സാഹിത്യഗഹനഭൂവിൽ പഞ്ചാനനപ്പട്ടം നേടാൻ അസാധാരണന്മാൎക്കേ സാധിക്കുകയുള്ളൂ. അല്പജീവികളുടെ സ്വച്ഛന്ദവിഹാരത്തെ നിൎദ്ദാക്ഷിണ്യം തടഞ്ഞും പ്രബലജന്തുക്കളുടെ മുഷ്കിനെ ശമിപ്പിച്ചും വനത്തിൻെറ ഗാംഭീര്യത്തെയും മഹത്വത്തെയും സംരക്ഷിച്ചു പോരുന്ന വിക്രമപരാക്രമിയായ പഞ്ചാനനനെപ്പോലെ, സാഹിത്യലോകത്തിൽ നിശിതനിരൂപണങ്ങൾകൊണ്ടും, അപാരപാണ്ഡിത്യംകൊണ്ടും, സാഹിത്യജീവികളെ ഭയവിഹ്വലരാക്കിയ ശ്രീമാൻ പി. കെ. നാരായണപിള്ള അവൎകൾക്കു് സാഹിത്യപഞ്ചാനനബിരുദം അനുയോജ്യമല്ലെങ്കിൽ അതിനു ആരാണ് അൎഹൻ.

അദ്ദേഹം നിൎദ്ദാക്ഷിണ്യവാനായ ഒരു നിശിതവിമൎശകനായിരുന്നു. കവിയും നിരൂപകനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടു്. ഒരു യഥാൎത്ഥകവി ഒരു നിരൂപകനുമായിരിക്കും. ഒരു കവി തൻെറ സൃഷ്ടിയുടെ സൌന്ദൎയ്യവൈരൂപ്യങ്ങളെ നിഷ്പക്ഷമായി നിരൂപണം ചെയ്തശേഷമാണു് അതിനെ പ്രകടിപ്പിക്കുന്നതു്. * കവിയിൽ നിരൂപകത്വവും നിരൂപകനിൽ കവിത്വവും ലീനമായിരിക്കും. എന്നാൽ കവിയിൽ നിരൂപകത്വംപോലെ നിരൂപകനിൽ കവിത്വം വേണമെന്നില്ല. എങ്കിലും കവിതയേയും കലയേയും സംബന്ധിച്ചുള്ള സൂക്ഷ്മതത്വങ്ങൾ നിരൂപകൻ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണ്. അതിനാൽ നിരൂപകൻ കാവ്യലോകത്തിലുള്ളവൻ തന്നെ. നിരൂപകന്മാർ കാൎയ്യകാരന്മാരായി പ്രത്യക്ഷപ്പെട്ടില്ലെങ്കിലും അപ്രകടിതമായ കവിത്വം അവരിൽഒളിഞ്ഞു കിടന്നിരിക്കണം. കാവ്യലോകത്തിലും പല നിയമങ്ങളുണ്ടു്. നിരൂപനിയമങ്ങളെ ആശ്രയിച്ചു് കവികാവ്യനിൎമ്മാണം ചെയ്യാറില്ല. കാവ്യരസികന്മാർ ഭിന്ന രുചികളും, നിരൂപണം കാവ്യത്തിനുശേഷം ജനിക്കുന്നതുമാകുന്നു.

* "സാഹിത്യസാരം" എന്ന നിരൂപണഗ്രന്ഥത്തിലെ 17-ാം പുറം നോക്കുക. Ed.

യഥാൎത്ഥകാവ്യരസവും, കലാതത്വങ്ങളും സൂക്ഷ്മമായി ഗ്രഹിച്ചിരുന്ന സാഹിത്യപഞ്ചാനനൻ നിരൂപകൻ എന്ന നിലയിൽ സ്ഥിരപ്രതിഷ്ഠനാണ്. വേങ്ങയിൽ കുഞ്ഞുരാമൻ നായർ, കെ. രാമകൃഷ്ണപിള്ള, ഏ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ മുതലായ പ്രഖ്യാതന്മാരായി മലയാളസാഹിത്യനിരൂപകന്മാരുടെ കൂട്ടത്തിൽ സാഹിത്യപഞ്ചാനനന് ഒരു മാന്യസ്ഥാനമുണ്ട്. മുൻപറഞ്ഞവരുടെ നിരൂപണരീതി ഭിന്നങ്ങളാണ്. ലളിതഭാഷയിൽ ഫലിതരൂപത്തിൽ ഹൃദയം തുളയ്ക്കുന്ന വിധം നിരൂപണം ചെയ്യുവാൻ നായർ സമൎത്ഥനാണ്. അദ്ദേഹം പ്രായേണ ദോഷമേ കാണാറുള്ളു. ഫലിതം കുറഞ്ഞും വക്രത കൂടാതെയും ദോഷങ്ങൾ നിൎദ്ദയം നിശിതഭാഷയിൽ പറയുന്നതിനും മി. രാമകൃഷ്ണപിള്ളയ്ക്കു പ്രത്യേക വാസനയുണ്ട്. അദ്ദേഹം അപൂൎവ്വമായി ഗുണഭാഗങ്ങൾ കണ്ടു എന്നു വരാം. സരസഭാഷയിൽ ശാന്തമായി ഗുണദോഷഭാഗങ്ങൾ മഹാമനസ്കതയോടെ തെളിച്ചു കാണിക്കുവാൻ തമ്പുരാന് അനിതരസാധാരണമായ പ്രാപ്തിയുണ്ട്. ഫലിതം കലൎത്തി കൎക്കശവും ചിലപ്പോൾ വക്രവുമായ ഭാഷയിൽ ഹൃദയം നീറുന്ന വിധം നിരൂപണാഗ്നേയാസ്ത്രം യുക്തിയുക്തം പ്രയോഗിക്കുവാൻ മി. പി. കെ. നാരായണപിള്ള അദ്വിതീയനാകുന്നു. അദ്ദേഹത്തിന്റെ നിരൂപണരംഗം മററുള്ളവരുടേതിനേക്കാൾ വിസ്തൃതവുമാകുന്നു. ഗ്രന്ഥത്തിലെ ഗുണദോഷഭാഗങ്ങൾ എന്നതുപോലെ ഗ്രന്ഥകാരൻ, ഗ്രന്ഥത്തിന്റെ ഉത്ഭവകാലം, മുതലായവയും അദ്ദേഹത്തിനു നിരൂപണവിഷയങ്ങളാണ്. വാദമുഖങ്ങളെ അപഗ്രഥിച്ചു ത്യാജ്യാത്യാജ്യവിവേചനം ചെയ്തു യുക്തിപൂൎവം സ്വാഭിപ്രായം സ്ഥാപിക്കാനുള്ള സാമൎത്ഥ്യം പി. കെ. യെപ്പോലെ ഇതുവരെ ആൎക്കും ലഭിച്ചിട്ടില്ലായെന്നു പറയുമ്പോൾ ഭിന്നാഭിപ്രായക്കാരുണ്ടെങ്കിൽ ക്ഷമിക്കണമെന്നു അപേക്ഷിക്കുന്നു. കൃഷ്ണഗാഥാനിരൂപണം, തുഞ്ചത്തെഴുത്തച്ഛൻ, "മാലതീ മാധവവും പി. സി. അന്തപ്പായിയും" മുതലായ നിരൂപണലേഖനങ്ങൾ ഇവയ്ക്കു പ്രസ്പഷ്ടോദാഹരണങ്ങളാണ്. മഹാകവി കുഞ്ചൻനമ്പ്യാരുടെ ജീവിതചരിത്രം, കൃതികൾ, കാവ്യഗുണങ്ങൾ, മുതലായവയെ പുരസ്കരിച്ച് അദ്ദേഹം എഴുതിയിട്ടുള്ള 'കുഞ്ചൻനമ്പ്യാർ' അതുല്യമായ അദ്ദേഹത്തിന്റെ അന്വേഷണബുദ്ധി, ചരിത്രവിജ്ഞാനം, പരിശ്രമം, കാവ്യരസികത ഇവയ്ക്ക് മകുടോദാഹരണങ്ങളായി ഇന്നും പരിലസിക്കുന്നു. അദ്ദേഹത്തിന്റെ സ്ഥിരപരിശ്രമം ഇല്ലായിരുന്നുവെങ്കിൽ കുഞ്ചൻനമ്പ്യാരുടെ മനോഹരങ്ങളായ എത്രയോ തുള്ളൽകൃതികൾ ഇന്നും സൂൎയ്യപ്രകാശംപോലും ഏല്ക്കാതെ ചിതലിനു ആഹാരമായിതീൎന്നുപോകുമായിരുന്നു. ഉണ്ണിനീലിസന്ദേശം, ഗിരിജാകല്യാണം ഇവ സംബന്ധിച്ച് അദ്ദേഹം ചെയ്തിട്ടുള്ള സാഹിത്യചൎച്ചകൾ, പിൻഗാമികൾക്ക് അക്കാൎയ്യത്തിൽ അമൂല്യസമ്പത്തുകളായി തന്നെ ഇരിക്കുന്നു. വിജയനഗരസാമ്രാജ്യത്തെ സംബന്ധിച്ചുള്ള ലേഖനപരമ്പരകൾ അദ്ദേഹത്തിന്റെ അഗാധമായ ചരിത്രവിജ്ഞാനത്തെ തെളിയിക്കുന്നവകളാകുന്നു. പ്രശസ്ത ഗദ്യകാരനായ മി. പി. കെ. സാഹിത്യത്തിലും സമൎത്ഥനായി

രുന്നു. ശബ്ദാർത്ഥാലങ്കാരങ്ങൾ അദ്ദേഹത്തിൻെറ കവിതയിൽ സുലഭമാണ്. ഭാഷാപദ്യങ്ങളെക്കാൾ സംസ്കൃതപദ്യരചനയിലാണ് അദ്ദേഹത്തിനു വാസന. ഇടക്കാലത്തു നമ്മുടെ യുവകവികളിൽ കടന്നുകൂടിയ കവിതാഭ്രാന്തിനെ പരിഹസിക്കുവാൻ അദ്ദേഹം എഴുതിയിട്ടുള്ള 'ഭേകഗാഥ' കുറിക്കുകൊള്ളുക തന്നെ ചെയ്തു.

രാഷ്ട്രീയകാര്യങ്ങളിലും അദ്ദേഹം ഗവേഷണതല്പരനായ ഒരു പണ്ഡിതനായിരുന്നു. തിരുവിതാംകൂർ റവന്യൂ-ദേവസ്വംവിഭജനം സംബന്ധിച്ചു അദ്ദേഹം സമർപ്പിച്ച പ്രത്യേക റിപ്പോർട്ടു 'തലയുള്ള'വരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായി ഇന്നും സ്ഥിതിചെയ്യുന്നു.

ദേവസ്വങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിനുള്ള വിപുലജ്ഞാനം ഹിന്ദുക്കളും ദേവസ്വങ്ങളുമായുള്ള അഭേദ്യബന്ധത്തെക്കുറിച്ച് ചിന്തിക്കുവാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ചിട്ടുണ്ട്. നിയമസഭയിൽ അവതരിപ്പിക്കുവാൻ അദ്ദേഹം അനുവാദത്തിനപേക്ഷിച്ച ദേവസ്വംബില്ലിനു അനുവാദം ലഭിക്കാതെ പോയതു് ഹിന്ദുക്കളുടെ ദുർഭാഗ്യമെങ്കിലും അതേ സംബന്ധിച്ചുള്ള ഭാവി പ്രവൎത്തനത്തിൽ അതു് ഹിന്ദുക്കൾക്കു മാൎഗ്ഗദർശകമായിരിക്കുന്നു. അദ്ദേഹം ഉൽപ്പത്തിഷ്ണുവായ ഒരു രാഷ്ട്രീയചിന്തകൻ കൂടിയാണെന്നുള്ളതു് തിരുവനന്തപുരത്തുവച്ച് സർ. എം. വിശേശ്വരയ്യായുടെ അദ്ധ്യക്ഷതയിൽ നടന്ന ദക്ഷിണഭാരതനാട്ടുരാജ്യ പ്രജാസമ്മേളനത്തിലെ സ്വീകരണസംഘാദ്ധ്യക്ഷൻ എന്ന നിലയിൽ അദ്ദേഹം ചെയ്ത കാര്യസമ്പൂർണ്ണമായ പ്രസംഗം വെളിവാക്കിട്ടുണ്ട്. നാട്ടുരാജ്യങ്ങൾ ഉൾപ്പെടെയുള്ള ഒരു ഉത്തരവാദിത്വഭരണമാണ് ഇൻഡ്യക്കു ആവശ്യമെന്നു അദ്ദേഹം ആ പ്രസംഗത്തിൽ ശക്തിയുക്തം സമൎത്ഥിച്ചിട്ടുണ്ട്.

ഇങ്ങനെ സാഹിത്യകാരൻ, നിരൂപകൻ, ചരിത്രവിജ്ഞാനി, രാഷ്ട്രീയചിന്തകൻ, ഈ നിലകളിൽ മാത്രമല്ല മി. പി. കെയുടെ മാഹാത്മ്യം സ്ഥിതിചെയ്യുന്നതു്. മതപരമായി അദ്ദേഹത്തിനുള്ള പാണ്ഡിത്യം അഗാധമാണ്. വേദങ്ങൾ ഉപനിഷത്തുകൾ, ശ്രുതിസ്മൃതികൾ മുതലായവ സംബന്ധിച്ച് അദ്ദേഹം പലപ്പോഴായി എഴുതീട്ടുള്ള ലേഖനപരമ്പരകളും കേരളാചാര നാഡീപരീക്ഷയും നമുക്കു സുവിദിതങ്ങളാണല്ലോ.

സാമുദായികമായും അദ്ദേഹം പലതും പ്രവൎത്തിച്ചിട്ടുണ്ട്. ചില വലിയകാര്യങ്ങൾ നേടിയിട്ടും ഉണ്ട്. ഇപ്പോൾ നടപ്പിലിരിക്കുന്ന നായർബിൽ പാസ്സാക്കി എടുക്കുന്നതിൽ വിപരീതികളായ വിജാതിയരുടെ വാദങ്ങളെ യുക്തിദണ്ഡത്താൽ അടിച്ചമൎത്തി ബില്ലിൻെറ പുരോഗതിയിലും, അതുപാസ്സാക്കുന്നതിലും, ബിൽപ്രയോക്താവിനെക്കാൾ ശ്രമിച്ച് സാധിച്ചിട്ടുണ്ടെന്നുള്ളതു് ഒരു പരമാൎത്ഥം മാത്രമാണ്. ജനപ്രതിനിധിയായി പൊതുജനസേവനം, ഉത്തരവാദിത്വബോധത്തോടു കൂടി അദ്ദേഹം നിൎവ്വഹിച്ചിട്ടുണ്ട്.

സാഹിത്യഭാഗത്തു പ്രസ്താവിക്കേണ്ടിയിരുന്ന ഒരു സംഗതി വിസ്മരിച്ചു പോയതു് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സാഹിത്യപഞ്ചാനനൻെറ ഭാഷാസരണി എല്ലാ

വക്കും സുഗമമല്ല. വായിച്ചാലുടൻ തള്ളിമാററി അടുത്തതിലേയ്ക്കു കടക്കാവുന്ന ഒരു ക്ഷണികജീവിതമല്ല അദ്ദേഹത്തിൻെറ വാക്യങ്ങൾക്കുള്ളതു്. അതു് ആലോചനാമൃതങ്ങളാണു്; ചിന്തിക്കുന്തോറും സഹൃദയഹൃദയത്തെ ഉപര്യുപരി രസിപ്പിക്കുന്നതാണു്. രസവിച്ഛേദംവരാതെ ഫലിതവും വക്രതയും അതിൽ പലയിടത്തും കാണാം. നിരൂപണവേളയിൽ ഗ്രന്ഥകർത്താക്കളുടെ തലതല്ലിപ്പൊളിപ്പിക്കുന്ന ബലിഷ്ഠഭുജങ്ങളും, പ്രതിയോഗിയുടെ ഹൃദയത്തെ കുത്തിപ്പിളക്കുന്ന നിശിതനഖരങ്ങളും, സാഹിത്യപഞ്ചാനനന്റെ ഗദ്യസരണിയിൽ കാണാം. അതിനേതെങ്കിലും ഒരു ഭാഷാരീതിയോടു വല്ലസാമ്യവും കല്പിക്കാമെങ്കിൽ അതു പരേതനായ സി. വി. രാമൻപിള്ള അവർകളുടെ ഭാഷാരീതിയോടുമാത്രമാണു്. ഫലിതസമ്മിശ്രമായ ഭാഷ അദ്ദേഹത്തിൻെറ ഏതു ലേഖനങ്ങളിലും കാണാവുന്നതാണു്. ഉദാഹരണമായി പ്രാചീനവിദ്യാഭ്യാസരീതിയെ സംബന്ധിച്ചു് അദ്ദേഹത്തിൻെറ സ്മരണമണ്ഡലത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം.

"ഒരു കാലത്തു് വിദ്യക്കു് അദ്ധ്യേതാവിന്റെ അന്തശ്ശരീരത്തിൽ പ്രവേശിക്കുവാൻ വാദ്യമേളമായി തലയ്ക്കിട്ടു കൊട്ടുകളും വിദ്യാർത്ഥികളുടെ ശബ്ദഘോഷണങ്ങളും, ചൂരൽവടികൊണ്ടുള്ള ചിലതട്ടുകളും വേണ്ടിയിരുന്നതിനു പുറമേ കണ്ണുരന്ധ്രങ്ങളിൽ കടന്നുകൂടുന്നതിനു മുമ്പേ മത്തഭ്രമരം പുഷ്പത്തിന്റെ മദ്ധ്യഭാഗത്തു തേൻ തപ്പിച്ചെന്നു ചുററുമുള്ള പുഷ്പദലങ്ങളിൽ പരുഷമായി പതിക്കുന്നതുപോലെ കാതിൻെറ വള്ളികളിലുംമററും ചില ഉഴവുചാലുകൾ ഉണ്ടാകാതെ കഴിഞ്ഞിരുന്നില്ല."

പഴയവിദ്യാഭ്യാസരീതിയും, ആശാന്മാരുടെ ദണ്ഡനക്രമങ്ങളും എത്ര സൂക്ഷ്മമായി ഇതിൽ വിമർശിച്ചിരിക്കുന്നു എന്നു നോക്കുക. ഈവിധമുള്ള ഫലിതങ്ങൾ ഇദ്ദേഹത്തിൻെറ ഏതു ലേഖനങ്ങളിലും സുലഭങ്ങളാണു്. (സ്വാനുഭവങ്ങളിൽനിന്നു, മി: പി. കെയുടെ പല ഫലിതസംഭാഷണങ്ങളും, അഭിനയചാതുര്യവും അദ്ധ്യക്ഷൻ വിവരിച്ചു.)

അടുത്ത കാലത്തു നടന്ന കല്യാണസൗഗന്ധത്തിലെ 'കല്യാണ' പദവാദം അക്ഷോഭ്യമായ ഈ സംഹിത്യരത്നഗർഭത്തിലെ അമൂല്യരത്നങ്ങൾ കണ്ടു് അമ്പരക്കുവാൻ ചില യുവസാഹിത്യവീരന്മാർക്കു് ഇടകൊടുത്തിട്ടുണ്ടു്.

പണ്ഡിതനായും ഒരു ഗുരുവരനായും സുസമ്മതനായ ഒരഭിഭാഷകനായും പ്രാപ്തനായ ഒരു ന്യായാധിപനായും അദ്ദേഹം തൻെറ ജീവിതകാലത്തിലെ ഓരോ ഘട്ടങ്ങൾ തരണം ചെയ്തിട്ടുണ്ടു്. അദ്ദേഹം എഴുതിത്തുടങ്ങിയിരുന്ന വിജ്ഞാനപ്രദമായ സ്മരണമണ്ഡലം പൂർത്തിയാകാതെ പോയതു കൈരളിയുടെ നിർഭാഗ്യംതന്നെ. സർക്കാർ സർവ്വീസിൽനിന്നും പിരിഞ്ഞു കേരളഭാഷാപോഷണത്തിൽ ബദ്ധശ്രദ്ധനായി പ്രവർത്തിച്ചുപോന്ന അദ്ദേഹത്തിൻെറ ദേഹവിയോഗം കേരളഭാഷയ്ക്കു് ഒരിക്കലും പരിഹരിക്കാൻ കഴിയാത്ത ഒരു വലിയ നഷ്ടമാണു്. മി. പി. കെ. നാരായണപിള്ളയ്ക്കു വിവിധ നിലകളിലും ഔന്നത്യം സിദ്ധിക്കാനുള്ള പ്രധാനകാരണം വിവിധസംഗതികളിലും

ശാസ്ത്രങ്ങളിലും അദ്ദേഹത്തിനുള്ള അപാരപാണ്ഡിത്യമാണ്. ഇത്ര ഉൽകൃഷ്ടനായ ഒരാളിന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ജന്മസ്ഥലത്ത് ഒരു പൊതുസ്ഥാപനം ഉണ്ടായിരിക്കേണ്ടതു് അവശ്യമാകുന്നു. യശഃശരീരനായ അദ്ദേഹത്തിന്റെ സ്മാരണ കേരളഭാഷയുള്ളടത്തോളം കാലം യാതൊരു പ്രേരകശക്തിയും കൂടാതെ അഭംഗമായി സ്ഥിതി ചെയ്യുമെങ്കിലും നമ്മുടെ കടമ നമുക്കു വഹിക്കേണ്ടതായിട്ടുണ്ടു്. ഒരാളിന്റെ സ്മാരകം അയാളുടെ പ്രധാനാദർശനങ്ങളുടെ വികസനത്തിനും പ്രചാരണത്തിനും ഉതകുന്നതായിരിക്കണം. ആ സ്ഥിതിക്കു് ആയുസ്സിന്റെ പ്രധാന ഭാഗം കേരളഭാഷോന്നമനത്തിനായി പരിശ്രമിച്ച പണ്ഡിതവര്യനായ മി. പി. കെ. നാരായണപിള്ളയുടെ സ്മാരകത്തിനു വായനശാലയെക്കാൾ യോജിച്ച ഒരു മറെറാരു സ്ഥാപനം ഇല്ലതന്നെ. അതിനാൽ പി. കെ. മെമ്മോറിയൽ വായനശാലാപ്രവത്തകന്മാർ ഉചിതജ്ഞരും കേരളീയരുടെ അഭിനന്ദനത്തിനു തികച്ചും പാത്രീഭൂതരുമാണ്.

സ്മാരകങ്ങൾ സ്മര്യപുരുഷന്മാരുടെ ആദർശകൃത്യങ്ങളെയും ചിന്താഗതികളേയും ഉച്ചൈസ്തരം ഘോഷിച്ചുകൊണ്ടു് അവയുടെ ആചരണം, പ്രചരണം, പരിപൂത്തി ഇവയിലേക്കു ലോകരെ ആകഷിച്ചു് പ്രവത്തിപ്പിച്ചു സ്മരണീയത്തിന്റെ മാഹത്മ്യത്തെ വദ്ധമാനമാക്കി നിലനിത്തുകയും മഹാന്മാരോടു് ലോകക്കുള്ള കടപ്പാടിനെ യഥാവിധി നിർവഹിപ്പിക്കയും ചെയ്യുന്നു.

ഇങ്ങനെയുള്ള സ്മാരകങ്ങൾ ലോകത്തിൽ എവിടെയും പ്രാചീനകാലം മുതൽക്കേ ഉണ്ടായിട്ടുള്ളതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതും മേലിലും ഉണ്ടാകുന്നതും ആകുന്നു.

പ്രിയപ്പെട്ട സഹോദരരേ! ഗുരുവിന്റെ മാഹാത്മ്യങ്ങളെ കണ്ടറിയുവാൻ മറവുള്ള വക്കുള്ള ബുദ്ധിയുടേയും കഴിവിൻേറയും അതിനെ നില നിത്തണമെന്നുള്ള അവരുടെ ആഗ്രഹത്തിൻേറയും വദ്ധനപോലെ കാലാന്തരത്തിൽ സ്മാരകങ്ങളും വദ്ധിക്കും. ജ്ഞാനലബ്ധിക്കായി ലോകം അശ്രാന്തമായി ശ്രമിക്കയും നിമിഷം പ്രതി നൂതനാശയങ്ങൾ ലോകത്തിൽ വെളിപ്പെടുകയും ചെയ്തുവരുന്ന ഇക്കാലത്തു് പൊതുജനങ്ങൾക്കു് ജ്ഞാനലബ്ധിക്കു് ഏററവും ഉതകുന്ന വായനശാലകൾ കൂടുതൽ ഉണ്ടാകേണ്ടതു് ലോകനന്മയ്ക്കു് അത്യന്താപേക്ഷിതമാകുന്നു. അവ ജീവിതകാലം മുഴുവനും ലോകവിജ്ഞാനപ്രദാനത്തിനായി ബലികഴിച്ചിട്ടുള്ള സ്മാരകം കൂടിയാണെങ്കിൽ അതിന്റെ മാഹാത്മ്യവും പ്രയോജനവും അവാച്യമത്രേ.

പി. കെ. മെമ്മോറിയൽ വായനശാല കേരളത്തിലെ വായനശാലകളുടെ കൂട്ടത്തിൽ മുന്നണിയിൽ തന്നെ അചിരേണ പ്രാപിക്കുമെന്നു് എനിക്കു വിശ്വാസമുണ്ടു്. കാരണം സ്മരണീയനായ സാഹിത്യപഞ്ചാനനൻ കേരളീയരുടെ ഹൃദയത്തിൽ അത്രമാത്രം സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചിട്ടുണ്ടെന്നുള്ളതും ഇതിന്റെ പ്രവത്തകന്മാർ അത്രമാത്രം ആത്മാത്ഥതയോടുകൂടി പ്രവത്തിക്കുന്നവരാണെന്നുള്ളതുമാണ്. പ്രവത്തകന്മാരുടെ ബുദ്ധിയിൽ എത്തുപെടാത്ത ഒരു സംഗതിയായിട്ടല്ല ഞാൻ ഒരു കാര്യം പറയുവാൻ

പോകുന്നതു്. ഈ മാതിരി സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിലും സുസ്ഥിരമായ മൂലധനത്തിലുമാണു വിജയം പ്രാപിക്കുന്നതു് എന്നുള്ള പരമാർത്ഥം അവർ ഓർമ്മിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ അനുസ്യൂതമായി ലഭിക്കത്തക്കവണ്ണം പരിശുദ്ധവും നിസ്സ്വാർത്ഥവും സർവോപരി സത്യാധിഷ്ഠിതവുമായ പ്രവൃത്തികൊണ്ടു് അവ പൊതുജനവിശ്വാസവും സമ്മതവും ആർജ്ജിക്കുക എന്നുള്ളതാണു് അവരുടെ വിജയത്തിന്റെ അടിസ്ഥാനമെന്നു് ഞാൻ വ്യക്തമായി അവരെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതികൂടി പ്രസ്താവിച്ചുകൊണ്ടു് എന്റെ ഈ ഉപക്രമം അവസാനിപ്പിക്കാം. സാഹിത്യപഞ്ചാനനന്റെ സ്മാരകമായി നടത്തുന്ന ഈ വായനശാല മററു പല വായനശാലകളെപ്പോലെ കുറെ പുസ്തകങ്ങളും പത്രങ്ങളും ചീട്ടുകളിയും വെടിപറച്ചിലുമായി (ഇവിടെ അങ്ങനെയല്ലായിരിക്കാം) കഴിഞ്ഞാൽ പോരാ. സാഹിത്യാഭിവൃദ്ധിക്കായുള്ള പ്രവർത്തനങ്ങളാണു് ഇതിൽ പ്രധാനമായി നടക്കേണ്ടതു്. ഗ്രന്ഥപാരായണസൌകര്യം കൊണ്ടുമാത്രം അതുവേണ്ടതുപോലെ സാധിച്ചുവെന്നു വരികയില്ല. ഭാഷാപോഷണാർത്ഥമായുള്ള പി. കെ. യുടെ പ്രവർത്തനപദ്ധതികളെ ഈ വായനശാലാപ്രവർത്തകന്മാർ തുടരണം. അതായതു് അപ്രസിദ്ധീകൃതങ്ങളായ പ്രാചീന ഗ്രന്ഥങ്ങൾ ചരിത്രരേഖകൾ മുതലായവയെ തേടിപ്പിടിച്ചു പരിശോധിച്ചു പ്രസിദ്ധീകരിക്കുക. കലകളെ പോഷിപ്പിക്കുക. കഴിവുണ്ടെങ്കിൽ സാഹിത്യപഞ്ചാനനൻ എന്ന പേരിൽ ഒരു മാസിക തന്നെ തുടങ്ങുക. ഇങ്ങനെ വിവിധപദ്ധതികളിൽ കൂടി ശ്രമിക്കണമെന്നുള്ള എന്റെ വിനീതാഭിപ്രായത്തെ ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ. വഴി നിർദ്ദേശിക്കുവാൻ പലരും കാണും. പലർക്കും കഴിയുകയും ചെയ്യും. പക്ഷേ ആ വഴിയേ പോകുവാനേ വിഷമമുള്ളു എന്നു നിങ്ങളിൽ പലരുടേയും അന്തഃകരണം നിശ്ശബ്ദം പ്രവചിക്കുന്നതായി ഞാൻ ഈ മാത്രയിൽ അറിയായ്കയല്ല. അതായതു പണത്തിന്റെ കാര്യം. അതു പരമാർത്ഥമാണു്. എങ്കിലും നിസ്സ്വാർത്ഥമായ സ്ഥിരോത്സാഹം കൊണ്ടു് ആ വിഷമം ഏറെക്കുറെ പരിഹരിക്കാമെന്നാണു് എന്റെ വിശ്വാസം. ഏതൽ പ്രവർത്തകന്മാർ അക്കാര്യത്തിൽ ഒട്ടും അപ്രാപ്തരല്ലെന്നു ഞാൻ കരുതുന്നു.

നിങ്ങളെ അല്പമായെങ്കിലും മുഷിപ്പിക്കാതിരുന്നിട്ടില്ലാത്ത ഈ ഉപക്രമം ഇനിയും നീട്ടണമെന്നു് വിചാരിക്കുന്നില്ല. ഇത്ര മഹത്തായ ഒരു സ്ഥാനത്തേക്കു് എന്നെ ക്ഷണിച്ച വായനശാലാഭാരവാഹികളോടു് എനിക്കുള്ള നിസ്സീമമായ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ടും ഈ സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിലേക്കു സഭാവാസികളുടെ സഹകരണത്തേയും ശ്രീകൃഷ്ണസ്വാമിയുടെ അനുഗ്രഹത്തെയും അഭ്യർത്ഥിച്ചുകൊണ്ടും അനന്തരകാര്യപരിപാടിയിലേക്കു പ്രവേശിച്ചുകൊള്ളുന്നു.

# അസ്വാതന്ത്ര്യയായ ദേവി

വിദ്വാൻ, പി. കേശവൻ.

(കേക)

എന്തു നീ ദേവി, വെമ്പലാർന്നിരിക്കുന്നു
ചിത്തം
നൊന്തമട്ടനാഥമിക്കാന്താരാന്തരം
തന്നിൽ
ചിന്തയാം കൊടുംതീയിൽ കാർശ്യമേറും
നാവാൽ
വെന്തു നീറാകേണ്ടതോ ഹന്ത! നിൻ-
കഴിവുകൾ?
തെന്നലിൽപോലും നിന്റെ നിശ്വാസ-
ശ്വസനാംശം
ചെന്നണയാവ്വാൻ താനേ കശ്മലർ കാ-
വൽചെയ്‌വൂ?
എത്ര പേർ നിന്നവശ്യനശ്വരദേഹം
സൂക്ഷി-
ച്ചത്ര കണ്ണിമയ്ക്കാതെ ചുഴലമിരുന്നോട്ടേ,
എത്ര പേരതു വീഴ്ത്താൻ തീവ്രമാം ശസ്ത്ര-
ങ്ങളെ
നിർദ്ദയം ചൊരിയട്ടേ കരിങ്കൽകരള-
ള്ളോർ
എങ്ങുമേ താണീടാത്ത നിന്റെ ദിവ്യാത്മ
ശക്തി
മങ്ങുമോ? ഞങ്ങളാശ കാനൽനീരിലോ
വയ്‌പൂ?
ഇല്ല കില്ലില്ല, നിൻ തൂമതിനേർമുഖ-
ശ്രീയെ-
ത്തെല്ലു മാച്ചൊരു കരിങ്കാറതന്നിടയി-
ലായ്
സ്പഷ്ടമായ് ഞങ്ങൾക്കൊരു ഭാസ്വരോ-
ദയ രശ്മി-
യിഷ്ടദേവതേ, കണ്ണിൽച്ചന്ദനച്ചാർ
വീഴ്ത്തുന്നു!
ഏതഴൽവായ്പും സഹിച്ചീടുവാൻ കരു-
ത്തുള്ള
ചേതസ്സുനിനക്കതിന്നാരാലും ലോഭനീയം
അദ്രിപോൽ ഗഭീരം നൽപൂവുപോൽ
മൃദുവതീ-
യബ്ധിമേഖലയ്ക്കിഷ്ടപുത്രിതാൻ സുഭഗേ
നീ.
തങ്കവാർതളികപോൽ തിളങ്ങും തവ
മഞ്ജു-
തിങ്കൾനേർതിരുമുഖത്തുമന്ദഹാസദ്യുതി
നിന്നടി പണിവോരാം നിർമ്മലഭക്ത-
ന്മാരി-
ലൊന്നിൽ നിന്നൊന്നിലെന്ന മട്ടിങ്ങു
പകരവേ
ക്രൂരിതൾക്കൊട്ടമയിലാണ്ടു പോയൊരു
ലോകം
വാരൊളിവീശും കതിർപ്പൂങ്കുലയേന്തിടുന്നു
മംഗലാത്മികേ, ദേവി, മംഗലംതാൻ
നിനക്കു
സംഗതം, മായാതല്ല നീണ്ടുനില്ക്കില്ലെ-
ന്നേയ്ക്കും.

# വാർദ്ധാ വിദ്യാഭ്യാസപദ്ധതി

## അതിൻെറ വിജ്ഞാനപരിധി

പി. കെ. നാരായണപിള്ള എം. എ.

### സാമുദായിക പഠനം

മനുഷ്യൻ ഒരു സാമുദായികജീവിയാണല്ലോ. വിസ്തൃതമായ ഈ ഭൂമുഖത്തിൽ അവന്ന് ഏതാണ്ട് ൮൦൦൦ കൊല്ലത്തെ ചരിത്രമുണ്ടെന്ന് അഭിമാനിക്കാം. സാമുദായികജീവിതത്തെക്കുറിച്ചും അതിൽ തനിക്കുള്ള നിലയെക്കുറിച്ചും യഥാർത്ഥമായ ബോധമുണ്ടാകണമെങ്കിൽ ഏതൊരു വ്യക്തിക്കും തൻെറ ഭൂമിശാസ്ത്രപരമായ സ്ഥാനത്തെയും ചരിത്രപരമായ പാരമ്പര്യത്തെയും സംബന്ധിച്ചുള്ള അറിവ് അപേക്ഷണീയമാകുന്നു. ഭൂമിശാസ്ത്രം ദേശികമായ പരിസരങ്ങളോടു നമ്മെ ഇണക്കുന്നു. ചരിത്രം കാലികമായ പരിതഃസ്ഥിതികളുമായി നമ്മെ പരിചയപ്പെടുത്തുന്നു. ഈ രണ്ടുവിജ്ഞാനശാഖകളുടേയും സാഹായ്യമില്ലാതെ കാലദേശോപാധികളെ ആസ്പദമാക്കി മനുഷ്യൻെറ നില എന്തെന്നു നിർണ്ണയിക്കുക അസാദ്ധ്യമാണല്ലോ. എപ്രകാരമുള്ള ഭൂതചരിത്രത്തിൻെറ മസ്തിഷ്കത്തിലാണ് നാം സ്ഥിതിചെയ്യുന്നതെന്നും ഏതുതരത്തിലുള്ള ഭൂമണ്ഡലത്തിലാണു നാം നിവസിക്കുന്നതെന്നും ഉള്ള അറിവിൻെറ അഭാവം മനുഷ്യജീവിതത്തിന്റെ യാഥാർത്ഥ്യത്തിൽ നിന്നും നമ്മെ ദൂലോം അകററിക്കളയുമെന്നതിൽ സംശയമില്ല.

വിജയപ്രദമായ സാമുദായികജീവിതത്തിന്ന് ചരിത്രവിജ്ഞാനത്തേയും ഭൂമിശാസ്ത്രപരിചയത്തേയും പോലെതന്നെ പൗരധർമ്മത്തെക്കുറിച്ചുള്ള ശരിയായ ബോധം അനുപേക്ഷണീയമാകുന്നു. ഇദാനീന്തനങ്ങളായ സംഭവങ്ങളെക്കുറിച്ചും ആധുനികസാമുദായിക ജീവിതത്തെ വലയം ചെയ്യുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ചും ബുദ്ധിപൂർവ്വവും അവ്യഭിചരിതവുമായ രീതിയിൽ ജ്ഞാനസമ്പാദനം ചെയ്യുന്നതിന് പൗരധർമ്മപഠനം സഹായിക്കുന്നു. ഇതുകൂടാതെ സഹകരണബുദ്ധിയോടും, സ്വാതന്ത്ര്യബോധത്തോടും, സേവനതാൽപര്യത്തോടും കൂടി സജീവവും സഫലവുമായ ഒരു ജീവിതം നയിക്കുന്നതിനു പൗരധർമ്മപഠനം യുവാക്കന്മാരെ ശക്തരാക്കുന്നു. യഥാർത്ഥമായ പൗരജീവിതത്തിനു ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം എന്നീ വിഷയങ്ങളിൽ ഒരു വ്യക്തിക്കുണ്ടായിരിക്കേണ്ട വിജ്ഞാനം വാർദ്ധാവിദ്യാലയത്തിൽ സുലഭമാണെന്നു താഴെ പ്രതിപാദിക്കുന്ന വിഷയപരിപാടി തെളിയിക്കും.

വിദ്യാർത്ഥികളിൽ കൗതുകത്തെ ഉത്തേജനം ചെയ്യിച്ചുകൊണ്ട് ഏററവും രസപ്രദവും ഭാവനാപരവുമായ രീതിയിൽ

മനുഷ്യസമുദായത്തിന്റെ പ്രഭാതചരിത്രം അദ്ധ്യാപകൻ പ്രഥമഭാഗത്തിൽ പഠിപ്പിക്കണം. മനുഷ്യൻ തന്റെ പ്രാകൃതങ്ങളായ ആവശ്യങ്ങൾ എപ്രകാരം നേടി എന്നും, ക്രമേണ പരിഷ്കൃതജീവിതത്തിലേക്ക ഏതു വിധത്തിൽ പുരോഗമിച്ചു എന്നും വിവരിക്കുന്ന ഈ വിഷയത്തിൽ ഗുഹാഗൃഹങ്ങൾ മുതലായ ആദിമമനുഷ്യസങ്കേതങ്ങൾ, പട്ടവസ്ത്രങ്ങളുടേയും കമ്പിളികളുടേയും പൂർവ്വഗാമികളായ പത്രാവരണം ചീവരം, ജന്തുചർമ്മപരിധാനം എന്നിവ, ആഹാരത്തിനുവേണ്ടി വേട്ടയാടിയും പുൽത്തകടികൾ തേടിയും അല്ലാല്ലം കൃഷിചെയ്തും മനുഷ്യൻ നയിച്ച ദശാവിശേഷങ്ങൾ, കല്ല്, തടി ലോഹം എന്നിവകൊണ്ടു മനുഷ്യൻ ഉണ്ടാക്കിയിരുന്ന ആയുധങ്ങൾ, വരമൊഴിയുടേയും വായ്മൊഴിയുടേയും പ്രഥമദശ, കുതിര പശു പട്ടി തുടങ്ങി ആദിമമനുഷ്യനു സഹായികളായിരുന്ന ജന്തുക്കൾ, എന്നീ ഭാഗങ്ങൾ ഉൾപ്പെടുന്നു. പ്രാചീനവും ചരിത്രത്തിനു സാമാന്യം ഗോചരവുമായ കാലത്തു ഈജിപ്റ്റിലും ചൈനായിലും ഇന്ത്യയിലും ജീവിച്ചിരുന്നവരുടെ കഥകളും സംസ്കാരപരിമാണവും പ്രഥമഭാഗവിദ്യാർത്ഥിയെ പരിമിതമായ വിധത്തിൽ ഗ്രഹിപ്പിക്കണം. അറേബ്യാ, ആഫ്രിക്കാ മുതലായ വിദൂരദേശങ്ങളിലെ പ്രാചീന മനുഷ്യരെക്കുറിച്ചും ചിലതെല്ലാം ആദ്യവർഷത്തിൽ തന്നെ കുട്ടികൾ മനസ്സിലാക്കും. ഇതുകൂടാതെ പ്രഥമവർഷത്തിലെ സാമുദായിക പഠനശാഖയിൽ പൗരജീവിതപരിശീലനവും ഉൾപ്പെടുന്നു. വൃത്തി, ശുചീകരണം, സാമുദായികചുമതലകൾ, കൈത്തൊഴിലിൽ വേണ്ട വെടിപ്പും ക്രമവും, ഗൃഹത്തിലും വിദ്യാലയത്തിലും കൃത്യബോധത്തോടുകൂടിയ കർത്തവ്യനിർവഹണം, വിനോദങ്ങളിൽ സത്യസന്ധതാപാലനം, ഗ്രാമീണവിനോദങ്ങൾ എന്നിവയെക്കുറിച്ചു അറിയുന്നതാണ് ഈ പരിശീലനത്തിന്റെ ഉദ്ദേശം.

ആധുനികകാലങ്ങളിൽ അപരിഷ്കൃതമായി ജീവിതം നയിക്കുന്ന മനുഷ്യവിഭാഗം, ഉപനിഷത്കാലഘട്ടത്തിൽ ഹീബ്രൂവർഗ്ഗം, റോമാക്കർ, ഇന്ത്യാക്കാർ എന്നിവരുടെ നില, ജപ്പാൻ, പേർഷ്യ തുടങ്ങിയ ചില രാജ്യങ്ങളിലെ ബാലന്മാരുടെ ആധുനികസ്ഥിതി, എന്നീ വിഷയങ്ങളാണു രണ്ടാംകൊല്ലത്തിൽ നരശാസ്ത്രപരമായ പഠനവിഷയങ്ങൾ. ഈ ഘട്ടത്തിൽതന്നെ ശുചീകരണസംബന്ധമായ പ്രായോഗിക പരിശീലനങ്ങൾ വിദ്യാർത്ഥികൾക്ക നൽകുന്നതാണ്. ഗൃഹപരിസരങ്ങളും ഗ്രാമവീഥികളും വഴിയരികിലുള്ള കിണറുകളും മററും ശുചിയാക്കുന്ന കൃത്യത്തിൽ കുട്ടികൾ വ്യാപൃതരായിരിക്കണം എന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. വിദ്യാലയങ്ങളിലെ ആഘോഷത്തിൽ പങ്കെടുത്തു ഗ്രാമവാസികളെ വിനോദിപ്പിക്കുന്നതിനുള്ള സാമർത്ഥ്യവും ദ്വിതീയവർഷം മുതൽതന്നെ വിദ്യാർത്ഥികൾ സമ്പാദിച്ചു തുടങ്ങും. മൂന്നാംകൊല്ലത്തിൽ ബൗദ്ധഭാരതം (Buddhist India) പ്രാചീന പേർഷ്യ, പുരാതനഗ്രീസ് എന്നിവയെ ആസ്പദമാക്കി മനുഷ്യന്റെ പൂർവ്വചരിത്രവും, ന്യൂയോർക്ക് ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിലെ ബാലന്മാരുടെ ആധുനിക നിലയെ ആസ്പദമാക്കി വിദൂരസ്ഥരായ ഇദാനീന്തനന്മാരുടെ ചരിത്രവും വിദ്യാർത്ഥികൾ പഠിക്കുന്നു. അവനവൻ

താമസിക്കുന്ന താലൂക്കിനേയോ ഡിസ്ട്രിക്ററിനേയോ കുറിച്ചു സഞ്ചരിച്ചും, ഭൂപടങ്ങൾ തയ്യാറാക്കിയും ശരിയായ ഒരു ജ്ഞാനം സമ്പാദിക്കുകയും ഭൂഗോളത്തെപ്പററി അനതിവിസ്തരമായി പഠിക്കുകയും ആണ് ഈ വർഷത്തിലെ ഭൂമിശാസ്ത്രവിഷയങ്ങൾ. ഗ്രാമങ്ങളിലെ പ്രധാന സ്ഥാപനങ്ങളുടെ സന്നിവേശവും അവയുടെ ഭരണസമ്പ്രദായവും മനസ്സിലാക്കി ഗ്രാമപ്പഞ്ചായത്തിനെ മാതൃകയായി സ്വീകരിച്ചു വിദ്യാലയങ്ങളിൽ പഞ്ചായത്തുകൾ ഏർപ്പെടുത്തുക, സേവാസംഘങ്ങൾ രൂപവത്കരിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളിലും ഈ വർഷത്തിൽ പരിശീലനം നൽകുന്നതാണ്. ദേശീയങ്ങളായ ആഘോഷങ്ങളിൽ പങ്കെടുക്കുക ചന്ത, ഉത്സവസ്ഥലം എന്നിങ്ങനെ ആളുകൾ കൂടുന്ന സ്ഥലങ്ങളിൽ സന്നദ്ധസംഘങ്ങളായിരിക്കുക, കുട്ടികൾക്കും പ്രായം ചെന്നവക്കും വിനോദസൗകര്യമുണ്ടാക്കിക്കൊടുക്കുക, ഗ്രാമശുചീകരണത്തിൽ വ്യാപൃതരായിരിക്കുക, എന്നിങ്ങനെ പൗരജീവിതത്തെ ശോഭനമാക്കുന്ന പല സംഗതികളിലും തൃതീയഭാഗവിദ്യാർത്ഥിക്കു പ്രവേശനം ലഭിക്കും. ക്രിസ്തുവിന്റേയും ആദിമക്രിസ്ത്യാനികളുടേയും, കഥകളും, സ്വദേശത്തിലെ വ്യാവസായിക നിലയും, പട്ടണത്തിലെ സംഘടിത സാമുദായിക സ്ഥിതിയും ചതുർത്ഥഭാഗത്തിൽ പുതുതായിപ്പഠിക്കുന്ന വിഷയങ്ങളാണ്. പത്രം വായിച്ച് അനുദിനസംഭവങ്ങളെപ്പററി പഠിക്കുവാനുള്ള പരിശീലനവും ഈ വഷത്തിലാണ് ആരംഭിക്കുന്നത്.

പഞ്ചമഭാഗത്തിൽ വിദ്യാർത്ഥികൾ മഹമ്മദീയസംസ്കാരത്തിന്റെ ഉത്പത്തിയും പുരോഗതിയും പ്രചാരവും ചരിത്രപരമായ രീതിയിൽ ഭാരതത്തെ പ്രത്യേകം പരാമർശിച്ചുകൊണ്ട് അദ്ധ്യയനം ചെയ്യുന്നു. ഹിന്ദുക്കളുടേയും മഹമ്മദീയരുടേയും സംസ്കാരങ്ങളുടെ പരസ്പരപരിബാധനം പ്രകാശിച്ചും ഉഭയസമുദായങ്ങൾക്കും ജീവിതരീതിയിലുള്ള സമാനാംശങ്ങളെ വിവരിച്ചും മററും കുട്ടികളിൽ ഹിന്ദുമുസ്ലീംമൈത്രിയുടെ ബീജാവാപം ചെയ്യുവാൻ അദ്ധ്യാപകന്മാർ യത്നിക്കുന്നതാണ്. ഈ വഷത്തിൽ ഭാരതത്തിലെ പ്രകൃതിവിഭാഗങ്ങൾ, ശീതോഷ്ണാവസ്ഥ, വ്യവസായം, ജനസംഖ്യ, ഗതാഗതസൗകര്യം തുടങ്ങിയ ഭൂമിശാസ്ത്രസംബന്ധങ്ങളായ വിഷയങ്ങൾക്കാണ് പ്രാധാന്യം കല്പിച്ചിരിക്കുന്നതെങ്കിലും ഭൂമിയുടെ പലഭാഗങ്ങളെപ്പററിയും ചിലതെല്ലാം ഗ്രഹിക്കുന്നതിനും വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നതാണ്.

നൂൽനൂൽപിനെ കുറിച്ചുള്ള സമഗ്രമായ ചരിത്രവും ഈ ഭാഗത്തിലെ പാഠ്യവിഷയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പത്രപ്രസിദ്ധീകരണം, പ്രാദേശിക ഭരണസമിതികളുടെ ഭരണം തുടങ്ങിയവ ഈ വർഷത്തെ പൗരധർമ്മപഠനത്തിൽ അന്തർഭവിച്ചിരിക്കുന്നു.

ഭാരതവർഷത്തിന്റെ ആധുനികചരിത്രം ഷഷ്ഠഭാഗത്തിൽ ആരംഭിക്കുന്നു. മുഗൾസാമ്രാജ്യത്തിന്റെ അധഃപതനം മഹാരാഷ്ട്രന്മാരുടെ ഉയർച്ച, ഭാരതീയ മുസ്ലീംസംസ്കാരത്തിനു വന്ന ക്ഷയം, ഇന്ത്യയിൽ ആദ്യം വന്ന പാശ്ചാത്യവണിക്കുകളുടെ കഥ, ഇംഗ്ലീഷുകാർ ഇന്ത്യയെ സ്വാധീനപ്പെടുത്തിയ ചരിത്രം എന്നിങ്ങനെയുള്ള വിഷയങ്ങളാണ് ഇതിൽ പ്രാധാന്യം വഹിക്കുന്നത്. മതം, സാമു

ദായിക ജീവിതം, രാഷ്ട്രീയാദർശം, സാഹിത്യം, വിദ്യാഭ്യാസം, വ്യവസായം തുടങ്ങിയ പന്ഥാക്കളിൽ ഭാരതീയ സംസ്കാരത്തെ പാശ്ചാത്യപരിഷ്കാരം എത്രത്തോളം പരിബാധിച്ചിരിക്കുന്നു എന്നും വിദ്യാർത്ഥികൾ ഇക്കൊല്ലത്തിൽ പഠിക്കുന്നു. ഭാരതീയരാഷ്ട്രീയപ്രക്ഷോഭണത്തിന്റെ ചരിത്രവും ഷഷ്ഠഭാഗവിദ്യാർത്ഥികൾക്കു പാഠ്യവിഷയമാകുന്നു. ഭാരതത്തിലെ നെയ്ത്തുവ്യവസായത്തിന്റെ നിഷ്കൃഷ്ടചരിത്രവും ഈ വർഷത്തിൽ പഠിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. ഭൂമിശാസ്ത്രവിഷയകമായി ഭൂഖണ്ഡങ്ങളെക്കുറിച്ചു സാമാന്യമായും യൂറേഷ്യായെക്കുറിച്ചു സമഗ്രമായും പഠിക്കുന്നു. ഇതുകൂടാതെ എവറെസ്റ്റ് അധിരോഹണം, ഉത്തരധ്രുവയാനം തുടങ്ങിയ ആധുനിക ഭൂമാറ്റങ്ങണത്തെപ്പററിയും വിദ്യാർത്ഥികൾക്കു അറിവു ലഭിക്കുന്നു. ഗ്രാമങ്ങളിലെ സാമ്പത്തികവും, സാമുദായികവും, സാംസ്കാരികവുമായ നിലയെന്തെന്നു അടുത്തറിഞ്ഞു സൂക്ഷ്മമായി പഠിക്കുകയും ന്യൂനതകൾക്കു പരിഹാരമുണ്ടാക്കുവാൻ സേവനബുദ്ധിയോടുകൂടി പ്രയത്നിക്കുകയുമാണ് ഈ വർഷത്തിലെ പൗരധർമ്മപരിപാടി. ജനങ്ങളുടെ സാമ്പത്തികവും സാംസ്കാരികവുമായ ആവശ്യങ്ങളെ മനസ്സിലാക്കുക, ശുചീകരണരത്തപങ്ങളെ ഗ്രാമീണക്കു മനസ്സിലാക്കിക്കൊടുക്കുക, ഔഷധത്തോട്ടങ്ങൾ ഉണ്ടാക്കുക, സാംക്രമികരോഗങ്ങളെ നിരോധിക്കുവാനുള്ള ഉപായോപദേശം ചെയ്യുക, ആരോഗ്യത്തെയും ശുചിത്വത്തേയും കുറിച്ചു പ്രഭാഷണം ചെയ്യുക. പ്രായപൂർത്തി വന്നവർക്കു വിദ്യാഭ്യാസസൗകര്യം ഉണ്ടാക്കിക്കൊടുക്കുക, ഗ്രാമത്തിൽ നടക്കുന്ന അനീതികളെ അപലപിക്കുക, ദേശീയമായ ആഘോഷങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ ഈ വർഷത്തിൽ വിദ്യാർത്ഥികൾ സംഘടിച്ചു നിർവഹിച്ചു തുടങ്ങണം.

അധുനാതനകാലത്തെ ശാസ്ത്രീയപുരോഗതി, വ്യാവസായികാഭിവൃദ്ധിയും തന്നിമിത്തമായ സാമ്രാജ്യാധീശത്വവും, പ്രജാധിപത്യഭരണം എന്നീവിഷയങ്ങളെക്കുറിച്ചു സ്ഥൂലമായ ജ്ഞാനം വിദ്യാർത്ഥികൾക്കു നൽകി അവർക്കു ആധുനികകാലത്തെക്കുറിച്ചു ശരിയായ ബോധം ഉളവാകുന്നതിനു സപ്തമവർഷത്തിൽ നിഷ്കർഷിക്കുന്നതാണ്. റെയിൽ മോട്ടാർകാർ ആവിക്കപ്പൽ വിമാനം തുടങ്ങിയ വാഹനങ്ങൾ, അച്ചടിയന്ത്രം റെലിഫോൺ റേഡിയോ റെലിവിഷൻ തുടങ്ങിയ ആശയവിനിമയസൗകര്യങ്ങൾ, വ്യവസായാഭിവൃദ്ധി, ശാസ്ത്രവും പൊതുജനാരോഗ്യവും, ശാസ്ത്രവും കൃഷിയും, ആഹാരം വസ്ത്രധാരണം വിളക്കുകെട്ടിടം എന്നിവയെ സംബന്ധിച്ച ശാസ്ത്രം, ശാസ്ത്രവും ആധുനികകാലത്തെ യുദ്ധസമ്പ്രദായവും, എന്നിങ്ങനെയുള്ള വിഷയങ്ങളാണ് ശാസ്ത്രീയപുരോഗതിയെക്കുറിച്ചു പഠിക്കുന്നത്. വ്യവസായാഭിവൃദ്ധിയുടെ പ്രത്യക്ഷഫലങ്ങളായ മുതലാളിത്തം സാമ്രാജ്യാധീശത്വം പരജനചൂഷണം തുടങ്ങിയ കാര്യങ്ങളും ഈ അനീതികളെ എതിർത്തുകൊണ്ടു സൃഷ്ടിസമത്വവാദത്തിന്റെ ഉദയവും, കഴിഞ്ഞ ലോകമഹായുദ്ധവും ഈ അവസാനവർഷത്തിലെ പാഠ്യവിഷയങ്ങളാണ്. ജനകീയഭരണത്തിന്റെ ശരിയായ അർത്ഥം, പ്രാചീനഭാരതത്തിൽ നിലവിലിരുന്നിരുന്ന ജകീയന

സ്ഥാപനങ്ങൾ, അമേരിക്കയിലെ ജനകീയഭരണപ്രസ്ഥാനം ഫ്രഞ്ചുവിപ്ലവം, ഭാരതത്തിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഭരണവ്യവസ്ഥയും അതിന്റെ ന്യൂനതകളും, പാശ്ചാത്യരാജ്യങ്ങളിൽ നടക്കുന്ന ജനകീയഭരണന്യൂക്കരണം എന്നിങ്ങനെയുള്ള കാര്യങ്ങളാണു് പ്രജാധിപത്യഭരണത്തെക്കുറിച്ചു പഠിപ്പിക്കുന്നതു്.

ലോകത്തിന്റെ ആധുനികസ്ഥിതിയേയും ഭാരതീയജീവിതത്തിലെ അതിപ്രധാനമായ പ്രശ്നങ്ങളേയും പററിയുള്ള പഠനത്തോടു വാർദ്ധാവിദ്യാർത്ഥിയുടെ പൗരധർമ്മപഠനപരിപാടി അവസാനിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം, സാർവ്വലൌകികമായി നീതിയും സമാധാനവും പരിപാലിക്കുവാനുദ്യമിക്കുന്ന ശക്തികൾ എന്നീ വിഷയങ്ങളെക്കുറിച്ചു പഠിക്കുന്നതിൽ സർവരാജ്യരഞ്ജനസിമിതി (League of Nations) സമാധാനപാലനസംഘങ്ങൾ, സത്യഗ്രഹപ്രസ്ഥാനം തുടങ്ങി പലതും ഉൾപ്പെടും. ഗ്രാമോദ്ധാരണം, ഹരിജനപ്രസ്ഥാനം ഹിന്ദുക്കളുടെയും മഹമ്മദീയരുടേയും സാമുദായികപരിഷ്ക്കാരം, സ്ത്രീകളുടെ നില, കുടിൽ വ്യവസായപോഷണം ഹിന്ദിയ്ക്കു രാഷ്ട്രഭാഷ എന്ന നിലയിലുള്ള പ്രാധാന്യം, ഭാരതീയസംസ്കാരത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും പുനരുത്തേജനം, ഇന്ത്യയുമായി വ്യവസായബന്ധങ്ങളായ രാജ്യങ്ങളുടെ സാമ്പത്തികഭൂമിശാസ്ത്രം (economic geography) എന്നിങ്ങനെയുള്ള ദീർഘങ്ങളായ പല ഭാരതീയപ്രശ്നങ്ങളും ഏഴാം കൊല്ലത്തിൽ അധ്യയന വിഷയമായിരിക്കും.

വ്യായാമം, നടനം തുടങ്ങിയ വിനോദങ്ങൾ എന്നിവയിലും ആരംഭം മുതൽ തന്നെ വിദ്യാർത്ഥികൾക്കും സ്പൃഹണീയമായ പരിശീലനം നൽകുന്നതിനും ഈ പദ്ധതിയിൽ നിർദ്ദേശങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ളതും പ്രത്യേകം സ്മരണീയമാണു്.

സാമാന്യം വിസ്തരിച്ചു് ഉപപാദിച്ചു കഴിഞ്ഞ സാമുദായികപഠനപരിപാടിയ്ക്കു് ആസ്പദമായിരിക്കുന്ന ആദർശങ്ങൾ ഏററവും ഉത്കൃഷ്ടങ്ങളാണു്. ലോകപുരോഗതിയിൽ പൊതുവേയും ഭാരതീയോന്നമനത്തിൽ പ്രത്യേകിച്ചും വിദ്യാർത്ഥികളിൽ അഭിവാഞ്ഛയും വൈയഗ്ര്യവും ജനിപ്പിക്കുക; സ്വരാജ്യത്തെ സ്നേഹിക്കുവാനും അതിന്റെ ഭൂതമഹത്വത്തിൽ അഭിമാനിക്കുവാനും, സത്യം, സ്നേഹം, നീതി എന്നിവയെ ആസ്പദിച്ചു ഒരു കുടുംബസംഘടനയുടേതു പോലെ ഭാഗധേയം രൂപവത്കരിക്കുവാനും ഉങ്ങചോദിപ്പിക്കുക; പൗരാവകാശങ്ങളേയും പൗരധർമ്മങ്ങളേയും കുറിച്ചു ശരിയായ ബോധം ഉളവാക്കുക; മതവിഷയത്തിൽ സ്പർദ്ധയില്ലാതെ പരസ്പരം അഭിനന്ദനത്തോടും ബഹുമതിയോടുംകൂടി വർത്തിക്കുവാനുള്ള മനഃസ്ഥിതിയുണ്ടാക്കുക; എന്നിങ്ങനെയുള്ള മഹനീയലക്ഷ്യങ്ങളെ മുൻനിർത്തി സജ്ജീകരിച്ചിരിക്കുന്ന ഈ സാമുദായികപഠനപരിപാടി വാർദ്ധാപദ്ധതിയുടെ അതിശോഭനമായ ഒരു വൈശിഷ്ട്യമാകുന്നു.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIKARA VEEDU
MALAYINKIL

# എന്റെ നാഥൻ

വിദ്വാൻ വട്ടേലിൽ കൊച്ചുകൃഷ്ണൻ നായർ പണ്ഡിതർ, എം. എം. സ്കൂൾ തിടനാട്ട്, ഈരാററുപേട്ട.

മലർമേനിതന്നിൽ സുഭഗതാരുണ്യ-
കലതൻചാതുരി തെളിയവേ,
രമണീയമണിസദനത്തിൽത്തീർത്തു,
സുമസമമൃദുശയനീയം;
കരിമുകിലൊളി ചികുരത്തിൽ ചേർത്തു
പരിചിൽ ഞാൻ മുല്ലമലർമാല്യം;
കലിതവാസന മലയജമഞ്ജു-
തിലകം ചാർത്തി തുനിടിലത്തിൽ;
മണിമയഭൂഷാഗണമണിഞ്ഞുപൊ-
ന്നൊളിചിതറുമെൻ തനുവിൽ ഞാൻ;
കനകപാത്രത്തിലമൃതുംതോല്ക്കും തേൻ-
കനിയും പാലുമൊരുക്കി ഞാൻ,
രമണനെക്കാത്തു നിവസിച്ചു ചിത്ത-
കമലം കൌതുകവികചമായ്.

II

“വരിക നാഥാ! നീ,യവിളംബമെന്റെ-
യരികിൽ”—ഞാനാശയ്ക്കടിമയായ്.
തിരകയായെങ്ങും പുരുമോദം മദ-
ഭരിതചഞ്ചലനയനങ്ങൾ.
വിളി തുടന്നിതു വിരവിൽ വീണ്ടും പൊൻ-
വളകൾ മിന്നുമെൻ കരതാരാൽ.
സുരുചിരരാഗ മഹിതസ്തോത്രങ്ങൾ
വിരുതോടേ പാടി പലമട്ടിൽ.
കിലുകിലാരവ മിളകുന്ന തങ്ക-
ച്ചിലങ്കയിട്ടാടി സുലളിതം.

മികവേറും സജ്ജീകരണമെൻക്ഷണം
സകലവും ഹാ! ഹാ! വിഫലമായ്!

III

ത്വരിതം രാപകൽച്ചിറകടിച്ചെങ്ങോ
പറന്നുപോയ് വർഷപതഗങ്ങൾ.
ഗളിതമായ് യുവസുഭഗത്വം; തങ്ക-
ക്കുളിർമേനി ജരാവികൃതമായ്!
കനകനിർമ്മിതനിലയം, ധാതാവിൻ-
വിനയാൽ മാറി—മൺ കുടിലായി!
ദുരിതസഞ്ചയമനുപദം ചിത്ത-
ദരിയിൽ ഭീകരപവനനായ്.
കരളു നൊന്തുനൊന്തവിരതം കേഴും
വിരളഭാഗ്യയായ് മരുവി ഞാൻ.
അനുതാപം മദമലിനതയാകെ-
യനുനിമേഷവും കഴുകയായ്.
ദുരിതജീവിതനരകമഗ്നരെ-
ന്നഖിയ തോഴരാ,യനുദിനം.

IV

“തരണേ ദർശനമടിമയ്ക്കു,” കൂപ്പു-
കരമർപ്പിച്ചു ഞാൻ കരകയായ്.
കലിതകൌതുകമവിടുന്നെത്തി നൽ-
കുളിർമന്ദസ്മിതം ചൊരികയായ്.
കരയാതെ—കണ്ണു കലുഷമാകാതെ-
കരുണ കാണിക്കാ; മമ നാഥൻ!!

# ജമ്മൻ തമാശകൾ

കെ. ആർ. ശങ്കരൻനായർ, ബി. എ.

GRANDHASALA TRIVANDRUM

[ചില രാജ്യങ്ങളിൽ പ്രചരിക്കുന്ന ഫലിതവചനങ്ങൾ (wits) അപഗ്രഥിച്ചു നോക്കുന്നപക്ഷം അവിടത്തെ സ്ഥിതിഗതികൾ അവയിൽ പ്രതിഫലിച്ചു കാണാം. മതപരവും സാമുദായികവും രാഷ്ട്രീയവുമായ പലസംഗതികളും അങ്ങനെ മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടു ദേശീയതമാശകൾ ഫലിതരസം ഉളവാക്കുന്നതിനു പുറമേ അതാതു സ്ഥലത്തുള്ള ജനതയുടെ അഭിപ്രായഗതി ദ്യോതിപ്പിക്കുന്നതിനുകൂടി സഹായിക്കുന്നു.

സാമ്രാജ്യമേമ്മോഹിയായ അഡോൾഫ് ഹിററ്ലർ പ്രതാപത്തിൽ വന്നശേഷം നാസി ജമ്മനിയിൽ പ്രചരിക്കുന്ന പല വിനോദവചസ്സുകളും ഏററവും രസാവഹമാണ്. ഭരണകൂടത്തിൻെറ സകല വശങ്ങളും കേവലം തമാശരൂപത്തിലുള്ള നേരം പോക്കുകളിൽകൂടി ദശ്നീയമാകുന്നു. സ്വജനങ്ങളുടെ അഭിപ്രായപ്രകടനം അടിച്ചമത്തി വ്യാജവാത്തകൾ ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ജമ്മനിയുടെ യഥാർത്ഥരൂപം വെളിപ്പെടുത്തുന്ന ഈ വിനോദശകലങ്ങൾക്കു രാജ്യതന്ത്രദൃഷ്ട്യാ ഏററവും പ്രാധാന്യമുണ്ടു്.

'പരേഡ്' എന്ന സുപ്രസിദ്ധ ഇംഗ്ലീഷു മാസികയിൽനിന്നും സംഗ്രഹിച്ചിട്ടുള്ളതാണ് ഈ ചെറുലേഖനം.]

**ബർലിൻ നഗരത്തിനു സമീപമുള്ള ഒരു ഭോജനശാലയുടെ ഉടമസ്ഥനോട്** ഒരു സഞ്ചാരി കൗതുകപൂർവ്വം ചോദിച്ചു:- "ഇപ്പോൾ വ്യാപാരം എങ്ങനെ നടക്കുന്നു? പററുവരവുകൾ (Customers) ധാരാളമുണ്ടോ?

അയാൾ നാലുചുററും നോക്കിയിട്ടു മറുപടി നല്കി.

"അതൊന്നും പറയാനില്ല."

"ആങ്ഹാ! എന്നാൽ ഞാൻ കേട്ടതു ശരിതന്നെ. ഹിററ്ലരുടെ ആവിർഭാവത്തോടെ വ്യാപാരം വളരെ പുരോഗമിച്ചിട്ടുണ്ടു് ഇല്ലേ?"

"വളരെ, വളരെ. ഇപ്പോഴത്തെ അഭിവൃദ്ധി എത്രയെന്നു പറയാൻ മേലാ. ഒരു രാജ്യം, ഒരു നേതാവ്, ഒരു ഭരണം എന്ന നിലയ്ക്കു് ഒരു പററുവരവുകാരൻ പോരേ?"

* * *

ബർലിൻ മൃഗശാലയിൽ നിന്നും പുറത്തുചാടിപ്പോയ ഒരു വ്യാഘ്രം നാട്ടുമ്പുറത്തുള്ള കർഷകരെ ക്രമാതീതമായി ഉപദ്രവിച്ചു. അതിനെ ജീവനോടുകൂടിയോ നിവൃത്തിയില്ലാത്തപക്ഷം അപായപ്പെടുത്തിയോ പിടിച്ചേല്പിക്കുന്നവക്കു നല്ല സമ്മാനം കൊടുക്കുന്നതാണെന്നു ലഘുലേഖകൾ പലയിടങ്ങളിലും വിതരണം ചെയ്യപ്പെട്ടു.

യാദൃച്ഛികമായി ആ വിജ്ഞാപനം വായിക്കുന്നതിനിടയായ രണ്ടു ജൂതന്മാരിൽ ഒരുവൻ പെട്ടെന്നു വിളറി വിവശ

നായി. അയാൾ അപരനോട് മന്ത്രിച്ചു:—"വെടിയേല്ക്കുന്നതിനു മുമ്പു നമുക്ക് ഇവിടുന്നു കടക്കണം."

യാതൊന്നും മനസ്സിലാകാതെ രണ്ടാമൻ ചോദിച്ചു:—"എന്തിന്? നാം കട്ടവായോ മറേറാ ആണോ?"

"അല്ലെന്ന് എനിക്കുമറിയാം. പക്ഷേ നമുക്കെങ്ങിനെ നാസികളെ ബോദ്ധ്യപ്പെടുത്താം?"

* * *

രാത്രിയിൽ ബർലിനിലെ ഒരു തെരുവീഥിയിൽ വച്ചു ചില കള്ളന്മാർ ഒരു വൃദ്ധപഥികനെ വളഞ്ഞു ബലാൽക്കാരമായി ധനമെല്ലാം അപഹരിക്കുകയും നിർദ്ദയമായി പ്രഹരിച്ചിട്ട് ഓടുകയും ചെയ്തു.

"അയ്യോ! സഹായിക്കണേ! എന്നെ കൊല്ലുന്നേ" എന്ന് അയാൾ നിലവിളിച്ചു. ഉടൻ സമീപമെത്തിയ ഒരു പോലീസ്സുകാരൻ ശകാരിച്ചത് ഇങ്ങനെയാണ്:—"ച്ഛേ! ഇത്ര ഉറക്കെ സാധാരണ രാജ്യകാര്യങ്ങൾ (Politics) വിമർശിക്കാമോ?"

* * *

റീച്ചുസ്റ്റാഗിലെ തീപിടിത്തം കമ്മ്യൂണിസ്റ്റുകളിൽ കുററം ആരോപിക്കുന്നതിനുവേണ്ടി ഹെർഹിററ്ലരുടെ ഉപദേശപ്രകാരം അനുയായികൾ ചെയ്തിട്ടുള്ളതാണെന്നു മിക്ക ജർമ്മൻകാരും വിശ്വസിക്കുന്നു. അതിനു ഉപോൽബലകമായി അവർ പറയാറുള്ള നേരംപോക്ക് ഇതാണ്:—

ആ അത്യാഹിതം നേരിട്ട സന്ദർഭത്തിൽ ഒരു സേനാനായകൻ ഗോറിംഗിൻെറ (Goering) മുറിയിൽ കടന്നു സംഭ്രമസമേതം അറിയിച്ചു:—"അതാ റീച്ച്സ്റ്റാഗിനു തീ പിടിക്കുന്നു." ഉടൻ ഗോറിംഗ് തൻെറ ഘടികാരത്തിൽ നോക്കിയിട്ട് ആശ്ചര്യപൂർവ്വം ചോദിച്ചു:—"എന്ത്! ഇത്രനേരത്തെയോ?"

* * *

അന്യദിക്കിൽ പോകേണ്ട ഒരാൾ ബസ്സിൻെറ വരവു പ്രതീക്ഷിച്ചുകൊണ്ടു റോഡിൽ നിൽക്കുമ്പോൾ ഒരു 'ഗസ്റ്റപ്പോ' പ്രധാനി (രഹസ്യപ്പോലീസുകാരൻ) അടുത്തുചെന്നു ചോദിച്ചു:—"നിങ്ങൾ എന്തിനാണ് കാത്തിരിക്കുന്നതു്?"

"നിങ്ങൾ വിശ്വസിച്ചാലും ശരി ഇല്ലെങ്കിലും ശരി. നാഷണൽസോഷ്യലിസം ജർമ്മനിയിൽ വരുന്നതിന്—"

* * *

ജനറൽഗോറിംഗിൻെറ വേഷഭ്രമം സുപ്രസിദ്ധമാണല്ലോ. അതിനെ അടിസ്ഥാനമാക്കി ഒരു ജർമ്മൻ രസികൻ ചോദിച്ചു:—"ഗോറിംഗിൻെറ ഏററവും നവീനമായ യൂണിഫാം ഒരിനം സെലുലായിഡ് (cellophane) കൊണ്ടു നിർമ്മിച്ചിട്ടുള്ളതാണെന്നു നിങ്ങൾക്കറിയാമോ?"

അപരൻ:—"ഞാനിപ്പോഴാണ് കേൾക്കുന്നതു്. അതിൻെറ ഉപയോഗം?"

ഉള്ളിൽ ധരിക്കുന്ന വസ്ത്രവിശേഷങ്ങൾ എളുപ്പത്തിൽ മററുള്ളവൎക്കു കാണാൻ സഹായിക്കും."

ഒരാൾ:—"സിനിമാകാണാൻ പോകുമ്പോൾ ഹിററ്ലർ എന്തിനാണ് സാധാരണ മുൻവരിയിൽ തന്നെ നിർബന്ധമായിരിക്കുന്നതു്?"

അന്യൻ:—"ജനങ്ങളെല്ലാം തനിക്കു പിന്നിലുണ്ടെന്ന് അദ്ദേഹത്തിനു വിശ്വസിക്കാവുന്ന ഒരൊററ സ്ഥലം അതാണ്."

* * *

ഏററവും രസാവഹമായ ഒരു നേരംപോക്കു ഹിററ്ലരേയും ഡാക്ടർഷാററിനേയും (Dr. Schacht)കുറിച്ചു പ്രസ്താവിച്ചുകാണുന്നു:—ജൂതന്മാർ ആര്യന്മാരെക്കാൾ നല്ല വ്യാപാരികളാണെന്നു ദൃഷ്ടാന്തസഹിതം ബോദ്ധ്യപ്പെടുത്തുന്നതിനു വേണ്ടി ഒരിക്കൽ ഡാക്ടർഷാററു ഹിററ്ലരേയും വിളിച്ചുകൊണ്ടു നടക്കാൻ പോയി. രണ്ടുപേരും ഒരു ജർമ്മൻഷാപ്പിൽ ചെന്നു. ഡാക്ടർ ഷാററ് ഷാപ്പുടമസ്ഥനോടു ചോദിച്ചു:— "ഇടത്തുകൈകൊണ്ടുപയോഗിക്കാനുള്ള തേയിലപ്പാത്രം (Tea Cup) ഉണ്ടോ?"

അയാൾ തല കുലുക്കിക്കൊണ്ടു താൻ ഇതുപോലൊന്നിനെക്കുറിച്ചു കേട്ടിട്ടുപോലുമില്ലെന്നു പറഞ്ഞു.

അവർ പിന്നീടു അന്വേഷിച്ച മൂന്നു ജർമ്മൻഷാപ്പുകളിൽ നിന്നും അതേ മറുപടി തന്നെയാണു ലഭിച്ചതു്. ഒടുവിൽ ഒരു ജൂതന്റെ ഷാപ്പിൽ അവർ ചെന്നു.

"ഇടതു കൈകൊണ്ടുപയോഗിക്കാനുള്ള തേയിലപ്പാത്രം ഉണ്ടോ?" എന്ന ചോദ്യം കേട്ടയുടൻ അയാൾ മന്ദഹസിച്ചിട്ടു പ്രതിവചിച്ചു:—"നിങ്ങൾക്കു ഭാഗ്യമുണ്ട്. ഇന്നു രാവിലെയാണ് ഈ പ്രത്യേക ഉപയോഗത്തിനുള്ള ഒരുസെററു കപ്പു് ഇദംപ്രഥമമായി വന്നുചേർന്നതു്!!

അയാൾ വിനീതനായി അലമാര തുറന്ന് ഒരു സെററു കപ്പെടുത്തു് അവയുടെ പിടി ഇടതുകരം കൊണ്ടു് ഗ്രഹിക്കുന്നതിനു സൌകര്യമായ വിധത്തിൽ മേശപ്പുറത്തു വച്ചു. ഉടൻ തന്നെ ജർമ്മനിയിൽ അതേവരെയില്ലാത്ത ആ 'ദിവ്യ' സാധനം ഹിററ്ലർ വിലയ്ക്കു വാങ്ങുകയും ചെയ്തു.

അവർ രണ്ടുപേരും തനിച്ചായപ്പോൾ ഡാക്ടർഷാററ് ചോദിച്ചു:—"നമ്മുടെയാളുകൾ ഈ ജൂതന്മാരിൽ നിന്നും കച്ചവടതന്ത്രങ്ങൾ പഠിക്കേണ്ടതല്ലേ—?"

"നിങ്ങളോടു് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ഭാഗ്യംകൊണ്ടു് ആ ജൂതൻ വിശേഷപ്പെട്ട ഈ കപ്പു് വരുത്തിവച്ചിരുന്നു എന്നല്ലാതെ അതിൽ അയാളുടെ സാമർത്ഥ്യമെന്താണുള്ളതു്?"

* * *

രാജ്യസന്ദർശനാർത്ഥം ഒരാടും ഒരു പന്നിയും ഒരു പട്ടിയുംകൂടി ജർമ്മനിയിലേക്കു പുറപ്പെട്ടു. അധികം താമസിയാതെ സൂകരം മടങ്ങിച്ചെന്നു സ്വാനുഭവം സ്നേഹിതന്മാരെ അറിയിച്ചു:—"അയ്യോ! എന്തു കഷ്ടം! ജർമ്മൻകാർ ചേറു മുഴുവൻ തിന്നുതീർക്കുന്നു. എനിക്കു യാതൊന്നും കിട്ടുന്നില്ല."

ശുനകനും പെട്ടെന്നു തിരിച്ചുപോന്നു. അതു ദയനീയമാംവണ്ണം സങ്കടപ്പെട്ടു:—"വളരെ പ്രയാസം—എനിക്ക് ശബ്ദിക്കാൻ പാടില്ലപോലും! ജർമ്മനിയിൽ ഒരൊററ ആൾക്കു മാത്രമേ ഉറക്കെ കുരയ്ക്കാൻ അനുവാദമുള്ളു."

ആറുമാസം കഴിഞ്ഞു് ആടു് മടങ്ങിഎത്തി. അതു വിലപിച്ചു:—"ഭാഗ്യദോഷംകൊണ്ടു് അതിർത്തി കടന്നയുടൻ ബന്ധനസ്ഥനായി. എന്റെ ശ്മശ്രു കാണുന്നതിനിടയായ ജർമ്മൻ പടയാളികൾ

# ആനന്ദനൃത്തം

പേരൂർക്കട എം. കൊച്ചപ്പൻ.

(ഗാഥ)

പ്രാചിതന്നാരോമൽ ഗണ്ഡങ്ങളാരക്ത–
രോചിസ്സാർന്നിന്നും ഹാ! മിന്നാറായി!
വന്നുപോയ് മാർത്താണ്ഡ ജൈത്ര–
യാത്രാരംഭം;
ഒന്നാഞ്ഞു വീണ്ടും ഞാൻ ദർശിച്ചാവൂ!
വഞ്ചിയിൽ പുണ്യപ്പൂലരിതൻ നൃത്തശ്രീ–
സഞ്ചിത സന്തോഷം ദർശിച്ചാവൂ!
ആനന്ദ മാനന്ദ മന്യാദൃശാനന്ദം!
ആനന്ദ സത്മമീരത്നഗർഭ!!"
ചിത്രാവനീപാല ബാലേന്ദു,–
വേണാട്ടിൻ
ചിത്താനന്ദാബ്ധിയെപ്പൊക്കി–
നില്ക്കെ
ആ മന്നിൻ മേക്കേ വിൺ വൻതു–
ക്കിലെത്തിന–
ത്തുമഞ്ജുതാരമൊന്നിത്തരത്തിൽ
ചിന്തിച്ചു മേവുന്നു; പോരാ,തന്നു–
ള്ളത്തിൽ
ചിന്തിന ചിന്ത തുടർന്നീവണ്ണം:–
അന്യത്ര സംഭവ്യ മല്ലാപ്പൂലർകാലം
ധന്യമിദ്ധാത്രിയിൽ ദർശനീയം.
ശാന്തസൗഹാർദ്ദമാമന്തരിക്ഷമെന്ന

ജൂതനാണെന്നു കരുതി അവരുടെ തടങ്കൽ പാളയത്തിലേക്കു കൊണ്ടുപോയി."

* * *

ഒരു കത്തോലിക്കൻ പാതിരി ശ്രേഷ്ഠമായ കുടുംബജീവിതത്തേയും രക്ഷാകർത്താക്കന്മാരുടെ ചുമതലകളേയും കുറിച്ചു ധർമ്മോപദേശം ചെയ്യുകയായിരുന്നു. പെട്ടെന്നു് ബ്രൗൺ ഷർട്ടു ധരിച്ച ഒരു യുവാവു് ഇടയ്ക്കു കയറി ചോദിച്ചു:—"കുഞ്ഞുങ്ങളില്ലാത്ത ഒരു പാപി കുഞ്ഞുങ്ങളെക്കുറിച്ചു ഉപദേശിക്കുന്നതു്—"

പാതിരി ഞെട്ടി. അയാളെ തടഞ്ഞുകൊണ്ടു് അദ്ദേഹം പറഞ്ഞു:—"ഈ വിശുദ്ധദേവാലയവളത്തിനകത്തുവച്ചു ഫ്യൂററെ (Fuehrer) അപമാനിക്കാൻ ഞാൻ അനുവദിക്കുകയില്ല—"

* * *

ഫ്യൂററും ഗോറിംഗും ഒരു കാറിൽ സഞ്ചരിക്കുമ്പോൾ രാജ്യസംബന്ധമായ പല രഹസ്യങ്ങളും പരസ്പരം മന്ത്രിച്ചുകൊണ്ടിരുന്നു. കുറച്ചു ദൂരം ചെന്നിട്ടു് അവർ പെട്ടെന്നു തിരിഞ്ഞുനോക്കിയപ്പോൾ സമീപത്തുകൂടി പോയ മറ്റൊരു കാർ കണ്ടു. അതിനുള്ളിൽ മലർന്നു കിടന്ന രണ്ടുപേർ യാദൃച്ഛികമായി കോട്ടുവായിട്ടു.

തത്ക്ഷണം ഗോറിങ് തന്റെ അംഗരക്ഷകനോടു് ആജ്ഞാപിച്ചു:—"അവരെ രണ്ടുപേരേ അറസ്റ്റു് ചെയ്യു. ആവർ ഒളിച്ചിരുന്നു ഞങ്ങളുടെ സംഭാഷണം ശ്രദ്ധിക്കുകയായിരുന്നു.'

കാന്തപദം തന്നിൽ പൊന്തിനില്ക്കും
ആന്തരം സാരമിന്നിങ്ങുതാൻ ശോഭിപ്പൂ;
സ്വാന്താനന്ദമത്ര ഞാൻ ദർശിപ്പൂ.
പാവനശ്രീയാം സമത്വസൗരഭ്യവും
കേവലം ഭൂവലയത്തിലെങ്ങും
ഈവഞ്ചി വായുവിൽപോലെ നുകരുവാൻ
കൈവന്നതില്ലമേ ഭാഗ്യമേതും.
ആനന്ദമാനന്ദ മന്യാദൃശാനന്ദം!
ആനന്ദ സത്മമീരത്നഗർഭ!!

കുന്നിനുമിന്നന്യ ദേശങ്ങളിൽ കാണും
കുന്നിക്കും ഗർവ്വ മിങ്ങില്ലതന്നെ;
അത്രയോ; കേണേലും താണ തടങ്ങളെ
പത്രസുമഫല പൂർണ്ണങ്ങളാം
മാമരശാഖാകരങ്ങളവ താഴ്ന്ന
ത്തുമയിൽ നീട്ടി യണുന്നയിപ്പൂ.
എന്തതിൽ ചിത്രം; പ്രജാഭക്തിലക്ഷണം
സ്വന്തം നൃപാനുകാരം താനല്ലോ.
നിത്യസന്തൃപ്തിതൻ നിർഭരപ്പൊന്നൊളി
പ്രത്യഗ്രം വീശി വിടിർന്നു നീളെ
കുപ്പപ്പുല്ക്കൂട്ടവും കൃഷ്ണ നിവർന്നിതാ!
കൃത്താടിനില്പൂ കുതൂഹലാഢ്യം.
തങ്ങൾക്കു ക്രൂരിരുൾ ഗർഭത്തിൽനിന്നുച്ച-
മങ്ങലമോചനം സിദ്ധിക്കവേ.
കീടങ്ങൾ—പാഴ് ജഡപ്രായങ്ങൾ—കൂടെയും
കേടററുണർന്നുള്ളിൽ ബോധം തേടി
ആനന്ദ തുന്ദില രാവുന്നു; കൈവന്നൊ-
രിന്നന്മയോർത്തു തല കുനിപ്പൂ.
ആനന്ദമാനന്ദ മന്യാദൃശാനന്ദം!
ആനന്ദ സത്മ മീ രത്നഗർഭ!!

ദുർവിധി തൻനാമം ദൂനമനസ്കരായ്
ചർവിത ചർവണം ചെയ്തു പണ്ടേ.
ഹാ! തപ്തചിത്തരായ് വാണൊരീലക്ഷ-
ങ്ങൾ
സ്വാതന്ത്ര്യലക്ഷ്മിതൻ ലാളനത്താൽ
ആമോദം നീങ്ങിടുംമുള്ളു കൊണ്ടൊന്നായി-
ന്നാമോക്ഷദാതാവെ വാഴ്ത്തിടുന്നു.
പണ്ടെങ്ങും—മാത്രമോ?—ഇന്നുതാൻ—
മറെറങ്ങും
കണ്ടെത്താത്തോരീ പരിസരത്തിൽ.
ആശാപരിഭങ്ഗ ധൂമനിർമ്മുക്തരാ-
യാശാസ്യ ജീവിത സമ്പന്നരായ്
മേവുന്ന സോദരർക്കൊന്നാകെ യാനന്ദം
താവുമീ മങ്ഗള വേളതന്നിൽ—
ചിത്തംകുളിർത്തഞ്ചും താമരപ്പൊയ്കകൾ
പൊല്ത്തണ്ടാർ പൂക്കളാൽ പുഞ്ചിരിപ്പൂ.
ആനന്ദമാനന്ദ മന്യാദൃശാനന്ദം!
ആനന്ദ സത്മമീ രത്നഗർഭ!!

"പത്രങ്ങൾ" സ്വാതന്ത്ര്യ സമ്പൂർണ്ണം—
വീശി,യീ-
ചിത്രയുഗത്തിൻ പവിത്രവൃത്തം
മേദുര കണ്ഠങ്ങൾ പക്ഷികദംബങ്ങൾ
മേന്മയിൽ പാടിപ്പറപ്പൂ നീളെ.
മാളികജാലത്തിൽനിന്നും ഹാ! ശാന്തശ്രീ
മേളിക്കും പുല്ക്കുടിൽ ചാർത്തിൽനിന്നും
ശ്രീരാമകീർത്തനം പുത്തനാമർത്ഥത്തിൽ
സ്ഫാരാഭം പൊങ്ങുന്നു കർണ്ണപുണ്യം.
ആനന്ദമാനന്ദമന്യാദൃശാനന്ദം!
ആനന്ദസത്മ മീ രത്നഗർഭ!!
വ്യക്തികൾ സർവവും സ്വാന്താദർശം—
തന്നിൽ
ഭക്തിപ്രകർഷം പ്രതിഷ്ഠിച്ചുള്ള,
ശ്രീപത്മനാഭാഗ്ര്യദാസന്റെ—തങ്ങൾതൻ
താപത്രയപരിഹർത്താവിന്റെ-
കാരുണ്യം കൈക്കൊണ്ടകല്മഷരൂപ-
ത്തിന്റെ
വാരുററ സംസ്കാര സാരത്തിന്റെ—
സത്യമധഃസ്ഥിത വർഗ്ഗത്തെപ്പാലിപ്പാൻ

ചെറുകഥ

# ആത്മബലി

സി. കെ. മാധവൻപിള്ള, ശ്രീവിലാസ് പ്രസ്സ്.

പുകവണ്ടി ചൂളംവിളിച്ചു. ആ തടിയൻ പോർട്ടർ എൻ്റെ പെട്ടിയും പേറിക്കൊണ്ട് എവിടെയാണോ എന്നെ കാത്തുനിൽക്കുന്നതെന്ന് അറിയാതെ ഞാൻ വളരെ വിഷമിച്ചു. ദ്രുതഗതിയിൽ ഞാൻ പ്ലാററ്ഫാറത്തിലെത്തി. ദൈവാധീനത്താൽ പോർട്ടറെ ഞാൻ കണ്ടു. ഒരു ശിലാപ്രതിമപോലെ അയാൾ എന്നെ കാത്തുകൊണ്ടിരിക്കയായിരുന്നു. ഒരു തനി യൂറോപ്യൻ്റെ മട്ടിൽ തന്നെ—ബാററാഷ്ഷു,'വിൻ്റെ 'ചർകർ' ധ്വനി പുറപ്പെടുവിച്ചുകൊണ്ടു ടിക്കററു മുറിയിൽ ചെന്ന് ചെറിയ ആ 'യാത്രാവകാശക്കുറിപ്പും' വാങ്ങി വണ്ടിയിൽ കയറി. വെക്കേഷൻ തുടരുന്ന ദിവസമായിരുന്നതിനാൽ അന്ന് അവിടെ വലിയ തിക്കും തിരക്കും ഒക്കെയായിരുന്നു.

ശിപായി മണി മുഴക്കി. ഗാർഡ് ഹരിതപതാക ഉയർത്തി വീശിക്കാണിച്ച് ശകടാസുരൻ്റെ ദ്രുതപ്രയാണത്തിനു അനുജ്ഞ നല്കി. ധൂമശകടം ഒന്നു ക്രൂടി ക്രൂകി വിളിച്ചു മുന്നോട്ടുള്ള തൻ്റെ ഗമനത്തിൽ വിമുഖത പ്രകടിപ്പിക്കുന്നപോലെ പിന്നോട്ടൊന്നാഞ്ഞു പതുക്കെ പുരോഗമിച്ചു. യാത്രയയപ്പാൻ വന്നിരുന്നവരോടു വണ്ടിയിലിരുന്ന യാത്രക്കാർ കൈയുയർത്തിക്കാണിച്ചും മററും അനുമോദനപ്രകടനങ്ങൾ നടത്തി കൊത്തച്ചക്ക, കൊത്തച്ചക്ക, എന്നോ അതല്ല, കഴക്കൂട്ടം മുരുക്കും പുഴ, എന്നോ ഉള്ള താളത്തിൽ അടിക്കടി ശബ്ദം മുഴക്കിക്കൊണ്ട് വണ്ടി വേഗഗതിയാരംഭിച്ചു.

സഹയാത്രക്കാരോടു കുശലപ്രശ്നം നടത്തിയതിനുമേൽ താൽകാലിക രാഷ്ട്ര

---

പ്രത്യക്ഷഭൂതൻ വരദൻതൻ്റെ
തങ്കത്തിരുമേനി തൻ ചാരുബിംബങ്ങൾ
സങ്കല്പംപോൽ പൂജാഗേഹംതോറും
സ്വാച്ഛ്യമായ് സ്ഥാപിച്ചു പ്രത്യഹ-
മർപ്പിക്കു-
മർച്ചനാരീതികൾ കാണേണ്ടൊന്നാം.
നിന്നാലും! നിന്നാലും!! കാലികചക്രമേ!
മന്നാളും കാഴ്ചകൾ കണ്ടോട്ടേ ഞാൻ!

നിന്നാലാവില്ലിനെന്നാകിൽ നിൻവഴി-
ക്കൊന്നാശ്ശു പാഞ്ഞാലും!-
പാഞ്ഞാലും!! നീ.
എത്തട്ടെ പേർത്തുമീ യന്തരിക്ഷത്തിൽ-
ഞാൻ
ചിത്തം കുളിർത്തൊട്ടു നിന്നീടട്ടേ!
ആനന്ദ മാധന്ദ മന്ദ്യാദൃശാനന്ദം!
ആനന്ദ സത്മമീ രത്നഗർഭ!!"

യസംഭവങ്ങളെപ്പററി ശക്തിയുക്തം
ഒന്നു വിമർശിച്ച് ധീരധീരം വാദം
നടത്തി സ്വാഭിപ്രായത്തിനു സ്ഥാനംകൊ
ടുക്കാനുദ്യമിക്കുന്ന ചിലരുടെ സ്വഭാവം—
ആ സുഖക്കേട് എന്നെ ബാധിച്ചിട്ടില്ലെന്നു
തന്നെ പറയാം.! 'ലോകമേ നിസ്സാര'ക്കാ
രനായ ഞാൻ അപ്പോഴും വലിയ അന്ത
സ്സോടെ വണ്ടിയിലിരുന്ന ആളുകളെ ഒരു
വിഹഗവീക്ഷണം നടത്തി. ഗ്രാമീണരായ
കുറെ കൂലിവേലക്കാരും കുറെ ചട്ടക്കാരും
ആയിരുന്നു അവിടെ അധികം ഉണ്ടായി
രുന്നതു്. ഒരു കോമളാംഗിയും അവളുടെ
കൂടെ ഒരു ചുണക്കുട്ടിയായ ബാലനും
ഏറെക്കുറെ അലസഭാവത്തോടെ ആ മുറി
യിലെ ഒരു കോണിലിരിക്കുന്നതു ഞാൻ
കണ്ടു.

ആ മോഹനാംഗിക്ക് ഒരു പതിനേഴുവ
യസ്സു കാണും. തഴച്ചുവളന്ന് ഇരുണ്ട
വാർകൂന്തൽ പിറകോട്ടു പിന്നിയിട്ടു ഗള
നാളത്തിന്റെ പുറകുവശം മുഴുവനും മറ
യത്തക്കവണ്ണം പനിനീർപൂമാല തിരുകി
യതിന്റെ കർത്തൃത്വം അവൾക്കായാലും
അവളുടെ സഖികൾക്കായാലും ആ കല
യിൽ അന്യാദൃശമായ പാടവമുണ്ടെന്നു
ഞാൻ ഗ്രഹിച്ചു. എന്റെ ഹൃദയം
തുടിച്ചു. അവളുടെ ദൃഷ്ടിപാതം—
"സ്ഫടികക്കുപ്പിയിലിട്ട പരൽമീൻ
പോലെ" ദ്രുതചലനത്തോടുകൂടിയ ആ
മിഴികളുടെ കേന്ദ്രീകരണം—എന്റെ മന
സ്സിനു എന്തോ ഒരു കമ്പിതമാണുണ്ടാ
ക്കിയതു്. ആ മദിരാക്ഷിയെ ഞാനും ഒന്നു
അംഗോപാംഗപ്രത്യംഗം പരിശോധിച്ചു.
അവളുടെ മുഖത്തു് അനന്യസാധാരണ
മായ ശോഭാവിശേഷം—പ്രേക്ഷകരെ
ഹഠാദാകർഷിക്കുന്ന ഒരു കാന്തിപൂരം
കളിയാടുന്നുണ്ടായിരുന്നു. സൌമ്യമായ
പുഞ്ചിരിയോട് ഇടകലന്ന ഒരു ശാന്തഗാം
ഭീര്യം അന്നു മാത്രമാണ് എനിക്കു
കാണുവാൻ കഴിഞ്ഞതു്. പുസ്തകങ്ങളും
കയ്യിൽ വഹിച്ച് നമ്രമുഖിയായി അന്ന
നടയായി പോകുന്ന കലാലയവിദ്യാർത്ഥി
നിയുടെ വേഷാലംകാരങ്ങളിൽ കൂടുതൽ
ആഡംബരമൊന്നും അവൾക്കില്ലായി
രുന്നുതാനും! എന്റെ വേഷം ഒന്നുകൂടി
ഡർബാറിൽ വേണ്ടതായിരുന്നു എന്ന്
എനിക്കു തോന്നാതിരുന്നില്ല. ഒരു സി
ഗററ് കത്തിച്ചുപിടിച്ചു നൂലുണ്ടകൾ
പോലെ മേലോട്ടുയന്നുകൊണ്ടിരുന്ന ധൂമ
പ്പന്തുകൾ നോക്കി ആലോചിച്ചുംകൊണ്ടു
ഞാൻ കുറച്ച് ഊർദ്ധ്വമുഖനായിരുന്നു.

ട്രെയിൻ കടയ്ക്കാവൂരെത്തി. "ബീഡി
മുറുക്കാൻ പഴം, വാഴപ്പഴം പഴം വടൈ
ക്കാഫി" കച്ചവടക്കാർഓടിയെത്തി....
പോററി ഓടിവന്നു കാഫിയെടുത്തു തന്നു
കഴിഞ്ഞു; ഞാൻ കാഫി കുടിച്ചു.

"അക്കാ, എനിക്കും കാഫിയും പഴവും
വേണം; വാങ്ങിത്തരുല്ലേ;" ആ കൊച്ചു
മിടുക്കൻ ശാഠ്യം തുടങ്ങി.

നമ്മുടെ പോററി ഒട്ടും അമാന്തിക്കാ
തെകാഫി ഒഴിച്ചുകൊടുത്തു; അവൻ പല
ഹാരവും പഴവും വാങ്ങിവച്ചുകഴിഞ്ഞു.

"അമ്മ, പണം തരണം, വണ്ടിവിടാ
റായി." പോററി ധൃതി കൂട്ടി. ആ സ്ത്രീ
ഒരു രൂപായെടുത്തു നീട്ടി. പോററി അതു
വാങ്ങി നിഷ്ഠുരണം താഴെയടിച്ചു പരി
ശോധിച്ചു.

"ഇതു കൈയ്യിലിരിക്കട്ടെ; വച്ചോളു
ഇവിടെയും വേലയിറക്കിണോ. ഒരു
പൂവമ്പഴം ചിലവാക്കണം; എന്നാൽ
അതു ചിലവാകും."

അവളുടെ സുസ്മേർവദനം പീതാം ബരംപോലെ മഞ്ഞളിച്ചു. ആ മോഹന ഫാലഫലകത്തിൽ സ്വേദകണങ്ങൾ പൊടിയുന്നതു ഞാൻ കണ്ടു.

അവൾ എന്തോ തൊണ്ടയിടറി കൊണ്ടു പറഞ്ഞു. പക്ഷേ ഒന്നും പുറത്തു കേട്ടില്ല.

'അനുജ' സാരമില്ല, ഇങ്ങു വരു' ഞാൻ ആ കുട്ടിയെ വിളിച്ചു "ഇതാ അയാളുടെ ചക്രം കൊടുക്കണം" ഒരു രൂപാ ഞാൻ കൊടുത്തു 'പോററി പണം വാങ്ങി കൊണ്ടു പോകു' ഞാൻ താക്കീതും ചെയ്തു.

ആ വദനസരോരുഹത്തിൽ നന്ദി സൂചകമായ ഒരോമനപ്പുഞ്ചിരി കളിയാടി. ആ കുട്ടി എന്റെ അടുത്തെത്തി. അവൻ വേഗം വേഗം വത്തമാനം തുടങ്ങി. "പ്രേമക്കൻ സയൻസുകാളേജിൽ പഠിക്കുകയാ, ഞാൻ മോഡൽസ്കൂളിലും. അച്ഛനു കച്ചേരിയടച്ചില്ലാ. അതുകൊണ്ടാ ഞങ്ങളെത്തന്നെ അച്ഛൻ വണ്ടി കേറി അയച്ചതു്."

ആദ്യമാദ്യം പയ്യനെ ദൂതനാക്കിയും പിന്നീടു ക്രമേണ ഞാനും പ്രേമയും നേരിട്ടും വത്തമാനം തുടങ്ങി. പാഠപുസ്തകങ്ങൾ, പഠനരീതികൾ പൊതുവേ അപ്പോഴത്തെ കാളേജ്ജീവിതം എന്നിവയെ പരാമർശിച്ച് ഞാൻ സോത്സാഹം സംസാരിച്ചു. ഞാൻ എന്റെ കലാലയജീവിതവും ഉദ്യോഗസ്വീകരണവും വിശദമായിപ്പറകയുണ്ടായി.

എന്തുകൊണ്ടോ ഞങ്ങളുടെ സംസാരം അവാച്യമായ ആനന്ദം ഞങ്ങൾക്കുണ്ടാക്കി. ഇതിനകം നമ്മുടെ 'വാസുക്കുട്ടൻ' എന്റെ സഞ്ചി കരസ്ഥമാക്കി അതിൽനിന്നും എന്റെ ചെറിയ ഫോട്ടോ എടുത്തുകഴിഞ്ഞു. "അനിയാ അതിങ്ങു കൊണ്ടുവരൂ." അവൾ അതു വാങ്ങി കുറഞ്ഞതു ഒരു കാൽ മണിക്കൂർ നോക്കി കൊണ്ടേയിരുന്നു. അതേ, അതിനുശേഷമുണ്ടായ അവളുടെ ദീർഘനിശ്വാസം എന്നെ സ്തബ്ധനാക്കി.

തീവണ്ടി കൊല്ലത്തെത്തിയെന്നും വണ്ടിയിൽനിന്നും മററുള്ളവർ പോയിട്ടും ഞങ്ങൾ ഇറങ്ങിയില്ലെന്നും അറിഞ്ഞതു ഗാർഡ്‌വന്നു് "എന്താണു നിങ്ങൾക്കു ഇറങ്ങേണ്ടേ?" എന്നു ചോദിച്ചപ്പോഴാണു്. യാത്ര പറവാൻ ഞങ്ങൾക്കു രണ്ടുപേക്കും നാവു പൊങ്ങിയില്ല.

പ്രേമേ, എന്നാൽ പോകുക. എന്നെ മറക്കുകയില്ലല്ലോ. അനിയാ വാസൂ, ചേട്ടനെ ഓമ്മിക്കണേ; അവളുടെ സാരിയുടെ തുമ്പും പിടിച്ചുകൊണ്ടു് അവൻ നിർബന്ധിച്ചു തുടങ്ങി. 'പോകാം അക്ക, ഇതാ നമ്മുടെ കാർ വന്നിരിക്കുന്നു.

അവളുടെ നയനങ്ങളിൽനിന്നും രണ്ടു നീർക്കണങ്ങൾ അടന്നു വീണതു ഞാൻ നല്ലപോലെ കണ്ടു.....................

.........................................

ഏതാണ്ടു് ഒരു പത്തുകൊല്ലം കഴിഞ്ഞിട്ടുണ്ടു്.

ഒന്നരമാസമായി ആശുപത്രിയിൽതന്നെ ഞാൻ ഭാര്യയുടെ ശുശ്രൂഷയ്ക്കായി കഴിച്ചുകൂട്ടുന്നു. അവളുടെ രോഗത്തിനൊരു കുറവും കാണുന്നില്ല. എന്റെ സ്നേഹിതന്മാർ പലരും പരസ്യമായും രഹസ്യമായും "തങ്കം മരിച്ചുപോകും. മി. രാജൻ" നിങ്ങൾ വളരെ കഷ്ടപ്പെടുന്നു എന്തു ചെയ്യാം!" എന്നു്. അയ്യോ രണ്ടോമനകുഞ്ഞുങ്ങളും, തങ്കമ്മയും— അതേ, അവൾ പോയാൽ കുഞ്ഞുങ്ങളും

അവളുടെ പിന്നാലെ തന്നെ,—ഞാൻ ഉള്ളുകൊണ്ടു കരഞ്ഞു.

അന്നത്തെ സായാഹ്നം ഒരു ശപിക്കപ്പെട്ട ഒന്നായിരുന്നു. ഞാൻ ആശുപത്രി വരാന്തയിൽ, തല കുനിച്ചു മുഖം മുട്ടുകൾക്കിടയിലാക്കി ചിന്താവിഷ്ടനായിരിക്കയായിരുന്നു.

'മി. രാജൻ,—ഹാ! അവിടുത്തെ "ഞാൻ എവിടെയെല്ലാം എങ്ങിനെയെല്ലാം തിരക്കി.

"ഹാ, പ്രേമേ, ഭവതി ഇവിടെയോ, ഇപ്പോഴോ, ഞാൻ ഭവതിയെ എത്രകാലം അന്വേഷിച്ചു." അവളുടെ മോഹനരൂപം എന്തെല്ലാം സുകുമാരസ്മരണകൾ എന്നിലുളവാക്കിയെന്നോ?!!

"ഉദ്യോഗവിവരവും, അതിനു മൻപ് മദ്രാസിൽ പഠിക്കാൻ പോയതും ഒക്കെ ഞാൻ ഒരാഴ്ചക്കു മുമ്പേയാണറിഞ്ഞത്."

"എങ്കിലും ഇന്നാണല്ലോ, അവിടത്തെ എനിക്കുകാണാനിടവന്നത്." അവളുടെ വിശാലനേത്രങ്ങളിൽ നിന്നും ധാരധാരയായി അശ്രു പ്രവഹിച്ചു. വിവരം ഞാൻ ഇന്നറിഞ്ഞു വേഗം ജോലി സ്ഥലത്തു നിന്നും വരികയാണ് ചെയ്തത്. എൻെറ ചികിത്സാപ്രയോഗം അവിടത്തെ ഭാഗ്യവതിയ്ക്കു് എന്തെങ്കിലും ആശ്വാസമുണ്ടാക്കുമോയെന്തോ?

പ്രേമേ, ആശക്കുവഴിയുണ്ടോ? ഞാൻ തുഴഞ്ഞാൽ പറയുമോ? ഞാൻ സാവേഗം ചോദിച്ചു. "അതേ! ഞാൻ അവിടുത്തോട് എങ്ങിനെ പറയും. Blood Transfusion ഒന്നു മാത്രമാണ് ഇനി നോക്കാനുള്ള ഒരു കൈ. പററിയാൽ പററി. ആരാണു രക്തം തരുന്നത്? സ്വജീവനെ ഗണിക്കാതെ മററുള്ളവരെ രക്ഷിക്കെ; അതും സ്വശരീരത്തിലെ രക്തം കുത്തിച്ചോത്ത് എടുക്കാൻ സമ്മതിക്കെ. പോരെങ്കിൽ, ഉദ്ദേശം മുന്നാഴി ചോരയാണാവശ്യം." പ്രേമ എന്നെ ദയനീയമായി നോക്കികൊണ്ടു പറഞ്ഞു. "അവിടന്നു സങ്കടപ്പെടരുതേ, ഞാൻ വഴികണ്ടിട്ടുണ്ട്. അവിടത്തെ പ്രാണ പ്രിയയ്ക്കു വേണ്ടി മരിപ്പാൻ പോലും ഞാനല്ലാതെ ആരാണു് തയ്യാറാകേണ്ടതു്? ശസ്ത്രക്രിയ നാളത്തന്നെ നടത്തണം" പ്രേമ എന്നെ താണു വീണു തൊഴുതുകൊണ്ടു് ഒന്നും പറയാതെ പോയി. —അതെ അവൾ എന്നെ ഈശ്വരനെപ്പോലെ ഭക്തിപുരസ്സരം കൈകൂപ്പിത്തൊഴുതു.

..............................................

...............തങ്കത്തിൻെറ ശസ്ത്രക്രിയ വിജയകരമായി കലാശിച്ചു. പ്രേമയ്ക്കു് രക്തനഷ്ടത്താൽ തീരെ സുഖമില്ലെന്നും പനിയാണെന്നും അതിനാൽ ഞാൻ തീച്ച്യായും അവളുടെ ബംഗ്ലാവുവരെ ഒന്നുചെല്ലണമെന്നും ഒരു കുറിപ്പു് എനിക്കുകിട്ടി.

വർണ്ണവൈവിധ്യമുള്ള പൂച്ചെടികളാലും നികുഞ്ജങ്ങളാലും നിബിഡമായിരുന്ന ആ ചെറിയ കെട്ടിടത്തിൻെറ വിശാലമായ അങ്കണം. തണുത്ത ഇളംകാററ് ആ പ്രഭാതത്തിൻെറ കുളർമയെ ഇരട്ടിച്ചു. അപ്പോഴത്തെ അന്തരീക്ഷം വളരെ ശാന്തമായിരുന്നു. ഈസിച്ചെയറിൽ ആരയോ പ്രതീക്ഷിച്ചുകിടക്കുന്ന ആ നിർജ്ജീവവിഗ്രഹം പ്രേമയാണെന്നു് എനിക്കു മനസ്സിലാകാൻ വളരെ വിഷമം തോന്നി. അവൾ നന്നെ ശോഷിച്ചു് ഏററവും അപായകരമായ നിലയിൽ ആയിത്തീന്നിരിക്കുന്നു."

അവൾ എന്നെക്കണ്ടു് എഴുനേൽക്കാൻ

ശ്രമിച്ചു. ആ ലോലവിഗ്രഹം ക്ഷീണാധിക്യത്താൽ താഴെ വീണു. അക്ഷണം ഞാൻ ആ തേജപുഞ്ജത്തെ കയ്യിൽ താങ്ങിക്കൊണ്ടു. നേരിയ വീണാനിനദം പോലെയുള്ള അവളുടെ സ്വരം വളരെ പതറിയിരുന്നു. "രാജാ! അതാ ആ കിടക്കുന്ന പുഷ്പമാല ഇങ്ങെടുത്തു തരൂ" ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു് വട്ടമേശയിൽ കിടന്നിരുന്ന പൂമാലയായിരുന്നു. അവളെ ഞാൻ അനുസരിച്ചു. വിറയ്ക്കുന്ന അവളുടെ പാണിപല്ലവങ്ങൾ ആ മാലയെടുത്തു് എന്റെ കഴുത്തിലിട്ടു. "നാഥാ! എന്നെ ഇപ്പോഴെങ്കിലും അനുഗ്രഹിക്കൂ!" അവളുടെ ഗണ്ഡങ്ങൾ എന്റെ ഉരസ്സിൽ നിക്ഷിപ്തമായി.

"എന്റെ രാജാ! പത്തുകൊല്ലത്തെ പ്രാർത്ഥനയും ദിവാസ്വപ്നവും ഇതാ എനിക്കു യഥാർത്ഥമായി പ്രതിഫലം നൽകിയിരിക്കുന്നു."

"ആജീവനാന്തം എന്റെ ആത്മാവിനു അമൃതം വർഷിച്ച അങ്ങു് എന്റെ ജീവിശ്ലേഷവും എന്നെ ഓക്കണേ!, എന്റെ ഈ ജഡം അവിടത്തെ സന്നിധാനത്തിൽ—എന്റെ ആത്മേശ്വരന്റെ കൺമുൻപിൽ—തന്നെ ഉപേക്ഷിച്ചുപോവാൻ ഇവൾക്കുള്ള അഭിവാഞ്ഛ—ഹാ! ഈ നികൃഷ്ടജഡം മണ്ണോടുമണ്ണുചേരാൻ നാലടിമണ്ണു്—അതേ—അവിടത്തെ ഭവനസമീപത്തു്"......................

ആ ഉജ്ജ്വലദീപം പൊലിഞ്ഞുപോയി! പ്രേമ പ്രേമശാന്തിയടഞ്ഞു.

ഘോരതിമിരം എന്നെ ആവരണം ചെയ്തു.

..........................................................

നിഷ്കന്മഷ പ്രേമപീഠത്തിൽ ആത്മബലിയർപ്പിച്ച ആ പാവനാത്മാവു് സ്വർണ്ണപത്രങ്ങളാന്ന നീലനീരദങ്ങൾക്കിടയിലെങ്ങാനും പറന്നുകളിക്കുന്നുണ്ടായിരിക്കണം!

# * ആ നക്ഷത്രം

അഥവാ

# എൻ്റെ കൂടപ്പിറപ്പ്.

മുത്തൂർ രാഘവൻനായർ

(കേക)

ഒരു പൊൻനക്ഷത്രമായെന്നെ നോ-
ക്കുന്നൂ വീണ്ടും
അരുമക്കൂടപ്പിറപ്പെന്നുഞാൻ ചൊല്ലീ-
ടേണ്ടു?
പാർത്തട്ടിൽ നിന്നിമ്മട്ടുകൈവിട്ട സൌ-
ഭാഗ്യത്തെ-
പ്പാർത്തുഞാൻ പേർത്തും പേർത്തുമാർത്ത-
നായ്ക്കരഞ്ഞാലോ?
..........................................................
ദിനമാമൊരുമൃത്യുവാർത്തകേട്ടുഷസ്സിങ്കൽ
ഞാനുമമ്മയുമന്നുശയ്യവിട്ടെഴുന്നേററു.
കഷ്ടമുത്തമഭിഷഗപ്പിതൌഷധമെല്ലാം
കണ്ണുനീർ തൂകിത്തൂകിച്ചാലിക്കയായീ-
ഞങ്ങൾ
അമ്മവേദനകൊള്ളും:—"ഹാ! ജലദോ-
ഷംപോലു-
മെന്മകനിന്നോളവും ബാധയായ്ത്തീന്നി-
ട്ടില്ലാ"
ഞാനുടൻവെളിവാക്കും സാന്ത്വനം:—
"അമ്മേ! ജ്യേഷ്ഠൻ
നൂനമൊരാഴ്ചയ്ക്കുള്ളിൽ സുഖമായെഴു-
ന്നേൽക്കും.
ഞങ്ങൾതൻനിരവദ്യനിസ്തുലപ്രണ-
യംതാ

ലെങ്ങനെപുലരുന്നു രോഗത്തിനല്പാ-
ശ്വാസം
സങ്കടംതാങ്ങിത്താങ്ങിക്കാണികൾ-
നിലകൊൾകെ,-
ത്തൻകരൾ കത്തിക്കത്തിമിത്രവർഗ്ഗങ്ങൾ-
കാൺകെ
കഷ്ടകാലത്തെയോർത്തെൻ മാതാവുവില-
പിക്കെ,
കഷ്ടമെൻചെറുപെങ്ങൾ നെടുവീർപ്പി-
ട്ടീടവേ,
സാന്ത്വനംതേടിത്തേടിസ്സാവധാനം-
ഞാനാത്മ-
ശാന്തിദം പഞ്ചാക്ഷരമന്ത്രമുച്ചരിക്കവേ,
ഹന്ത! മത്സഹജൻ്റെ ദേഹി ദേഹത്തെ-
മന്ദം
സന്ത്യജിച്ചുത്തുകണ്ടുകർമ്മസാക്ഷിയാം-
ദേവൻ
വാസവദിഗാനനപങ്കജം വാടീ, സൌമ്യ-
വാസരം വീണ്ടുംവീണ്ടും രോദനംചെയ്തു,-
ചിത്രം!
നഷ്ടമായ്പ്പോയീകഷ്ടം! മാതൃസംഭൃത-
പുണ്യം-
ക്ലിഷ്ടമായ്ത്തീന്നു മമ ജീവിതസാന്ദ്രാനന്ദം
ചോടററുമറിഞ്ഞിരുൾ തൻമാടത്തിൻ
മദ്ധ്യസ്ഥൂണം.

കേടെഴാതടിപ്പെട്ടു ദേശത്തിൻ ജയബീജം
നിർമ്മലപ്രണയാർദ്രരമ്യമാമൊരു മുഗ്ദ്ധ-
സുസ്മിതം പോലാശ്ശുഭജീവിതം കളിയാടി
രാഗശീതളശോഭാകന്ദളപ്രഗളിത–
രാജിതകാല്യംപോലാ ജീവിതം വിളയാടി
മഞ്ജുളമരീചികൾ മൌക്തികപ്രഭപൂശ്ശും
മഞ്ജുനീർക്കണം പോലാജീവിതം നട–
മാടി.
ക്രൂരമായ് ക്രുടിത്തുള്ളും ക്രൂരിതാംപ്പടകളിൽ
ത്വിട്ടെഴും മിന്നൽപോലാജീവിതം–
രണമാടി
ക്ഷതപുണ്യത്തിൻഫലമാണുമന്മനസ്സേ!–
നിൻ
ക്ഷണികാനന്ദം മങ്ങിമാഞ്ഞുപോയ്.
മറഞ്ഞുപോയ്.
കരയാതിനി വാഴാൻ കഴിവില്ലെ–
നിക്കെൻറ
കരളിൽ വിധിവീണ്ടും നാരാചം–
തറയ്ക്കയാൽ.
കണ്ണുനീരായും നെടുവീർപ്പുകളായും മമ–
കക്ശഖേദത്തിൻെറ ഭാരമൊട്ടൊഴിയട്ടേ.
താരകൾ പൊലിയുമ്പോൾ പുഞ്ചിരി–
ചൊരിയാം, പൊൽ–
ത്താരുകൾ തളരുമ്പോൾ ഹർഷഗീതി–
കൾ പാടാം.
സുപ്രഭാതങ്ങൾ മാഞ്ഞാൽ നൃത്തവു–
മാടാം, പക്ഷേ,
സ്വപ്രാണൻ വെടിയുമ്പോഴാരു താനാ–
നന്ദിപ്പു.
എന്തിനാണണഞ്ഞതെൻ സ്നേഹദീ–
പികേ നീയു–
മെന്തിനാണൊളിപ്പതെൻ ഹർഷതല്ല–
ജമേ! നീ
നശ്വരാതിശയങ്ങൾ ദുർവ്വിധേ! നിൻ–
ജാലങ്ങൾ
വിശ്വസിക്കുവാൻവേറേ വിശ്വമൊന്നു–
ണ്ടാവേണം!
ഖേദമീല്ലൊരുകാലമാർക്കുമാമര–
ണത്തിൻ
വേദന നുകരാതെ കഴിവില്ലെന്നോർക്കു–
മ്പോൾ,
എന്നാലും മറയ്ക്കുമോ വിസ്മൃതി?–
മന്നിൽനിന്നു–
മെന്നേക്കുമായിപ്പോയ നിർമ്മല സൌ–
ഭ്രാത്രത്തെ!
സർവ്വവും സഹിക്കാം ഞാൻഭാഗ്യഹീന–
നായേവം
ഉർവ്വിയിൽപ്പിറന്നല്ലോ മായതൻമടിത്ത–
ട്ടിൽ?
ഹന്തഞാനൊരു ഭോഷൻ ഉള്ളതുണ്ടെ–
ന്നോർക്കാതെ–
സന്തതമില്ലാത്തതുണ്ടെന്നോർത്തുവലയുന്നു
അല്ലഞാൻ മഹാപാപി ദൈവത്തെ–
യോർക്കാതേതു
മില്ലാത്ത പദാർത്ഥത്തെ സ്നേഹിപ്പാനൊ–
നൊരുങ്ങുന്നു.
പോകുമോ ഭ്രതസ്മൃതി? ഭക്തിതൻപദം
പുൽകി
നാംകേഴിച്ചിരുന്നെങ്കിൽവിജയം വരിച്ചു
ഞാൻ.
വിശ്വാധിനാഥാന്തികം പൂകേണ്ട–
മാർഗ്ഗം കാട്ടാൻ
വശ്യവിശ്വനാം ശ്രേഷ്ഠാചാര്യനെന്നു
ണ്ടാകുമോ?

* എൻെറ ജ്യേഷ്ഠസഹോദരൻെറ **അകാലദേഹവിയോഗത്തിൽ!**............